

''നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ''
*ഉല്പ. 41:55*

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത


സ്ഥാപിതം: മെയ് 20,1887

**വാല്യം 90 ലക്കം 04 ഒക്ടോബർ 2017**

ഉള്ളടക്കം


മാർപാപ്പായുടെ സന്ദേശം (ലോക മിഷൻ ഞായർ) ............ 9
സർക്കുലർ (17 Ch. 181-256) .................................... 14
സർക്കുലർ (17 Ch. 182-257) .................................... 17
സർക്കുലർ (17 Ch. 183-258) .................................... 23
സർക്കുലർ (Ref: 3042/K-5/KCBC/OL/DS R) ................ 28
കച്ചേരിക്കാര്യം ............................................................ 34
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി ........................... 36
പ്രവാസി അപ്പോസ്തലേറ്റ് ............................................ 37
പാസ്റ്ററൽ കൗൺസിൽ ................................................. 38
സന്ദേശനിലയം ........................................................... 39
ചെറുപുഷ്പ മിഷൻലീഗ് .............................................. 42
ഫാമിലി അപ്പോസ്റ്റലേറ്റ്. ................................................ 46
യുവദീപ്തി .................................................................. 49
കെ.സി.എസ്.എൽ. ..................................................... 51
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........... 52
CRI വാർത്തകൾ ........................................................ 54
ആത്മതാകേന്ദ്രം ......................................................... 55
ചാസ് ........................................................................... 57
ചാരിറ്റി വേൾഡ് ട്രസ്റ്റ് .................................................. 65
ദലിത് കത്തോലിക്കാ മഹാജനസഭ ............................... 67
വിൻസെൻഷ്യൻ വേദി ................................................. 68
ഫ്രാൻസിസ്കൻ അല്മായസഭ ...................................... 69
ആവേമരിയ ................................................................ 73
പൗരോഹിത്യ ആദ്ധ്യാത്മികത ........................................ 75
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ................................ 81
*Engagements*. ............................................................ 86



Annual Subscription: Rs. 120/-



*ARCHBISHOP'S HOUSE*
*P.B. No. 20, CHANGANACHERRY - 686 101*
*Tel: 0481 - 2420040, 2420379, 2420614*
*Fax: 2422540 E-mail: bpjperumthottam@yahoo.co.in*
*Website: www.archdiocesechanganacherry.org*

# 48–ാം ചരമവാർഷികം



## ദൈവദാസൻ
## മാർ മാത്യു കാവുകാട്ട് പിതാവ്

**ഒക്ടോബർ 9, 2017**

# 68–ാം ചരമവാർഷികം




### ഭാഗ്യസ്മരണാർഹനായ

## അഭിവന്ദ്യ മാർ ജെയിംസ് കാളാശ്ശേരി പിതാവ്


## ഒക്ടോബർ 27, 2017

# പ്രാർത്ഥനാശംസകൾ!



**സീറോമലബാർ സഭയുടെ കൂരിയാ മെത്രാനായി നിയുക്തനായ**
**കാഞ്ഞിരപ്പള്ളി രൂപതാംഗമായ**
**അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിന്**
**ചങ്ങനാശേരി അതിരൂപതാ കുടുംബത്തിന്റെ**
**പ്രാർത്ഥനാശംസകൾ!**

**മെത്രാഭിഷേകം നവംബർ 12, 2017 ന്**
**കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കത്തീഡ്രൽ ദൈവാലയത്തിൽ**



തൃശ്ശൂർ അതിരൂപതയുടെ സഹായമെത്രാനായി
തെരഞ്ഞെടുക്കപ്പെട്ട നിയുക്ത
**മാർ ടോണി നീലങ്കാവിൽ പിതാവിന്**
**പ്രാർത്ഥനാശംകൾ**



തലശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി
തെരഞ്ഞെടുക്കപ്പെട്ട നിയുക്ത
**മാർ ജോസഫ് പാംപ്ലാനി പിതാവിന്**
**പ്രാർത്ഥനാശംകൾ**

Ref: 3036/K-5/KCBC/OL/DS 16.9.2017

# ലോകമിഷൻ ദിനസന്ദേശം - 2017

## *പ്രേഷിതത്വം ക്രൈസ്തവ വിശ്വാസത്തിന്റെ ഹൃദയത്തിൽ*

## ഫ്രാൻസിസ് മാർപാപ്പാ

പ്രിയ സഹോദരീസഹോദരന്മാരേ,

ഒരിക്കൽക്കൂടി ഈ വർഷം ലോകമിഷൻ ദിനം ആദ്യത്തെ ഏറ്റവും വലിയ സുവിശേഷ പ്രഘോഷകനായ ഈശോയുടെ ചുറ്റും നമ്മെ സമ്മേളിപ്പിക്കുന്നു (പോൾ VI, എവാഞ്ചെലീ നൂൺസ്യാന്തി, 7) അവിടന്ന് സുവിശേഷം പ്രഘോഷിക്കാൻ നമ്മെ നിരന്തരം അയയ്ക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവത്തിനുള്ള സ്നേഹത്തിന്റെ സുവിശേഷം പ്രഘോഷിക്കാനാണ് അയയ്ക്കുന്നത്. ക്രൈസ്തവവിശ്വാസത്തിന്റെ ഹൃദയത്തിലുള്ള പ്രേഷിതത്വത്തെക്കുറിച്ച് വീണ്ടും ചിന്തിക്കാൻ ഈ ദിവസം നമ്മെ ക്ഷണിക്കുന്നു. സഭ പ്രകൃത്യാ മിഷണറിയാണ്. അങ്ങനെയല്ലെങ്കിൽ അവൾക്ക് മിശിഹായുടെ സഭയാകാൻ സാധിക്കുകയില്ല. വേഗത്തിൽ സ്വന്തം ലക്ഷ്യത്തിനായി അധ്വാനിച്ചിട്ട് കടന്നുപോകുന്ന മറ്റ് അനേകരെപ്പോലെയായിത്തീരും. അതുകൊണ്ട് വിശ്വാസികളെന്ന നിലയിൽ നമ്മുടെ ക്രൈസ്തവ തനിമയെയും ഉത്തരവാദിത്വത്തെയും കുറിച്ച് നമ്മോടു തന്നെ ചില ചോദ്യങ്ങൾ ചോദിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ആശയകുഴപ്പവും നിരാശയും മോഹഭംഗവുമുള്ള ഒരു ലോകത്തിലാണ് സഹോദരങ്ങളെ കൊന്നൊടുക്കുന്ന, നിഷ്കളങ്കരെ അന്യായമായി കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നടക്കുന്ന ഒരു ലോകത്താണല്ലോ നാം ജീവിക്കുന്നത്? നമ്മുടെ പ്രേഷിതത്വത്തിന്റെ അടിസ്ഥാനം എന്താണ്? നമ്മുടെ പ്രേഷിതത്വത്തിന്റെ ഹൃദയം എന്താണ്? നമ്മുടെ പ്രേഷിതത്വം നിർവഹിക്കാൻ എന്തെല്ലാം മൗലികസമീപനങ്ങളാണ് നമ്മൾ സ്വീകരിക്കേണ്ടത്?

### വഴിയും സത്യവും ജീവനുമായ സുവിശേഷത്തിനുള്ള പരിവർത്തനാത്മക ശക്തിയും പ്രേഷിതപ്രവർത്തനവും

1. സന്മനസ്സുള്ള സർവ സ്ത്രീപുരുഷന്മാരെയും ലക്ഷ്യം വയ്ക്കുന്ന സഭയുടെ പ്രേഷിതപ്രവർത്തനം സുവിശേഷത്തിന്റെ പരിവർത്തനദായകമായ ശക്തിയിലാണ് അടിയുറപ്പിച്ചിരിക്കുന്നത്. സുവിശേഷം സംക്രമണപരമായ സന്തോഷം കൊണ്ടു നിറഞ്ഞ സദ്വാർത്തയാണ്. എന്തെന്നാൽ അതു നവജീവിതത്തെ ഉൾക്കൊള്ളുകയും നല്കുകയും ചെയ്യുന്നു. തന്റെ ജീവദായകമായ ആത്മാവിനെ വർഷിക്കുന്ന ഉത്ഥിതനായ മിശിഹായുടെ ജീവിതം നമുക്ക് വഴിയും സത്യവും ജീവനുമായിത്തീരുന്നു (cf യോഹ 14:6). ആത്മവിശ്വാസത്തോടും ധീരതയോടും കൂടി തന്നെ അനുഗമിക്കാൻ ക്ഷണിക്കുന്ന വഴിയാണ് അവിടന്ന്. നമ്മുടെ വഴിയെന്ന നിലയിൽ നാം മിശിഹായെ അനുഗമിക്കുമ്പോൾ നാം

സത്യം അനുഭവിച്ചറിയുന്നു. അവിടത്തെ ജീവൻ സ്വീകരിക്കുകയും ചെയ്യുന്നു. ആ ജീവനാകട്ടെ പിതാവായ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവവുമായി പൂർണസംസർഗമാണ്. ആ ജീവിതം നമ്മെ എല്ലാത്തരം സ്വാർത്ഥതയിൽ നിന്നും സ്വതന്ത്രരാക്കുന്നു. അത് സ്നേഹത്തിലുള്ള സർഗശക്തിയുടെ ഉറവിടവുമാണ്.

2. പിതാവായ ദൈവം തന്റെ പുത്രീപുത്രന്മാരുടെ അസ്തിത്വപരമായ ഈ പരിവർത്തനം ആഗ്രഹിക്കുന്നു. ചൈതന്യത്തിലും സത്യത്തിലുമുള്ള ആരാധനയിൽ പ്രകാശനം കണ്ടെത്തുന്ന പരിവർത്തനമാണത് (cf യോഹ 4:23-24). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതും പുത്രനായ ഈശോയെ അനുഗമിക്കുന്നതുമായ പരിവർത്തനമാണത്. "ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ മഹത്ത്വം" (ഇറനേവൂസ്, ശീശ്മകൾക്കെതിരേ, IV, 20, 7) അങ്ങനെ സുവിശേഷപ്രഘോഷണം അത് പ്രഘോഷിക്കുന്നത് നിവൃത്തിയാക്കുന്ന സജീവവും കാര്യക്ഷമവുമായ വാക്കായിത്തീരുന്നു (cf ഏശ 55:10-11): ഓരോ മാനുഷിക സാഹചര്യത്തിലും സ്ഥിരം ശരീരം സ്വീകരിക്കുന്ന ഈശോമിശിഹായെ (cf യോഹ 1:14).

**പ്രേഷിതത്വവും മിശിഹായുടെ കൈറോസും**

3. അതുകൊണ്ട് സഭയുടെ പ്രേഷിതത്വം ഒരു മതാത്മക പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ളതല്ല. ഉന്നതമായ ഒരു ധാർമിക പ്രബോധനം നിർദേശിക്കാനുള്ളതുമല്ല. ലോകത്തെങ്ങുമുള്ള അനേകം പ്രസ്ഥാനങ്ങൾ അർത്ഥപൂർണമായ ജീവിതം നയിക്കാൻ ശ്രേഷ്ഠമായ ആദർശങ്ങൾ അഥവാ മാർഗങ്ങൾ പ്രചോദിപ്പിക്കുന്നുണ്ട്. സഭയുടെ പ്രേഷിതത്വത്തിലൂടെ ഈശോമിശിഹാ തന്നെ സുവിശേഷവത്കരണവും പ്രവർത്തനവും തുടരുന്നു. അങ്ങനെ സഭയുടെ പ്രേഷിതത്വം കൈറോസിനെ-രക്ഷയുടെ അനുകൂലമായ സമയത്തെ ഈ ചരിത്രത്തിൽ സന്നിഹിതമാക്കുന്നു. ഉത്ഥിതനായ മിശിഹാ സുവിശേഷപ്രഘോഷണം വഴി നമ്മുടെ സമകാലീകനായിത്തീരുന്നു. അങ്ങനെ വിശ്വാസത്തോടും സ്നേഹത്തോടും കൂടി അവിടത്തെ സ്വാഗതം ചെയ്യുന്നവർക്ക് പരിശുദ്ധാത്മാവിന്റെ പരിവർത്തനദായകമായ ശക്തി അനുഭവിക്കാൻ കഴിയും. പരിശുദ്ധാത്മാവാണ് മനുഷ്യവംശത്തെയും സൃഷ്ടിയെയും ഫലപുഷ്ടമാക്കുന്നത് മഴ ഭൂമിയെ എന്നപോലെ തന്നെ. "അവിടത്തെ ഉത്ഥാനം ഒരു ഭൂതകാല സംഭവമല്ല. അതിനു സജീവമായ ഒരു ശക്തിയുണ്ട്. ആ ശക്തി ഭൂമിയിൽ വ്യാപിച്ചിരിക്കുന്നു. എല്ലാവരും മൃതരായി തോന്നിക്കുമ്പോൾ പെട്ടെന്ന് ഉത്ഥാനത്തിന്റെ അടയാളങ്ങൾ ഉദ്ഭവിക്കുന്നു. അത് തടയാനാവാത്ത ശക്തിയാണ്" (*എവാഞ്ചെലീ നൂൺസ്യാന്തി* 276).

4. നമുക്ക് ഒരു വസ്തുത മറക്കാതിരിക്കാം. അതായത് "ക്രൈസ്തവനായിരിക്കുകയെന്നത് ഒരു ധാർമിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവത്തെ, ഒരു വ്യക്തിയെ കണ്ടുമുട്ടുന്നതിന്റെ ഫലമാണ്. അതു ജീവിതത്തിന് ഒരു പുതിയ ചക്രവാളവും നിർണായ

മായ മാർഗനിർദേശവും തരുന്നു" ബെനഡിക്റ്റ് 16-ാമൻ, *ദേവൂസ് കാരിത്താസ് എസ്ത്*, 1). സുവിശേഷം ഒരു വ്യക്തിയാണ്. അവിടന്ന് അവിടത്തെ സ്വീകരിക്കുന്നവർക്ക് സ്വയം സമർപ്പിക്കുന്നു. വിനീതവും തീവ്രവുമായ വിശ്വാസത്തോടെ അവിടത്തെ സ്വീകരിക്കുന്നവരെ, തന്റെ ജീവിതത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പെസഹാ രഹസ്യത്തിൽ കാര്യക്ഷമമായി പങ്ക് ചേരുന്നതിന് തന്നെ സ്വീകരിക്കുന്നവരെ, സ്ഥിരം ക്ഷണിക്കുകയും ചെയ്യുന്നു.

മാമ്മോദീസയിലൂടെ സുവിശേഷം നവജീവന്റെ ഉറവിടമായിത്തീരുന്നു. പാപത്തിന്റെ ആധിപത്യത്തിൽ നിന്നു സ്വതന്ത്രമാക്കപ്പെടുന്ന പരിശുദ്ധാത്മാവിനാൽ പ്രകാശിതവും പരിവർത്തിതവുമായിത്തീരുന്നു. സ്ഥൈര്യലേപനത്തിലൂടെ അതേ ആത്മാവിലൂടെ അത് സംരക്ഷണപരമായ ഒരു ലേപനമായിത്തീരുന്നു. അത് സാക്ഷ്യത്തിനും സഹഗമനത്തിനും വേണ്ടിയുള്ള പുതിയ മാർഗങ്ങളും തന്ത്രങ്ങളും ചൂണ്ടിക്കാണിക്കുന്നു. ദിവ്യകാരുണ്യത്തിലൂടെ അത് പുതിയ ജീവനുവേണ്ടിയുള്ള ഭക്ഷണമായിത്തീരുന്നു. അത് "അമർത്ത്യതയുടെ ഔഷധമാണ്" (അന്തോക്യയിലെ ഇഗ്നേഷ്യസ്, എഫേസ്യർക്ക് 20, 2).

5. ഈശോമിശിഹായുടെ സുവിശേഷം ലോകത്തിനു ജീവപരമായ ആവശ്യമാണ്. ഈശോമിശിഹാ സഭയിലൂടെ നല്ല സമറായന്റെ ദൗത്യം തുടരുന്നു. മനുഷ്യവംശത്തിന്റെ ചോരയൊലിക്കുന്ന മുറിവുകൾ വച്ചുകെട്ടുന്ന നല്ല ഇടയനെന്ന നിലയിൽ, ഒരിടത്തേക്കും എത്തിക്കാത്ത വളഞ്ഞ വഴികളിലൂടെ അലഞ്ഞു തിരിയുന്നവരെ സ്ഥിരം അന്വേഷിക്കുന്നു. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി ശ്രദ്ധേയമായ പല അനുഭവങ്ങൾക്കും സാക്ഷ്യം വഹിക്കുന്നുണ്ട്. ദൈവത്തിനു നന്ദി. നൂവെർ ഗോത്രത്തിലെ ഒരു ശത്രു കൊല്ലാൻ തുടങ്ങുന്ന ഒരു വിദ്യാർത്ഥിയെ ദിങ്കവംശത്തിലെ ഒരു വിദ്യാർത്ഥി ജീവൻ പണയം വച്ചു രക്ഷിക്കാൻ ശ്രമിച്ച സംഭവം ഞാൻ ഓർമ്മിക്കുന്നു. വടക്കേ ഉഗാണ്ടയിലെ ഒരു ദിവ്യാകാരുണ്യാഘോഷം ഞാൻ ഓർമ്മിക്കുന്നു. അവിടെ ഒരു എതിർഗ്രൂപ്പുകാർ ഏറെപ്പേരെ മൃഗീയമായി കൊന്നൊടുക്കി. അപ്പോൾ ഒരു മിഷണറി കുരിശിൽക്കിടന്ന മിശിഹായുടെ വാക്കുകൾ ആവർത്തിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു: "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?" ക്രൂശിതനായ മിശിഹായുടെ സഹോദരീസഹോദരന്മാരുടെ വിലാപത്തിന്റെ പ്രകാശനമെന്ന നിലയിൽ അങ്ങനെ ആവർത്തിച്ചു. ജനങ്ങൾക്ക് ആ ആഘോഷം ആശ്വാസത്തിന്റെയും ധീരതയുടെയും അളവറ്റ ഉറവിടമായിരുന്നു. സുവിശേഷം എങ്ങനെ ഇടുങ്ങിയ മനോഭാവത്തെയും, സംഘർഷത്തെയും വംശീയവാദത്തെയും ഗോത്രവാദത്തെയും കീഴടക്കാൻ സഹായിക്കുന്നുവെന്നതിന്റെ അസംഖ്യം തെളിവുകളെ കൂടി നാം ഓർമ്മിക്കുന്നു. എല്ലായിടത്തും എല്ലാവരുടെയിടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും എങ്ങനെ വർധിപ്പിക്കുന്നുവെന്നും ഞാൻ ഓർമ്മിക്കുന്നു.

## പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെയും തീർത്ഥാടനത്തിന്റെയും വിപ്രവാസത്തിന്റെയും അധ്യാത്മികതയെ പ്രചോദിപ്പിക്കുന്നു

6. സഭയുടെ പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെ ആധ്യാത്മികതയാൽ സജീവ

മാക്കപ്പെടുന്നു. "സുവിശേഷത്തിന്റെ പ്രകാശം ആവശ്യമായിരിക്കുന്ന എല്ലാ അതിരുകളിലേക്കും എത്തിച്ചേരാൻവേണ്ടി നമ്മുടെ സുഖവാസത്തിന്റെ മേഖല വിട്ടുപോകാൻ" (*എവാഞ്ചെലീ നൂൻസ്യാന്തി,* 20) നാം വെല്ലുവിളിക്കപ്പെടുന്നു. സഭയുടെ പ്രേഷിതത്വം നമ്മെ ജീവിതത്തിന്റെ വിവിധ മരുഭൂമികളിലേക്ക് സ്ഥിരം സഞ്ചരിക്കാൻ നിർബന്ധിക്കുന്നു. വിശപ്പിന്റെയും ദാഹത്തിന്റെയും അനുഭവങ്ങളിലൂടെ സത്യത്തിനും നീതിക്കുംവേണ്ടി സഞ്ചരിക്കാൻ തന്നെ. സഭയുടെ പ്രേഷിതത്വം അനന്തതയ്ക്കായുള്ള ദാഹത്തിൽ സ്ഥിരമായ വിപ്രവാസത്തിന്റെ ബോധം നമ്മിൽ ഉണർത്തുന്നു. നാം വിപ്രവാസികളാണെന്ന ബോധം ഉണർത്തുന്നു. നാം നമ്മുടെ അന്തിമഭവനത്തിലേക്ക് യാത്ര ചെയ്യുന്ന വിപ്രവാസികളാണ്. സ്വർഗരാജ്യത്തിന്റെ സംഭവിച്ചുകഴിഞ്ഞ ഇനിയും സംഭവിച്ചില്ലെന്ന അവസ്ഥകൾക്കിടയിൽ സഞ്ചരിക്കാൻ തന്നെ.

7. സഭ തന്നിൽത്തന്നെ ഒരു ലക്ഷ്യമല്ല എന്ന് സഭയുടെ പ്രേഷിതത്വം നമ്മെ ഓർമ്മിപ്പിക്കുന്നു. സഭ ദൈവരാജ്യത്തിന്റെ വിനീതമായ ഒരു ഉപകരണവും മധ്യവർത്തിത്വവുമാണെന്നു ഓർമ്മിപ്പിക്കുന്നു. സ്വയം പരാമർശിക്കുന്ന ഭൗമിക വിജയംകൊണ്ടു തൃപ്തിയടയുന്ന ഒരു സഭ മിശിഹായുടെ സഭയല്ല അവിടത്തെ ക്രൂശിതവും മഹത്ത്വപൂർണവുമായ ശരീരത്തിന്റേതല്ല. അതുകൊണ്ടാണ് "തെരുവുകളിലായിരുന്നതുകൊണ്ട് മുറിവേറ്റ സഭയെ വേദനിപ്പിക്കുന്നതും മാലിന്യമുള്ളതുമായ സഭയെ സ്വയം അടച്ചുപൂട്ടിയിരിക്കുന്നു. സ്വന്തം രക്ഷയോടു ഒട്ടിച്ചേർന്നിരിക്കുന്ന സഭയെ എന്നതിനെക്കാൾ കൂടുതലായി നാം ഇഷ്ടപ്പെടുന്നത് (അവിടെത്തന്നെ, 49).

## യുവജനം പ്രേഷിതത്വത്തിന്റെ പ്രത്യാശ

8. യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. ഈശോമിശിഹാ എന്ന വ്യക്തിയും അവിടുന്ന് പ്രഘോഷിച്ച സദ്വാർത്തയും അനേകം യുവജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യവംശത്തിനു സേവനം ചെയ്യാൻ ധീരതയും ആവേശവും ഉള്ളവരാകുവാൻ വേണ്ട മാർഗങ്ങൾ അവർ അന്വേഷിക്കുന്നു. "ലോകത്തിലെ തിന്മകളെ നേരിടാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ധാരാളം യുവതീയുവാക്കളുണ്ട്. അവർ സുധീരമായ സേവനത്തിന്റെ വിവിധ വഴികളിൽ വ്യാപരിക്കുന്നു...യുവജനം തെരുവീഥികളിൽ വചനപ്രഘോഷകരായിരിക്കുന്നതു കാണുക എത്ര സുന്ദരമാണ്! അവർ സന്തോഷപൂർവം ഓരോ തെരുവിലും ഓരോ ടൗൺ ചത്വരത്തിലും ഭൂമിയുടെ ഓരോ കോണിലും അവർ ഈശോയെ സന്തോഷപൂർവം അവതരിപ്പിക്കുന്നു." (അവിടെത്തന്നെ 106) അടുത്ത മെത്രാന്മാരുടെ സിനഡിന്റെ സാധാരണ പൊതു സമ്മേളനം 2018-ൽ നടക്കും. അതിന്റെ പ്രമേയം *യുവജനം, വിശ്വാസവും, വിളിപരമായ തിരിച്ചറിയലും* എന്നാണ്. അത് ദൈവനിശ്ചിതമായ ഒരു അവസരമാണ്. പ്രേഷിതത്വത്തിന്റെ ഉത്തരവാദിത്വത്തിൽ യുവജനങ്ങളെ അത് ഉൾപ്പെടുത്തും. പ്രേഷിതത്വത്തിന് അവരുടെ ഭാവനാശക്തിയും സർഗാത്മകതയും ആവശ്യമാണ്.

**പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളുടെ സേവനം**

9. എല്ലാവരോടും സുവിശേഷം പ്രഘോഷിക്കാൻവേണ്ടി സ്വന്തം അതിരുകളും സ്വന്തം സുരക്ഷിതത്വവും വിട്ട് അകലേക്കു പോകാനുള്ള ഒരു ആഗ്രഹം ഓരോ ക്രൈസ്തവസമൂഹത്തിലും ഉണർത്തുവാനുള്ള അമൂല്യങ്ങളായ മാർഗങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അവയ്ക്ക് നിരന്തരം പോഷിപ്പിക്കുന്ന അഗാധമായ ആധ്യാത്മികതയുണ്ട്. പ്രേഷിതത്വബോധവും ആവേശവും ജനിപ്പിക്കുന്ന സ്ഥിരം സമർപ്പണവുമുണ്ട്. അതിന്റെ സഹായത്താൽ യുവജനങ്ങളും മുതിർന്നവരും കുടുംബങ്ങളും വൈദികരും മെത്രാന്മാരും സന്ന്യാസിനീസന്ന്യാസികളും എല്ലാവരുടെയും ഹൃദയത്തിൽ പ്രേഷിതത്വ ചൈതന്യം വികസിപ്പിക്കുന്നു. വിശ്വാസ പ്രചരണസംഘം നിർദേശിക്കുന്ന ലോകമിഷൻ ദിനം നല്ലൊരവസരമാണ്. ക്രൈസ്തസമൂഹങ്ങളിൽ പ്രാർത്ഥനയിലും ജീവിതസാക്ഷ്യത്തിലും സമ്പത്തിന്റെ പങ്കുവയ്ക്കലിലും സഹകരിക്കാൻ വേണ്ട പ്രേഷിതത്വ ചൈതന്യത്തെ ഉണർത്തുന്നുണ്ട്. സുവിശേഷവത്കരണത്തിന്റെ വിശാലവും നിർബന്ധപൂർവകവുമായ ആവശ്യങ്ങൾക്ക് ചേർന്നവിധം പ്രവർത്തിക്കാൻ തന്നെ.

**സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തോടൊപ്പം നമ്മുടെ പ്രേഷിതത്വ നിർവഹണം**

10. പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ ദൗത്യനിർവഹണത്തിൽ, സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തിൽ നിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അവൾ തന്റെ വിനീതമായ വിശ്വാസത്തിന്റെ അഗാധതയിൽ ദിവ്യവചനത്തെ സ്വാഗതം ചെയ്തു. നമ്മുടെ കാലഘട്ടത്തിൽ ഈശോയുടെ സദ്വാർത്ത പ്രതിധ്വനിക്കുക അത്യാവശ്യമാണ്. ആ ആവശ്യം അറിഞ്ഞുകൊണ്ട് "ഞാൻ സമ്മതിക്കുന്നു" എന്നു പറയാൻ കന്യകാമറിയം നമ്മെ സഹായിക്കട്ടെ. മരണത്തിൻമേൽ വിജയം വരിക്കുന്ന സദ്വാർത്ത എല്ലാവരിലും എത്തിക്കാൻ നവീകൃത തീക്ഷ്ണതയുണ്ടാകാൻ അവൾ സഹായിക്കട്ടെ. അവൾ നമുക്കുവേണ്ടി മാധ്യസ്ഥ്യം യാചിക്കട്ടെ. ഓരോ സ്ത്രീയും പുരുഷനും രക്ഷയുടെ ദാനം എത്തിച്ചു കൊടുക്കാനുള്ള പുതിയ വഴികൾ കണ്ടെത്താൻ ആവശ്യമായ വിശുദ്ധ ധീരത സമ്പാദിക്കാൻ അങ്ങനെ സാധിക്കട്ടെ.

വത്തിക്കാനിൽ നിന്ന് 4 ജൂൺ 2017, പെന്തക്കൂസ്താ തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

---

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

സർക്കുലർ *17 Ch. 181-256*

## നാശം വിതയ്ക്കുന്ന മദ്യവിപത്തും മനുഷ്യക്ഷേമ വിരുദ്ധമായ മദ്യനയവും

പ്രിയബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദര ന്മാരേ,

മദ്യം വ്യക്തികളിലും കുടുംബങ്ങളിലും സമൂഹത്തിൽ പൊതുവെയും ഉളവാക്കുന്ന നാശനഷ്ടങ്ങളെക്കുറിച്ചും അതുമൂലം ഉണ്ടാകുന്ന ഭാവി പ്രത്യാഘാതങ്ങളെക്കുറിച്ചുമുള്ള ചിന്തകളാണ് ഇങ്ങനെയൊരു സർക്കു ലർ എഴുതാൻ എന്നെ പ്രചോദിപ്പിച്ചത്. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ഉണർന്നു പ്രവർത്തിക്കാൻ ഈശോതന്നെ നമ്മെ ആഹ്വാനം ചെയ്തിട്ടുണ്ട്. സമൂഹത്തിനും നാടിനും നാനാവിധത്തിൽ അധഃപതനം ഉളവാക്കുന്ന കാര്യങ്ങൾ സംഭവിക്കുമ്പോൾ നിസ്സംഗത പുലർത്തുന്നത് കൃത്യവിലോപമാണ്, കുറ്റകരമായ അനാസ്ഥയാണ്. ദൈവമക്കൾക്ക് സഭ മാതാവും ഗുരുനാഥയുമാണ്. സാഹചര്യങ്ങൾ വിലയിരുത്തി ശരിയായ കാര്യങ്ങൾ പഠിപ്പിക്കാനും തെറ്റു തിരുത്താനും സത്യത്തിന്റെ വഴി കാണി ച്ചുകൊടുക്കാനും സഭയ്ക്കധികാരവും ചുമതലയുമുണ്ട്. അങ്ങനെയൊരു ഗൗരവമായ സാഹചര്യം ഇപ്പോഴുണ്ട് എന്നു ഞാൻ കരുതുന്നു.

മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ നന്മയാണ് എല്ലാ മനു ഷ്യപ്രയത്നങ്ങളും സംവിധാനങ്ങളും ലക്ഷ്യം വയ്ക്കുന്നത്. രാഷ്ട്രീയാ ധികാരത്തിന്റെയും ആത്യന്തികലക്ഷ്യം അതുതന്നെയാണ്. ഒരു ജനാധി പത്യ രാജ്യത്ത് ഭരണാധികാരികളെ ജനങ്ങൾ തിരഞ്ഞെടുക്കുന്നത് ജന ക്ഷേമത്തിനുവേണ്ടി അധികാരം വിനിയോഗിക്കാനാണ്. നാനാവിധത്തിൽ ജനക്ഷേമം തകിടം മറിക്കുകയും മനുഷ്യാദ്ധ്വാനത്തെ നിഷ്ഫലമാക്കു കയും ചെയ്യുന്ന ഒരു വിപത്താണ് മദ്യവും ലഹരിയുമെന്നും മദ്യാസക്തി ഒരു രോഗാവസ്ഥയാണെന്നും അനുഭവങ്ങളിലൂടെ നാം മനസ്സിലാക്കുന്ന കാര്യമാണ്.

നാടിന്റെ പുരോഗതിക്കും ജനങ്ങളുടെ ഐശ്വര്യത്തിനും അടിസ്ഥാന മായിരിക്കുന്നത് നന്നായി ചിന്തിക്കുകയും ബുദ്ധിപൂർവ്വം തീരുമാനമെടു ക്കുകയും വിവേകത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യരാണ്. ശരിയായ നീതിനിഷ്ഠയും ലക്ഷ്യബോധവും അദ്ധ്വാനശീലവും ധാർമ്മിക നിലപാടുമുള്ള മനുഷ്യനാണ് രാജ്യത്തിന്റെ ഏറ്റവും മഹത്തായ വിഭവം.

മറ്റെല്ലാ വിഭവങ്ങളും നല്ല ഫലം പുറപ്പെടുവിക്കുന്നത് മനുഷ്യൻ അവയെ ശരിയായി ഉപയോഗപ്പെടുത്തുമ്പോഴാണ്. മനുഷ്യൻ എന്ന വിഭവത്തെ ത്തന്നെ താറുമാറാക്കുന്നതും നശിപ്പിക്കുന്നതുമാണ് മദ്യവും ലഹരിയും. ഒരു ക്ഷേമസമൂഹം കെട്ടിപ്പടുക്കേണ്ട മനുഷ്യവിഭവത്തെ നിർവീര്യമാക്കുന്ന മദ്യം എന്ന വിപത്തിന് മനുഷ്യൻ അടിമപ്പെടാതിരിക്കാൻ മനുഷ്യനന്മ ആഗ്രഹിക്കുന്നവരെല്ലാവരും, ജനങ്ങളും ഭരണകർത്താക്കളും, ജാഗ്രതയോടെ പ്രവർത്തിച്ചേ തീരൂ. കൊള്ളയ്ക്കും കൊലപാതകത്തിനും, അക്രമത്തിനും അപകടത്തിനും അധർമ്മത്തിനും, ആത്മനാശത്തിനും, രോഗത്തിനും രോഷത്തിനും വഴിതെളിക്കുന്ന മദ്യപ്പിശാചിനോട് ദൂരെപ്പോകൂ എന്നു പറയാൻ നമുക്കു കഴിയണം.

മദ്യാസക്തി ഒരു രോഗമാണ്. ഈ രോഗത്തിനടിമപ്പെട്ടവർക്ക് സ്വയം മോചിതരാകുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ശ്രദ്ധാപൂർവ്വമായ ചികിത്സ അവർക്കാവശ്യമാണ്. അതിന് പരസഹായവും പിന്തുണയും കൂടിയേ തീരൂ. ഭീദിതമായ ഏതൊരു പകർച്ചവ്യാധിയുമെന്നപോലെ മദ്യത്തിനിരയാകുന്നവരുടെ എണ്ണവും വർദ്ധിച്ചിരിക്കുന്നു. ഇളം തലമുറയേയും ഈ വിപത്ത് ഗ്രസിച്ചിരിക്കുന്നു എന്നത് സമൂഹത്തിന്റെ ഭാവിയെക്കുറിച്ച് ആശങ്കയുളവാക്കുന്നു.

വ്യക്തികൾ മദ്യമയക്കുമരുന്നുകളിലേക്ക് ആകർഷിക്കപ്പെടുകയോ, ആനയിക്കപ്പെടുകയോ ചെയ്യുന്നതിന് വിവിധ കാരണങ്ങളും സാഹചര്യങ്ങളുമുണ്ട്. സമൂഹത്തിൽ ആദരണീയ പദവികൾ വഹിക്കുന്നവരുടെയും ഉത്തമ ജീവിതസാക്ഷ്യത്തിലൂടെ സമൂഹത്തെ ശരിയായ പാതയിൽ നയിക്കാൻ ചുമതലയുള്ളവരുടെയും ദുർമാതൃക ഏറെപ്പേരെ വഴിതെറ്റിക്കുന്നു. മദ്യപാനത്തിന്റെ ദോഷഫലങ്ങളെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തവരും സ്വതേ ഇക്കാര്യത്തിൽ ബലഹീനരും ലോലമനസ്ക്കരുമായവർ പ്രിയപ്പെട്ടവരുടെയോ സ്വന്തപ്പെട്ടവരുടെയോ സ്വാധീനത്തിൽപ്പെട്ട് മദ്യപാനത്തിനടിമകളാകുന്നു. ആകുലതകളിൽനിന്നും വേദനകളിൽനിന്നും മദ്യവും ലഹരിയും വിടുതൽ നൽകും എന്ന് തെറ്റിദ്ധരിച്ച് അവയെ ആശ്രയിച്ച് ജീവിതം നശിപ്പിക്കുന്നവരുണ്ട്.

മദ്യാസക്തരെ വേഗത്തിൽ അതിന്റെ ഇരകളാക്കാൻ സഹായിക്കുന്നതാണ് മദ്യത്തിന്റെ സംലഭ്യത. മദ്യത്തിന്റെ ലഭ്യത ക്രമേണ കുറച്ച് മദ്യവർജ്ജനത്തിലേക്ക് ബോധവല്ക്കരണത്തിലൂടെയും മറ്റും മദ്യവിമുക്ത കേരളത്തെ സൃഷ്ടിക്കുന്ന നയമായിരിക്കും തങ്ങളുടേതെന്ന് പ്രഖ്യാപിച്ച് അധികാരത്തിലേറിയ സർക്കാർ അതിനു ഘടകവിരുദ്ധമായ പ്രവർത്തനങ്ങളിലൂടെയും തീരുമാനങ്ങളിലൂടെയും വീട്ടിലും നാട്ടിലും വഴിയോരങ്ങളിലും, ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും സമീപത്തുപോലും മദ്യം സംലഭ്യമാകുന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. ഇത് വാഗ്ദാനലംഘനമാണ്; തങ്ങളെ അധികാരത്തിലേറ്റിയ ജന

ത്തോടുള്ള വിശ്വാസവഞ്ചനയാണ്; മദ്യപാനത്തിനടിമകളാകാൻ അളുകൾക്ക് അവസരമൊരുക്കിക്കൊണ്ട് സമൂഹത്തെ മുഴുവൻ നാശത്തിലേക്കു നയിക്കുന്ന അധാർമ്മികമായ അധികാര ദുർവിനിയോഗമാണ്. ഈ മദ്യനയത്തിൽ നിന്നും പിന്തിരിയുന്നില്ലെങ്കിൽ, വ്യക്തികളെയും കുടുംബങ്ങളെയും നശിപ്പിച്ച് സമൂഹത്തിന്റെ തന്നെ തകർച്ചയ്ക്ക് അവസരമൊരുക്കിയ സർക്കാർ എന്ന് ചരിത്രം വിധിയെഴുതേണ്ടിവരും.

ധർമ്മവിചാരമില്ലാതെ പണത്തിനുവേണ്ടി ഏതുമാർഗ്ഗവും സ്വീകരിക്കാം എന്നു ചിന്തിക്കുന്ന മദ്യവ്യവസായികളും, അതേ ലക്ഷ്യത്തോടെ അവരെ പ്രോത്സാഹിപ്പിക്കുന്ന സർക്കാരും, മദ്യം കുടിപ്പിച്ച് ആളുകളുടെ പോക്കറ്റടിച്ച് അവരെ നിത്യദാരിദ്ര്യത്തിലേക്കും ജീവിതത്തകർച്ചയിലേക്കും നയിക്കുന്നവരും പണത്തെ ദൈവമാക്കി ആരാധിക്കുകയാണ്. ഈ തിന്മയ്ക്കെതിരെ ശക്തമായി നിലകൊള്ളാനും, നിരന്തരമായ ബോധവല്ക്കരണത്തിലൂടെ ആളുകളെ മദ്യവർജ്ജനത്തിനു പ്രേരിപ്പിക്കാനും ഉതകുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്യണമെന്ന് എല്ലാവരോടും ഞാനഭ്യർത്ഥിക്കുന്നു. അതോടൊപ്പം, മദ്യവിരുദ്ധ പ്രവർത്തനങ്ങളെ നിർവീര്യമാക്കി അവയ്ക്ക് തിരിച്ചടിയായി മദ്യസംലഭ്യത വർദ്ധിപ്പിക്കുകയും മദ്യപാനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സർക്കാർ നയം പിൻവലിക്കണമെന്നാവശ്യപ്പെട്ട് 17-ാം തീയതി തിരുവനന്തപുരത്ത് നടത്തുന്ന ബഹുജന പ്രക്ഷോഭണത്തിന് പിന്തുണ നൽകി സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B : *ഈ സർക്കുലർ ഒക്ടോബർ 8-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

സർക്കുലർ *17 Ch. 182-257*

## ഇളം തലമുറയും ആധുനിക ജീവിതസാഹചര്യങ്ങളും

പ്രിയപ്പെട്ട മാതാപിതാക്കളേ, മക്കളേ,

വളരുന്ന തലമുറയുടെ ധാർമ്മികവും സാംസ്കാരികവുമായ നിലവാരമാണ് സമൂഹത്തിന്റെ ഗതിവിഗതികളെ നിർണ്ണയിക്കുന്ന പ്രധാന ഘടകം. ഈ അടുത്ത കാലത്തായി നമ്മുടെ ഇളംതലമുറയെക്കുറിച്ച് കേൾക്കുകയും അറിയുകയും ചെയ്യുന്ന പല കാര്യങ്ങളും നമ്മെ വേദനിപ്പിക്കുകയും ആശങ്കാകുലരാക്കുകയും ചെയ്യുന്നു. പ്രതിസന്ധികളെ യാഥാർത്ഥ്യബോധത്തോടെ അഭിമുഖീകരിക്കാനും തിരുത്തേണ്ടതു തിരുത്താനും നമുക്കു കഴിയണം. മാതാപിതാക്കളും ഇളം മതലമുറക്കാരായ പ്രിയപ്പെട്ട മക്കളും പ്രത്യേകം ശ്രദ്ധിക്കുവാൻ ചില കാര്യങ്ങൾ പങ്കുവയ്ക്കട്ടെ. അജപാലകർ ജാഗ്രതയോടെ അവരോടൊപ്പമായിരുന്നുകൊണ്ട് അവർക്ക് വഴികാട്ടികളാകണം.

ബ്ലൂവെയിൽ ഗെയിം കളിച്ച് ആത്മഹത്യയിലേക്കു നയിക്കപ്പെട്ട യുവജനങ്ങൾ ആരെയാണ് ആശങ്കാകുലരാക്കാത്തത്; നിരത്തുകളിലൂടെ സർവ്വവും തകർത്തുകൊണ്ട് പറന്നുപോകുന്നതുപോലെ സഞ്ചരിക്കുന്ന കൗമാരക്കാരുടെ പോക്ക് നമ്മെ ഭയപ്പെടുത്തുന്നു. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി അക്രമാസക്തരും മനോരോഗികളുമൊക്കെയായി മാറുന്നവർ സമൂഹഗാത്രത്തെ മുറിപ്പെടുത്തുകയാണ്. മാതാപിതാക്കളെയും സഹോദരങ്ങളെയും വധിക്കുന്നവർ, അവരെ വീട്ടിൽനിന്ന് ആട്ടിപ്പുറത്താക്കുന്നവർ, ജഡികതാൽപര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവർ-അങ്ങനെ പോകുന്നു നമ്മുടെ വളരുന്ന തലമുറയുടെ പ്രവൃത്തിദോഷങ്ങൾ. ഇപ്രകാരം വഴിതെറ്റുന്നത് ഒരു ചെറിയ വിഭാഗമാണെങ്കിൽപ്പോലും നാം ഉണർന്നുപ്രവർത്തിക്കുകയും പരിഹാരം തേടുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഈ അവസ്ഥയെ നേരിടാൻ നമുക്ക് ഉപാധികൾ പലതുമുണ്ടാകാം. സർക്കാരിന്റെയോ, പോലീസിന്റെയോ, മാധ്യമങ്ങളുടെയോ ഒക്കെ നേരെ വിരൽചൂണ്ടിയാൽ നമ്മുടെ ദൗത്യം കഴിഞ്ഞു എന്നു ചിന്തിക്കുകയും ആകാം. എന്നാൽ സഭാമക്കളെന്നനിലയിൽ നമ്മുടെ ഉത്തരവാദിത്വം അതിനുമുപരിയാണ്. ഇത്തരമൊരു ദുരവസ്ഥയിലേയ്ക്ക് യുവജനങ്ങൾ എത്തി

ച്ചേരാനുള്ള കാരണങ്ങൾ കണ്ടെത്തുകയും വരും തലമുറയെ അതിൽനിന്നു മോചിപ്പിക്കുകയും ചെയ്യുക നമ്മുടെ പ്രഥമവും പ്രധാനവുമായ ദൗത്യമാണ്. ആ ദൗത്യത്തിൽ സഭാഗാത്രത്തിലെ എല്ലാവരും ഒരേമനസോടെ കർമ്മനിരതരാകണം. മാതാപിതാക്കളും അധ്യാപകരും വൈദികരും സന്യസ്തരും ഇവിടെ കൂടുതൽ ഉണർന്നുപ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**കുടുംബാന്തരീക്ഷത്തിൽ വന്ന മാറ്റങ്ങൾ**

വളരുന്ന തലമുറ വഴിതെറ്റുന്നെങ്കിൽ അതിന്റെ പ്രധാന കാരണം നമ്മുടെ കുടുംബാന്തരീക്ഷത്തിൽ വന്ന മാറ്റങ്ങളാണ്-വല്യപ്പനും വല്യമ്മച്ചിയും കൊച്ചുമക്കളും ചേർന്ന കുടുംബാന്തരീക്ഷം ഇന്ന് മിക്കവാറും അന്യമായിക്കഴിഞ്ഞിരിക്കുന്നു. വിവാഹിതരായി അധികനാൾ കഴിയുന്നതിനുമുമ്പ് വീടുവച്ച് വേറെ മാറുകയും ഒന്നോരണ്ടോ മക്കൾ മാത്രമുള്ള അണുകുടുംബങ്ങളായി ജീവിക്കുകയും ചെയ്യുന്ന അവസ്ഥയാണ് മിക്കയിടത്തും. മാതാപിതാക്കൾ ജോലിക്കുപോകുക കൂടി ചെയ്യുമ്പോൾ മക്കൾ വളരുന്നത് സ്നേഹലാളനകൾ ലഭിക്കാത്ത അന്തരീക്ഷത്തിലായി മാറുന്നു. ജോലിക്കാരോ, ബേബി സിറ്റിംഗിലെ ജീവനക്കാരോ വളർത്തുന്ന മക്കൾക്ക് ബാല്യകാലാനുഭവങ്ങൾ ഒരിക്കലും ആകർഷകമാകുന്നില്ല.

വളർച്ചയുടെ അടുത്ത ഘട്ടത്തിൽ മാതാപിതാക്കൾ തമ്മിലുള്ള ചേർച്ചക്കുറവുകളും അഭിപ്രായവ്യത്യാസങ്ങളും കുട്ടികളുടെ മനസിൽ സംഘർഷം നിറയ്ക്കുന്നു. മാതാപിതാക്കളോടൊപ്പം വസിക്കുമ്പോൾത്തന്നെ മാതാപിതാക്കളുടെ യഥാർത്ഥ സ്നേഹം ലഭിക്കാത്ത നിരവധി കുട്ടികൾ ഉണ്ട് എന്ന കാര്യം വിസ്മരിക്കാനാവില്ല. ചോദിക്കുന്നതെല്ലാം വാങ്ങിക്കൊടുക്കുന്നതാണ് സ്നേഹം എന്ന് ചിലർ തെറ്റിദ്ധരിക്കുന്നു. വേറെ ചിലർ ഭാവിയെക്കുറിച്ച് ഉപദേശിച്ച് ഉപദേശിച്ച് ട്യൂഷൻ സെന്ററുകളിലൂടെയും എൻട്രൻസ് കേന്ദ്രങ്ങളിലൂടെയും മക്കളെ കൊണ്ടു നടക്കുന്നവരാണ്. കൃത്രിമഭക്ഷണവും വിലകൂടിയ വസ്ത്രങ്ങളും ഇലക്ട്രോണിക് ഉപകരണങ്ങളും വാങ്ങിക്കൊടുത്ത് ധാരാളിത്തത്തിൽ വളർത്തുന്നതാണ് സ്നേഹം എന്ന മിഥ്യാധാരണയിലാണ് മറ്റുചിലർ.

കുടുംബാന്തരീക്ഷത്തിൽ ഒപ്പം താമസിക്കുകയും മക്കളോട് സംസാരിക്കാനും മക്കൾ പറയുന്നത് കേൾക്കാനും തിരുത്തേണ്ടിടത്ത് തിരുത്താനും കഴിയുന്നിടത്താണ് യഥാർത്ഥ കുടുംബാന്തരീക്ഷം സംജാതമാകുക. "ഒരുമിച്ച് പ്രാർത്ഥിക്കുകയും ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യുന്ന കുടുംബം ഒരുമിച്ച് നിലനില്ക്കും" എന്ന തത്ത്വം നമുക്ക് മാർഗ്ഗദീപമാകേണ്ടതുണ്ട്. മക്കളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്. കുടുംബപ്രാർത്ഥനയുള്ള ഭവനങ്ങളിൽ പ്രാർത്ഥിച്ചുവളരുന്ന മക്കൾ പ്രാർത്ഥനാചൈതന്യത്തിലും ദൈവവിശ്വാസത്തിലും നിലനില്ക്കും.

മാതാപിതാക്കളെ അനുസരിക്കാതെ കുടുംബത്തെയും സഭയെയും വിശ്വാസത്തെയും തള്ളിപ്പറഞ്ഞുകൊണ്ട് ആരെയും വിവാഹം കഴിക്കാൻ സന്നദ്ധരാകുന്നവരിൽ പലരും കുടുംബാന്തരീക്ഷത്തിൽ യഥാർത്ഥ സ്നേഹവും കരുതലും ലഭിക്കാതെപോകുന്നവരാണ് എന്ന കാര്യം നമ്മൾ കാണാതെ പോകരുത്.

നേഴ്സറി ക്ലാസ്സുകളിൽ ചേർക്കുന്നകാലം മുതൽ ഉയർന്ന ഉദ്യോഗങ്ങളുടെ പേരുകൾമാത്രം ചെവിയിൽ മന്ത്രിച്ചുകൊടുത്ത് മക്കളെ വളർത്തുമ്പോൾ മാതാപിതാക്കളും സഹോദരങ്ങളുമൊക്കെ അവരുടെ മനസിൽ അപ്രധാനമായി മാറുന്നു. മറ്റുള്ളവരിലേയ്ക്ക് സ്നേഹപൂർവ്വം, കാരുണ്യപൂർവ്വം നോക്കാൻ പ്രേരിപ്പിക്കുന്നതിനു പകരം മറ്റുള്ളവരെയെല്ലാം തോല്പിച്ചു മുന്നേറാൻ നൽകുന്ന പരിശീലനത്തിലൂടെ മനുഷ്യത്വം പരിപോഷിപ്പിക്കപ്പെടുന്നില്ല. ഈ സ്ഥിതിവിശേഷത്തിലാണ് നമ്മുടെ കുട്ടികൾ ഒറ്റപ്പെട്ടവരായി മാറുന്നത്. ഈ ഒറ്റപ്പെടലിൽ സന്തോഷം ലഭിക്കാൻവേണ്ടി അവൻ മറ്റു മാർഗ്ഗങ്ങൾ തേടും. ആ മാർഗ്ഗങ്ങൾ വിപത്തിന്റെ വഴികളാകാം.

**ആധുനികസാങ്കേതികരംഗം പകരുന്ന സ്വാതന്ത്ര്യം**

ആധുനികകാലഘട്ടം ശാസ്ത്ര സാങ്കേതികരംഗത്തെ വിസ്മയങ്ങളുമായി കുട്ടികൾക്ക് മുന്നിലെത്തിയിരിക്കുകയാണ്. ഇന്റർനെറ്റും സ്മാർട്ട്ഫോണും, സോഷ്യൽ മീഡിയയും, ഏതിനും പോരുന്ന ആപ്ലിക്കേഷനുകളും സാധാരണ ജീവിതത്തിൽനിന്ന് മാറ്റിനിർത്താൻ കഴിയാത്ത ഘടകങ്ങളായി മാറിയിരിക്കുന്നു. വൈജ്ഞാനികരംഗം വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന സാധ്യതകൾ ഉപയോഗിക്കാൻ മാതാപിതാക്കളും അധ്യാപകരുമൊക്കെ സഹായിക്കുന്നത് സാധാരണമായിരിക്കുന്നു. കൊച്ചുകുട്ടികൾക്ക് ഗെയിം പരിശീലിക്കാൻ അവസരം നൽകിയാൽ ബുദ്ധിയും വേഗവും വർദ്ധിക്കുമെന്ന യുക്തി പ്രാബല്യം നേടുകയും ചെയ്തു. സോഷ്യൽ മീഡിയയിലൂടെയും സ്മാർട്ട് ഫോണിലൂടെയുമുള്ള ആശയവിനിമയം പല രാജ്യങ്ങളിലായി ചിതറിക്കഴിഞ്ഞിരുന്ന കുടുംബബന്ധങ്ങളെ ഊഷ്മളമാക്കാൻ ഉപകരിച്ചിട്ടുണ്ടെന്നതും വസ്തുതതന്നെയാണ്.

ഇതിന്റെ മറുവശം ഭീതിദമാണ്. ഇന്റർനെറ്റിനും സ്മാർട്ട് ഫോണിനുമൊക്കെ അടിമകളായവരുടെ എണ്ണം അനുസ്യൂതം വർദ്ധിക്കുകയാണ്. അവർ സാമൂഹികബന്ധങ്ങൾ നഷ്ടപ്പെട്ട് ഒറ്റപ്പെടലിന്റെ അവസ്ഥയിലേക്ക് മാറുന്നു. വീട്ടിലെത്തുന്നവർ പരസ്പരം സംസാരിക്കാതെ സൈബർ ലോകത്ത് വ്യാപരിക്കുന്ന അവസ്ഥാവിശേഷം മനോഹരമായ നമ്മുടെ കുടുംബബന്ധങ്ങളെ താറുമാറാക്കുന്നു. തകരുന്ന ഭാര്യാഭർത്തൃബന്ധങ്ങളും, വിച്ഛേദിക്കപ്പെട്ട പിതൃപുത്രബന്ധങ്ങളും, അമ്മയെയും സഹോദരിമാരെയും പോലും തിരിച്ചറിയാൻ കഴിയാത്ത അധാർമ്മിക സാഹചര്യ

ങ്ങളും സൃഷ്ടിക്കപ്പെടുന്ന ദുരവസ്ഥയിലേയ്ക്ക് അധഃപതിക്കുന്നവരുടെ എണ്ണം കൂടുന്നത് ആശങ്കയോടെ മാത്രമേ കാണാനാകൂ.

ഈയടുത്തകാലത്ത് ഒരു ഗെയിം കളിച്ച് ആത്മഹത്യയിലേയ്ക്ക് എത്തിച്ചേർന്നവരുടെ വിവരങ്ങൾ നമ്മെ ആശങ്കാകുലരാക്കി. ആധുനിക കാലഘട്ടം നൽകുന്ന സാങ്കേതിക മേന്മകൾ നമ്മെ എവിടേയ്ക്കാണ് നയിക്കുന്നത് എന്നു മനസിലാക്കുന്നത് ആ മരണക്കളിയുടെ ഉപജ്ഞാതാക്കൾ നൽകുന്ന വിശദീകരണത്തിലൂടെയാണ്: "സമൂഹത്തിന് ആവശ്യമില്ലാത്തവരെ തുടച്ചുമാറ്റുകയായിരുന്നു ഈ ഗെയിം പ്രചരിപ്പിച്ചതിനു പിന്നിലെ ലക്ഷ്യം". പൈശാചികമായ ഒരു മനോഭാവം ഇവിടെ കാണാം. ആദ്യം യുവതലമുറയെ സമൂഹത്തിന് ആവശ്യമില്ലാത്തവരാക്കി മാറ്റുന്നു. തുടർന്ന് ഗോപുരമുകളിൽ കയറ്റിനിർത്തി എല്ലാം തരാം എന്നുപറഞ്ഞ സാത്താനെപ്പോലെ മോഹിപ്പിച്ച് മഹാനാശത്തിലേയ്ക്ക് നിപതിപ്പിക്കുന്നു. ഈ പൈശാചികതയെ തുടച്ചുമാറ്റാൻ നിതാന്ത ജാഗ്രത അനിവാര്യമായിരിക്കുന്നു. വഴിതെറ്റിയ ആടിനെ തേടിപ്പോകുന്ന ക്രൈസ്തവദൗത്യം നാം നിർവ്വഹിച്ചേ മതിയാകൂ.

അശ്ലീല സൈറ്റുകളിലൂടെയുള്ള അപഥസഞ്ചാരങ്ങളും എല്ലാ നന്മകളെയും തകർക്കാനും, സമൂഹം ആദരിക്കുന്ന എല്ലാ ബിംബങ്ങളെയും ആരോപണ പ്രത്യാരോപണങ്ങളിലൂടെ തച്ചുടയ്ക്കാനും സോഷ്യൽ മീഡിയായിലൂടെ നടത്തുന്ന പരിശ്രമങ്ങളും മേൽപ്പറഞ്ഞ മരണക്കളിയോടടുത്തുനിൽക്കുന്നവ തന്നെയാണ്. ഇന്റർനെറ്റിലൂടെ ലഭിക്കാവുന്ന വിജ്ഞാനത്തെയോ, സോഷ്യൽമീഡിയായിലൂടെ പ്രചരിക്കുന്ന നല്ല സന്ദേശങ്ങളെയോ ഗുണകരമായ ചർച്ചകളെയോ തള്ളിപ്പറയുകയല്ല. പക്ഷേ നമ്മുടെ വളരുന്ന തലമുറ വശംവദരായിപ്പോകുന്നത് ആദ്യം പറഞ്ഞ തലങ്ങൾക്കാണ് എന്നത് വേദനയോടെ തിരിച്ചറിയുന്നു.

### മദ്യവും മയക്കുമരുന്നും

മദ്യവും മയക്കുമരുന്നും സൃഷ്ടിക്കുന്ന വിപത്തുകളും ഇവിടെ വിശകലനവിധേയമാകേണ്ടതുണ്ട്. മദ്യത്തിൽ തുടങ്ങി മയക്കുമരുന്നിലെത്തുന്ന ആസക്തിയുടെ ചരിത്രം വിരചിക്കുന്ന യുവാക്കളുടെ എണ്ണം നമ്മുടെയിടയിലും വർദ്ധിച്ചുവരുന്നത് ആശങ്കയോടെ കാണേണ്ടതുണ്ട്. എത്ര യുവാക്കളാണ് കോളജ് പഠനകാലത്ത് അപകടങ്ങളിലും വിനോദയാത്രകൾക്കിടയിലെ ജലവിനോദങ്ങളിലും മരണമടയുന്നത്. അവരിൽ ഒരു നല്ല പങ്കിനും മദ്യത്തിന്റെയോ മയക്കുമരുന്നുകളുടെയോ അകമ്പടിയുണ്ട് എന്ന് ഞെട്ടലോടെ മാത്രമേ ഓർക്കാനാവൂ. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളായവരിലൂടെ തകരുന്ന കുടുംബങ്ങളെയും, ഭ്രാന്തമായ ജീവിത

ചര്യകളിലേയ്ക്കു നീങ്ങുന്ന കുടുംബനാഥന്മാരെയും, സർവ്വതിന്മകളിലേയ്ക്കും എത്തിച്ചേരുന്നവരേയും ഓർമ്മിക്കാതിരിക്കാൻ നമുക്ക് എങ്ങനെ കഴിയും!

കുടുംബങ്ങളിലെ ആഘോഷവേളകളിലും മറ്റവസരങ്ങളിലും മദ്യം കഴിക്കുകയും മക്കൾക്കുപോലും മദ്യം വിളമ്പുകയും ചെയ്ത് 'സോഷ്യൽ' ആകാനും 'മോഡേൺ' ആകാനുമൊക്കെ മാതാപിതാക്കൾ തയ്യാറാകുമ്പോൾ ഇത്തരം വിപത്തുകളെ മുൻകൂട്ടി കാണുവാൻ കഴിയുന്നില്ല എന്നതാണ് സത്യം. നമ്മുടെ സമൂഹത്തെ ഗ്രസിക്കുന്ന ഈ മഹാവിപത്തിനെ എതിർക്കുവാൻ നാം സർവ്വഥാ സന്നദ്ധരാകേണ്ടതുണ്ട്.

പ്രിയമുള്ള മാതാപിതാക്കളേ, മക്കളേ,

വർത്തമാനകാലഘട്ടം സമ്മാനിക്കുന്ന ചില വിപത്തുകളിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയായിരുന്നു ഞാൻ. നമുക്ക് ഈ വിപത്തുകളെ അതിജീവിക്കേണ്ടതുണ്ട്. അതിന് തികഞ്ഞ നിശ്ചയദാർഢ്യത്തോടെ നമുക്ക് കർമ്മനിരതരാകാം.

* നമ്മുടെ കുടുംബാന്തരീക്ഷം സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും അന്തരീക്ഷമാക്കി മാറ്റുകയാണ് ആദ്യം വേണ്ടത്. രോഗാവസ്ഥയിലും അപകടങ്ങളിലും പെടുമ്പോൾ പ്രാർത്ഥിക്കുന്ന കുടുംബങ്ങളുണ്ട്. സമൃദ്ധിയിലും സന്തോഷത്തിലും ആരോഗ്യത്തിലുമായിരിക്കുമ്പോൾ പ്രാർത്ഥിക്കാൻ നാം ഏറെ കടപ്പെട്ടിരിക്കുന്നു. മക്കളെ സ്നേഹിക്കാനും നല്ല ശിക്ഷണം നൽകി വളർത്താനും സമയം കണ്ടെത്തിയശേഷം മാത്രമാകട്ടെ നമ്മുടെ ധനസമ്പാദന വ്യഗ്രതകൾ. ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്താണ് ദൈവം തന്ന മക്കൾ എന്ന ഓർമ്മ മാതാപിതാക്കളെയും മക്കളെയും ഭരിക്കട്ടെ.

* ഗൗരവമായതിനെയെല്ലാം മറന്ന് ലളിതമായതിനെയും വൈകാരിക തൃപ്തി നല്കുന്നവയെയും തേടിപോകുന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്നത്. സാഹിത്യവും സംഗീതവും കലയും ഒക്കെ ആ വഴിക്കാണ് നീങ്ങുന്നത്. പഠിക്കുന്നതിനുപകരം ഗെയിം; ഗൗരവമായത് വായിക്കുന്നതിനും ചെയ്യുന്നതിനും പകരം ചാറ്റിംഗ്; കുടുംബത്തിലെ സുന്ദരനിമിഷങ്ങളെപ്പോലും മറന്ന് സോഷ്യൽ മീഡിയയിലെ തമാശകൾ. ഗൗരവമായവയിലേയ്ക്ക് ഒരു മടങ്ങിപ്പോക്ക് നമുക്കാവശ്യമാണ്. ക്ലാസിക് ചിന്തകളിലേയ്ക്ക്, സാഹിത്യത്തിലേയ്ക്ക്, കലകളിലേയ്ക്ക് ഒക്കെ എത്തിച്ചേരാനും അവയിലൂടെ ലോകത്തെ കാണാനും നമുക്ക് കഴിയണം. നല്ല സംഗീതം പോലും ആസ്വദിക്കാൻ കഴിയാത്ത വിപത്തിൽനിന്നും നമുക്ക് മോചനം

വേണം. പത്രം വായിക്കാതെ, നാടിനെയും അയല്ക്കാരെയും സ്നേഹിക്കാതെ ഫെയ്സ്ബുക്കിലും വാട്ട്സാപിലും ആയിരക്കണക്കിന് സുഹൃത്തുക്കളെ നേടുന്നതിൽ എന്തർത്ഥമാണുള്ളത്.

* ഇന്റർനെറ്റിന്റെ സാധ്യതകളെ ഉപയോഗിക്കുന്നതിനോടൊപ്പം വിപത്തുകളെ അതിജീവിക്കാൻ നമ്മുടെ കുടുംബാന്തരീക്ഷം പാകമാകണം. മാതാപിതാക്കളോടൊപ്പം കാണാൻ കഴിയാത്തതൊന്നും കാണേണ്ട എന്ന തീരുമാനത്തിലേക്കു നയിക്കാൻ കുടുംബത്തിലെ സ്നേഹാന്തരീക്ഷം പര്യാപ്തമാകണം.

കുഞ്ഞുങ്ങളുടെ ജീവിതം കരുപ്പിടിപ്പിക്കുന്ന വഴികൾ നമുക്കു മറക്കാതിരിക്കാം. വീട്ടിൽനിന്ന് ദൈവാലയത്തിലേക്കും വിദ്യാലയത്തിലേക്കും അവിടെനിന്ന് സമൂഹത്തിലക്കും വളരുന്ന ജീവിതം ശ്രദ്ധാപൂർവ്വം മക്കൾക്കു പ്രദാനം ചെയ്യാം. സ്നേഹിക്കാനും, പങ്കുവയ്ക്കാനും, ക്ഷമിക്കാനും, ആദരിക്കാനും, കരുണകാണിക്കാനും സർവ്വോപരി ദൈവത്തിൽ ആശ്രയിച്ച് ജീവിക്കാനും നമ്മുടെ മക്കളെ നമുക്കു പഠിപ്പിക്കാം.

അനന്തമായ നന്മകൾ നല്കി അനുഗ്രഹിക്കുന്ന ദൈവത്തെ തിരിച്ചറിയാനും പരാജയങ്ങളിലും ദുഃഖങ്ങളിലും, വിപത്തുകളിലും ആ ദൈവത്തിലാശ്രയിച്ച് ശക്തി സംഭരിക്കാനും വളരുന്ന തലമുറയ്ക്ക് കഴിയട്ടെ. അതിന് ഊഷ്മളമായ ബന്ധങ്ങളും കുടുംബപ്രാർത്ഥനകളും ആരാധനക്രമാധിഷ്ഠിതമായ ജീവിതവും നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത

N.B : *ഈ സർക്കുലർ ഒക്ടോബർ 29-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

സർക്കുലർ *17 Ch. 183-258*

# പഞ്ചവത്സര അജപാലന പദ്ധതി

ഈശോമിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

അതിരൂപതയിലെ അജപാലന ശുശ്രൂഷയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ നിങ്ങളെല്ലാവരെയും അറിയിക്കാനും നിങ്ങളുടെ സജീവമായ സഹകരണവും നിർദ്ദേശങ്ങളും അഭ്യർത്ഥിക്കാനും ഞാനാഗ്രഹിക്കുന്നു. 2007-ൽ അതിരൂപതയുടെ അജപാലന ശുശ്രൂഷാ ദൗത്യം എന്നിൽ നിക്ഷിപ്തമായപ്പോൾ അഞ്ചു പ്രധാന മേഖലകളെ കേന്ദ്രീകരിച്ച് അത് നിർവ്വഹിക്കുന്നതിന്റെ ഒരു സംക്ഷിപ്ത രൂപരേഖ ഒരിടയലേഖനത്തിലൂടെ ഞാൻ നല്കുകയും എല്ലാവരുടെയും സഹകരണം തേടുകയും ചെയ്തിരുന്നു. അതനുസരിച്ച് നാളിതുവരെ നിങ്ങൾ നൽകിയതും നൽകുന്നതുമായ എല്ലാ സഹായസഹകരണങ്ങൾക്കും ഞാൻ നന്ദിപറയുന്നു. അന്നു വിഭാവനം ചെയ്ത രീതിയിൽ എല്ലാ കാര്യങ്ങളും അവയുടെ പൂർണ്ണതയിൽ നടക്കുന്നു എന്നു പറയാനാവില്ലെങ്കിലും കുറെയേറെ കാര്യങ്ങൾ നമുക്കു ചെയ്യാൻ സാധിക്കുന്നുണ്ട്. പ്രാധാന്യമുള്ളവയെന്നു ബോദ്ധ്യപ്പെട്ട മറ്റു ചില മേഖലകളും പിന്നീട് കൂട്ടിച്ചേർക്കപ്പെടുകയുണ്ടായി. അങ്ങനെ താഴെപ്പറയുന്ന മേഖലകളാണ് നമ്മുടെ അജപാലനപ്രവർത്തനങ്ങളുടെ മുഖ്യകേന്ദ്രങ്ങളായി പരിഗണിക്കേണ്ടത്.

1. **ആരാധനാജീവിതം:**

സഭയിൽ മുഖ്യസ്ഥാനം ദൈവാരാധനയ്ക്കാണ്. വിശ്വാസത്തിന്റെ ആഘോഷമായ ലിറ്റർജിയാണ് ഓരോ സഭയുടെയും വ്യക്തിത്വത്തിന്റെയും തനിമയുടെയും മുഖ്യഘടകം. ആരാധനാ ജീവിതത്തിന്റെ ക്രമീകരണമാണ് ആരാധനാവത്സരം. ഓരോ സഭയുടെയും ആരാധനാവത്സരത്തിനനുസരിച്ച് അജപാലന ശുശ്രൂഷാപദ്ധതിയ്ക്ക് രൂപം കൊടുക്കണമെന്നാണ് സഭയുടെ പ്രബോധനം. നമ്മുടെ ഭക്താനുഷ്ഠാനങ്ങളും പ്രാർത്ഥനാജീവിതം മുഴുവനും ആരാധനാവത്സര ചൈതന്യത്തിനനുസൃതമാകണമെന്നും സഭ പഠിപ്പിക്കുന്നു. ലിറ്റർജിയുടെ മുഖ്യഘടകങ്ങളായ വിശുദ്ധ കുർബാനയ്ക്കും ഇതരകൂദാശകൾക്കും കൂദാശാനുകരണങ്ങൾക്കും യാമപ്രാർത്ഥനകൾക്കുമായിരിക്കണം പ്രധാന സ്ഥാനം നൽകേണ്ടത്. വിശ്വാസികളെ ആരാധനക്രമത്തിലേക്കു ആനയിക്കുന്നതായിരിക്കണം മററു ഭക്താനുഷ്ഠാനങ്ങൾ. അതിരൂപതയിലെല്ലാവർക്കും ശരി

യായ ആരാധനക്രമ പരിശീലനം തുടർച്ചയായി നൽകേണ്ടതുണ്ട്. ഇടവകതലത്തിൽ ആരാധനാ സമൂഹങ്ങളുടെ തലവന്മാർ ആയ വൈദികർ ആരാധനക്രമത്തിൽ ശരിയായ അറിവും ബോദ്ധ്യവും പരിശീലനവും ലഭിച്ചവരായിരിക്കണം. രൂപതയിൽനിന്നു പ്രസിദ്ധീകരിച്ചിരിക്കുന്ന 'തിരുക്കർമ്മാനുഷ്ഠാനവിധികൾ' വൈദികർ അറിഞ്ഞിരിക്കയും വിശ്വാസികൾക്ക് അവർ പരിശീലനം നൽകുകയും വേണം. അതിരൂപതയിൽ എല്ലാ വിഭാഗത്തിലും പെട്ടവർക്ക് ഉചിതമായ ആരാധനക്രമപരിശീലനം യഥാവസരം നൽകുന്നതിനും അങ്ങനെ അതിരൂപതാ സമൂഹത്തെ ഒരു മാതൃകാ ആരാധനാസമൂഹമാക്കുന്നതിനും ലിറ്റർജി അപ്പോസ്റ്റൊലേറ്റ് വകുപ്പും ലിറ്റർജിക്കൽ മ്യൂസിക്ക് വകുപ്പും മ്യൂസിക്ക് അക്കാഡമിയും (സദസ്സ്) സഹകരിച്ച് നേതൃത്വം കൊടുക്കണം.

2. **വിശ്വാസപരിശീലനം:**

എല്ലാ പ്രായത്തിലും എല്ലാ വിഭാഗത്തിലുംപെട്ട സഭാമക്കളുടെ വിശ്വാസപരിശീലനം സഭയുടെ സുപ്രധാനദൗത്യമാണ്. കുടുംബവും ഇടവകയും വിശ്വാസപരിശീലനത്തിന്റെ മുഖ്യതലങ്ങളാണ്. സഭയോടുചേർന്ന് ഈ ദൗത്യനിർവ്വഹണത്തിൽ ഫലപ്രദമായി പങ്കാളികളാകാൻ ഉത്തമരായ വിശ്വാസപരിശീലകർ വേണം. സണ്ടേസ്കൂൾ, മിഷൻലീഗ്, യുവദീപ്തി, മാതൃവേദി, പിതൃവേദി, സീനിയേഴ്സ് ഫോറം, ഏലീശ്വാ സന്ദർശനം, തിരുബാലസഖ്യം, കുടുംബകൂട്ടായ്മ മുതലായവ വിശ്വാസപരിശീലനവേദികളാണ്. ദൈവത്തെയും സഭയേയും സ്നേഹിക്കാനും സഭയോടൊത്തു ചിന്തിക്കാനും ജീവിക്കാനും സഭയുടെ ദൗത്യനിർവ്വഹണത്തിൽ പങ്കാളികളാകാനും വിശ്വാസത്തിന് ഉറച്ച ബോദ്ധ്യത്തോടെ സാക്ഷ്യം വഹിക്കാനും എല്ലാ അതിരൂപതാംഗങ്ങളും പരിശീലിപ്പിക്കപ്പെടണം വിഭിന്നശേഷിക്കാരും വികലാംഗരുമായ മക്കളുടെ കാര്യത്തിലും ശ്രദ്ധ ചെലുത്തണം.

3. **വിദ്യാഭ്യാസം**:

നല്ല അറിവും സ്വഭാവശുദ്ധിയും ഉള്ള ഉത്തമ വ്യക്തികളെ രൂപപ്പെടുത്തുകയാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ സഭ ലക്ഷ്യം വയ്ക്കുന്നത്. ജീവിതത്തിന്റെ പരമമായ ലക്ഷ്യം നേടാൻ വിദ്യാഭ്യാസം സഹായിക്കണം; സഭയിലും സമൂഹത്തിലും ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ഇളം തലമുറയെ ഒരുക്കണം. ഈശോയെപ്പോലെ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും യുവജനങ്ങളെ വളർത്താൻ പര്യാപ്തമായിരിക്കണം അവർക്കു ലഭിക്കുന്ന വിദ്യാഭ്യാസം. കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസനയത്തോട് വിശ്വസ്തത പുലർത്തുന്നതായിരിക്കണം നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ. എല്ലാ വിഭാഗങ്ങളിലുംപെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളും മാതൃകാപരമായി പ്രവർത്തിക്കണം. അധ്യാപകർ വിദ്യാർത്ഥികൾക്ക് ഉത്തമവഴികാട്ടികളും ജീവിതമാതൃകകളുമായിരിക്കണം. പിന്നോക്കാവസ്ഥ അനുഭവിക്കുന്ന വിദ്യാർത്ഥികളെ പ്രത്യേകം പരിഗണിച്ച് ആവശ്യമായ സഹായങ്ങൾ നൽകണം. അതി

രൂപതയിലെ ബന്ധപ്പെട്ട വകുപ്പുകൾ എല്ലാക്കാര്യങ്ങൾക്കും നേതൃത്വം നൽകണം.

4. **സാമൂഹികക്ഷേമം-ആതുരസേവനം**

അതിരൂപതയിലെ സാമൂഹികക്ഷേമപ്രവർത്തനങ്ങളും ആരോഗ്യപാലനപ്രവർത്തനങ്ങളും ആളുകളുടെ ആവശ്യങ്ങൾ പരിഗണിച്ചും സഭയുടെ കാഴ്ചപ്പാടനുസരിച്ചും സത്യസന്ധമായും നീതിപൂർവ്വവും സ്നേഹത്തിലും കരുണയിലും നടക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ചാസ്-ഖാദി പ്രസ്ഥാനങ്ങളും കുട്ടനാടുവികസനസമിതിയും കാർഷിക രംഗവും പ്രകൃതിസംരക്ഷണവും ജൈവകൃഷിയും ആരോഗ്യകരമായ ജീവിതശൈലിയും, വിവിധങ്ങളായ ജീവകാരുണ്യപ്രവർത്തനങ്ങളും സഹായപദ്ധതികളും കെയർ ഹോംസും (Care Homes) പാലീയേറ്റീവ് കെയർ സംവിധാനങ്ങളും ആശുപത്രികളും ഡിസ്പെൻസറികളും പുനരധിവാസകേന്ദ്രങ്ങളും സ്പെഷ്യൽ സ്കൂളുകളും കൗൺസലിംഗ് സെന്ററുകളും മാനസികാരോഗ്യകേന്ദ്രങ്ങളും മദ്യ-മയക്കുമരുന്ന് ചികിത്സാകേന്ദ്രങ്ങളും മദ്യവിരുദ്ധ പ്രവർത്തനങ്ങളും എയ്ഡ്സ് ബോധവല്ക്കരണ പ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളും വിൻസെന്റ് ഡി പോൾ സഖ്യംപോലെയുള്ള സംഘടനകളും ഈ മേഖലയിൽ വരുന്നവയാണ്. കൂടാതെ, തൊഴിൽ മേഖലയും തൊഴിലാളി ക്ഷേമവും ദളിത്, നാടാർ സമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളും ഈ മേഖലയിൽ പെടുന്നു.

5. **പ്രേഷിതത്വം:**

പ്രേഷിതത്വം സഭയ്ക്കു ലഭിച്ചിരിക്കുന്ന ദൈവനിയോഗമാണ്. ലോകമെങ്ങും സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാൻ ശിഷ്യർക്കു കർത്താവു നൽകിയ കല്പന എല്ലാ സഭാമക്കൾക്കുമായി നൽകപ്പെട്ടതാണ്. അതിനാൽ എല്ലാവരും സഭയോടു ചേർന്ന് താന്താങ്ങളുടെ ജീവിതാന്തസ്സിനും സാഹചര്യങ്ങൾക്കുമനുസരിച്ച് പ്രേഷിതവേലയിൽ പങ്കുചേരണം. കുടുംബവും മനുഷ്യന്റെ എല്ലാ പ്രവർത്തനമണ്ഡലങ്ങളും പ്രേഷിതസാക്ഷ്യത്തിന്റെ രംഗങ്ങളുമാണ്. രക്ഷകനായ മിശിഹായെ എല്ലായിടത്തും എല്ലാവർക്കും പരിചയപ്പെടുത്തുക എന്നതാണ് പ്രേഷിതത്വത്തിന്റെ പൊരുൾ. സ്വന്തം ജീവിതസാക്ഷ്യമാണ് അതിനുള്ള ഏറ്റവും ശക്തമായ പിൻബലം. പ്രേഷിതചൈതന്യം എല്ലാവർക്കും-വൈദികർക്കും സമർപ്പിതർക്കും അല്മായർക്കും ഉണ്ടായിരിക്കേണ്ടതാണ്. മിഷൻലീഗ് പോലുള്ള സംഘടനകൾ കുട്ടികളിൽ പ്രേഷിതചൈതന്യം വളർത്താൻ ശ്രദ്ധിക്കണം. വൈദികാർത്ഥികളും സന്ന്യാസാർത്ഥികളും പ്രേഷിതചൈതന്യത്തിൽ വളരണം. വിശ്വാസത്തിനും മിശിഹായ്ക്കുംവേണ്ടി എന്തു ത്യാഗവും സഹിക്കാൻ തയ്യാറുള്ളവരാകണം സഭാമക്കൾ. സഭൈക്യപ്രസ്ഥാനവും മതാന്തരസംഭാഷണങ്ങളും പ്രേഷിതത്വത്തിന്റെ പരിധി

യിൽപെടുത്താവുന്നതാണ്. ചങ്ങനാശേരി അതിരൂപതയുടെ പ്രേഷിത സാക്ഷ്യചരിത്രവും ഫലങ്ങളും എല്ലാ അതിരൂപതാംഗങ്ങളും അറിഞ്ഞിരിക്കണം. തികച്ചും സുരക്ഷിതവും സൗകര്യപ്രദവുമായ സാഹചര്യങ്ങളിലും മേഖലകളിലും മാത്രം പ്രവർത്തിക്കാൻ താല്പര്യപ്പെടുന്നവർക്ക് പ്രേഷിതാഭിമുഖ്യം ഉണ്ടെന്നു പറയാനാവില്ല. പരിമിതികളും വെല്ലുവിളികളും നിറഞ്ഞ സാഹചര്യങ്ങളിലും മിശിഹായുടെ സാക്ഷികളാകാൻ നാം തയ്യാറാകണം.

### 6. പ്രവാസിക്ഷേമം-ടൂറിസം മിനിസ്ട്രി

രൂപതയ്ക്ക് പുറത്ത് ഇന്ത്യയിലും വിദേശങ്ങളിലുമായി കഴിയുന്ന അതിരൂപതാംഗങ്ങൾ ഏറെയുണ്ട്. അവരിലേറെയും യുവതലമുറയിൽപ്പെട്ടവരാണ്. ഓരോ വർഷവും പ്രവാസജീവിതസാഹചര്യങ്ങളിലേക്ക് മാറുന്നവർ വളരെയുണ്ട്. സ്ഥിരവാസസ്ഥലമാകാത്തവരും മാതൃസഭയുടെ അജപാലനശുശ്രൂഷ ലഭിക്കാത്ത സാഹചര്യങ്ങളിൽ കഴിയുന്നവരുമായ പ്രവാസിമക്കളുടെ കാര്യത്തിൽ അതിരൂപതയ്ക്ക് അജപാലനപരമായ ശ്രദ്ധ ഉണ്ടാകണം. അവരുടെ ജീവിതസാഹചര്യങ്ങൾ മനസ്സിലാക്കി സഭ അവരോടൊപ്പമുണ്ടെന്ന് ഉറപ്പുവരുത്തണം. അവരുടെ വിശ്വാസപരവും ധാർമ്മികവുമായ ഭദ്രതയ്ക്ക് സാദ്ധ്യമായതെല്ലാം ചെയ്യണം. പ്രവാസജീവിതത്തിൽനിന്ന് തിരിച്ചെത്തുന്നവരുടെയും, ഒരുപക്ഷേ നാട്ടിൽ ഒറ്റപ്പെട്ടു കഴിയേണ്ടിവരുന്ന പ്രവാസികളുടെ സ്വന്തപ്പെട്ടവരുടെയും കാര്യത്തിലും അജപാലനപരമായ ശ്രദ്ധവേണം.

ടൂറിസ്റ്റുകളുടെയും തീർത്ഥാടകരുടെയും എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരെക്കുറിച്ചും അജപാലനപരമായ ശ്രദ്ധ ഉണ്ടാകണം. അക്കൂട്ടത്തിൽ പുറത്തേക്കു പോകുന്നവരും നാട്ടിലേക്കു വരുന്നവരും ഉണ്ടാകും. നല്ലൊരു ടൂറിസം മിനിസ്ട്രിക്ക് ഏറെ ആവശ്യകതയുണ്ട്. അതിരൂപതയിലെ പ്രവാസികാര്യാലയത്തിന്റെ നേതൃത്വത്തിൽ പ്രവാസിക്ഷേമവും ടൂറിസം മിനിസ്ട്രിയും നിർവ്വഹിക്കപ്പെടണം.

### 7. പ്രത്യേകമേഖലകൾ

സഭ പ്രത്യേകം ശ്രദ്ധിക്കേണ്ട ചില വിഭാഗങ്ങലും മേഖലകളുമുണ്ട്. ഏകസ്ഥരായി കഴിയുന്നവർ, വിധവകൾ, വിഭാര്യർ, വിവാഹിതരാകാതെ കഴിയേണ്ടിവരുന്നവർ, വീട്ടുജോലിക്കാർ, സഭാസ്ഥാപനങ്ങളിലെയും മതസ്ഥാപനങ്ങളിലെയും സാധാരണ ജോലിക്കാർ എന്നിവർക്കു നൽകേണ്ട അജപാലന ശുശ്രൂഷയിൽ അതിരൂപത ശ്രദ്ധിക്കണം. വിരമിച്ചവരും അല്ലാത്തവരുമായ ഉദ്യോഗസ്ഥർ, വിവിധ മേഖലകളിൽ വിദഗ്ധരും പ്രൊഫഷണൽ വ്യക്തികളും അതിരൂപതയുടെ പ്രവർത്തനങ്ങളുടെ ഭാഗമാകണം. പൊതുസമൂഹവും രാഷ്ട്രീയമേഖലയും സാഹിത്യ, സാംസ്കാരിക പ്രവർത്തനങ്ങളുമെല്ലാം നമ്മൾ ശ്രദ്ധിക്കേണ്ട രംഗങ്ങളാണ്. ജാഗ്രതാസമിതിയും പബ്ലിക് റിലേഷൻ ഓഫീസും (PRO) മേല്പറഞ്ഞ കാര്യങ്ങളിൽ നേതൃത്വം നൽകണം. മുതിർന്ന പൗരന്മാരുടെ സംഘടിത പ്രസ്ഥാ

നമെന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസ് പൊതുസമൂഹത്തിൽ സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കും നീതിക്കുംവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ധാർമ്മികശക്തിയാകണം.


**8. കൂട്ടായ്മ**

സഭയിലെ എല്ലാ അജപാലനപ്രവർത്തനങ്ങളുടെയും ഘടനകളുടെയും ആത്യന്തികലക്ഷ്യം ദൈവജനം വിശുദ്ധിയുള്ള ഒരു സ്നേഹകൂട്ടായ്മയാകുക എന്നതാണ്. അതിരൂപതയിൽ നാമൊരു സംതൃപ്ത കുടുംബം എന്നത് യാഥാർത്ഥ്യമാകണം. സംഘടനകളും പ്രസ്ഥാനങ്ങളും, പള്ളിയോഗങ്ങൾ, പാസ്റ്ററൽ കൗൺസിൽ തുടങ്ങിയ എല്ലാ പ്രവർത്തക സമിതികളും, ഘടനകളും സ്ഥാപനങ്ങളും, നിർമ്മാണ പ്രവർത്തനങ്ങളും സാമ്പത്തിക കാര്യങ്ങളുമെല്ലാം ഉന്നംവയ്ക്കേണ്ടത് ഒരു സ്നേഹകൂട്ടായ്മയായി നമ്മൾ രൂപപ്പെടുന്നതിലേക്കാണ്. അങ്ങനെ, മിശിഹായുടെ ശരീരമായ സഭയായി നമ്മൾ വളരണം.

**പൊതുനിർദ്ദേശം**

മേല്പറഞ്ഞ കാര്യങ്ങളെല്ലാം കണക്കിലെടുത്ത് അടുത്ത അഞ്ചുവർഷത്തെ ഒരു അജപാലന പദ്ധതിക്ക് രൂപം കൊടുക്കാൻ ആഗ്രഹിക്കുന്നു. അതിനു സഹായകരമായ ആശയങ്ങളും നിർദ്ദേശങ്ങളും എല്ലാം അതിരൂപതാംഗങ്ങളിൽ നിന്നും അഭ്യർത്ഥിക്കുന്നു. വൈദികരും സമർപ്പിതരും അല്മായരും സംഘടനകളും പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും വിവിധ സേവനവകുപ്പുകളും ഇക്കാര്യത്തിൽ ക്രിയാത്മകമായി സഹകരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. അടുത്ത ആരാധനാവത്സരാരംഭത്തോടെ പഞ്ചവത്സര അജപാലനപദ്ധതി നടപ്പിൽ വരുത്തേണ്ടിയിരിക്കുന്നു. അതിനാൽ ഇതു സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒക്ടോബർ 30-ന് മുമ്പ് അതിരൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്നഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ആത്മാർത്ഥമയ സഹകരണം പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം,



**ആർച്ച്ബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B : *ഈ സർക്കുലർ ഒക്ടോബർ 15-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

Ref: 3042/K-5/KCBC/OL/DS *R* 26.9.2017

# ധന്യയായ സി. റാണി മരിയ വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കുയർത്തപ്പെടുന്നതിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന

# സർക്കുലർ

**ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (വി. ലൂക്കാ 4,18-19). 2017 നവംബർ 4-ാം തീയതി വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കുയർത്തപ്പെടുന്ന ധന്യയായ സി. റാണി മരിയയുടെ നാല്പത്തൊന്നു വർഷത്തെ ജീവിതവും പ്രവർത്തനങ്ങളും ഈ തിരുവചനത്തിൽ ആഴപ്പെട്ടതാണ്. ഈശോയുടെ സ്നേഹപൂർവകമായ വിളിക്ക് ഔദാര്യത്തോടെ പ്രത്യുത്തരം നല്കിക്കൊണ്ട് സന്ന്യാസദൈവവിളിയിൽ വിശ്വസ്തതപുലർത്തുന്നതിനുള്ള ഒരു മഹനീയ മാതൃകയായി ഫ്രാൻസിസ്കൻ ക്ലാരസഭാംഗമായ സി. റാണി മരിയ നിലകൊള്ളുന്നു.

എറണാകുളം അങ്കമാലി അതിരൂപതയിൽ പുല്ലുവഴി ഇടവകയിലെ വട്ടാലിൽ കുടുംബത്തിൽ പൈലി, ഏലീശ്വ ദമ്പതികളുടെ ദ്വിതീയ സന്താനമായി 1954 ജനുവരി 29-ന് സി. റാണി മരിയ ജനിച്ചു. ഫെബ്രുവരി 5-ാം തീയതി, പുല്ലുവഴി സെന്റ് തോമസ് പള്ളിയിൽ മാമ്മോദീസാ സ്വീകരിക്കുകയും മറിയം എന്ന പേര് ലഭിക്കുകയും ചെയ്തു. മാതാപിതാക്കൾ തങ്ങളുടെ മക്കളെ ദൈവവിശ്വാസത്തിലും സ്നേഹത്തിലും വളർത്തിക്കൊണ്ടുവന്നു. അവർ സ്റ്റീഫൻ, ആനീസ്, വർഗീസ്, ത്രേസ്യാമ്മ, സി. സെൽമി പോൾ, ലൂസി എന്നിവരാണ്. മറിയം എന്ന മേരിക്കുഞ്ഞ് 1961-ൽ 7-ാമത്തെ വയസ്സിൽ പ്രഥമ ദിവ്യകാരുണ്യവും 1966-ൽ തൈലാഭിഷേകവും സ്വീകരിച്ചു.

മേരിക്കുഞ്ഞ് സൽസ്വഭാവിയായ ഒരു ബാലികയായിരുന്നുവെന്നും അവൾ ലളിതമായ വസ്ത്രങ്ങളാണ് ഉപയോഗിച്ചിരുന്നതെന്നും ആഭരണങ്ങൾ അണിയുന്നതിൽ താല്പര്യം ഉണ്ടായിരുന്നില്ല എന്നും സഹോ

ദരൻ സ്റ്റീഫൻ പറയുന്നു. അവളുടെ വാക്കുകളിലൂടെയോ പ്രവൃത്തികളിലൂടെയോ ആരെയും ഉപദ്രവിച്ചിരുന്നില്ല. എന്തെങ്കിലും തെറ്റുപറ്റിയാൽ അവൾ അതിന് ക്ഷമ ചോദിച്ചിരുന്നു. മാതാപിതാക്കൾ അവളിൽ അഭിമാനം കൊണ്ടിരുന്നു. മറ്റു കുഞ്ഞുങ്ങളിൽനിന്ന് വ്യത്യസ്തമായി അവൾക്കു നല്ല അനുസരണമുണ്ടായിരുന്നുവെന്ന് മകളെക്കുറിച്ച് അമ്മ ഏലീശ്വ പറയുന്നു.

1972 ജൂലൈ 3-ാം തീയതി ഫ്രാൻസിസ്കൻ ക്ലാരസഭയുടെ എറണാകുളം തിരുഹൃദയ പ്രോവിൻസിൽ ചേരുന്നതിനായി മേരിക്കുഞ്ഞും ബന്ധു സിസിലിയും കിടങ്ങൂർ മഠത്തിൽ എത്തിച്ചേർന്നു. പരിശീലനത്തിനുശേഷം 1974 മെയ് 1-ന് ആദ്യവ്രതവാഗ്ദാനം നടത്തി. 1975-ൽ മിഷൻപ്രവർത്തനത്തിനായി ബിജ്നോർ രൂപതയിലേക്കയയ്ക്കപ്പെട്ടു. തീക്ഷ്ണതയോടുകൂടി, ഈശോയുടെ അറിയാത്ത ജനങ്ങൾക്കിടയിൽ അവിടത്തേക്ക് സാക്ഷ്യംവഹിച്ചുകൊണ്ട് ജീവിച്ചു. 1980 മെയ് 22-ന് നിത്യവ്രതവാഗ്ദാനം നടത്തി. 1982-ൽ സാമൂഹ്യശാസ്ത്രത്തിൽ ബിരുദവും നേടി.

1983-ൽ സത്നാ രൂപതയിലെ ഓട്ഗഡിയിലേക്ക് സ്ഥലംമാറ്റപ്പെട്ടു. അവിടത്തെ ജനങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിനായി പല പദ്ധതികൾക്കും സിസ്റ്റർ രൂപംകൊടുത്തു. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. ആത്യന്തികമായി ദൈവത്തിന്റെ സ്നേഹത്തിലേക്ക് ഏവരെയും ആനയിക്കുക എന്നതായിരുന്നു സിസ്റ്ററിന്റെ ലക്ഷ്യം. പ്രവർത്തനത്തിനിടയിൽ പലവിധ വെല്ലുവിളികളും എതിർപ്പുകളും നേരിടേണ്ടിവന്നു. അവിടെയെല്ലാം നഷ്ടധൈര്യയാകാതെ മുന്നേറുവാൻ ദിവ്യകാരുണ്യസന്നിധിയിൽനിന്ന് ശക്തി ആർജിച്ചിരുന്നു. "കർത്താവിനുവേണ്ടിയും അവിടത്തെ മക്കൾക്കുവേണ്ടിയും നന്മചെയ്യുമ്പോൾ നാം നിശിതമായി വിമർശിക്കപ്പെടാം. എതിർപ്പുകൾ ഉണ്ടാവാം, മരണം തന്നെയും സംഭവിക്കാം. എന്നാൽ നാം ധൈര്യമായി മുന്നോട്ടുപോകണം" എന്ന് സിസ്റ്റർ പറഞ്ഞിരുന്നു. കർത്താവിനെക്കുറിച്ച് ഒരു വാക്കെങ്കിലും ആരോടെങ്കിലും പറയാതെ ഒരു ദിവസംപോലും കടത്തിവിടരുത് എന്നതു സിസ്റ്ററിനു നിർബന്ധമായിരുന്നു. റാണി മരിയയുടെ നോവീസ് മിസ്ട്രസ്സ് സി. ഇൻഫെന്റ് മേരി പറയുന്നു "ആദ്ധ്യാത്മികതയിൽ കടഞ്ഞെടുത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു സി. റാണി മരിയ."

1992 മുതൽ ഇൻഡോർ രൂപതയിലെ ഉദയനഗർ ആയിരുന്നു റാണി മരിയയുടെ പ്രേഷിതരംഗം. സിസ്റ്ററിന്റെ ആഗമനം ഉദയനഗറിലെ സാമൂഹ്യപ്രവർത്തനങ്ങൾക്ക് ഒരു പുതുജീവൻ പ്രദാനംചെയ്തു. വീരോചിതമായ ഉപവിപ്രവർത്തനങ്ങളിലൂടെ പാവപ്പെട്ടവരുടെ ജീവിതനിലവാരം

ഉയർത്തുവാൻ പല പദ്ധതികൾക്കും സിസ്റ്റർ രൂപംകൊടുത്തു. സ്വാശ്രയ സംഘങ്ങൾ, സഹകരണസംഘങ്ങൾ എന്നിവയിലൂടെ പലിശയില്ലാതെ പണം കടമെടുക്കുവാൻ അവരെ പ്രാപ്തരാക്കി. സാമൂഹികോന്നമനത്തിനായുള്ള സിസ്റ്ററിന്റെ പ്രവർത്തനങ്ങൾ ആളുകളെ ആകർഷിച്ചു. അതു ചിലരെ ക്രൈസ്തവമതം സ്വീകരിക്കുന്നതിനും പ്രാപ്തരാക്കി. ജന്മിമാർക്കും പണം കടംകൊടുക്കൽ തൊഴിലാക്കിയിരുന്നവർക്കും വരുമാനം കുറയാൻ ഇതു കാരണമായി. അത് സിസ്റ്ററിനോട് അവർക്കു വെറുപ്പിനു കാരണമായിത്തീർന്നു. "സമർപ്പിതരായ നാം ഭയപ്പെട്ടിരുന്നാൽ ആരാണ് ഈ പാവങ്ങളുടെ കാര്യം നോക്കുക. അവരും നമ്മുടെ സഹോദരങ്ങളല്ലേ" എന്നു പറഞ്ഞ് സിസ്റ്റർ സമൂഹത്തിലെ സഹോദരിമാർക്ക് ഉന്മേഷം പകർന്നിരുന്നു. പാവങ്ങൾക്കുവേണ്ടി ജോലിചെയ്യുവാനാണ് താൻ വിളിക്കപ്പെട്ടിരിക്കുന്നത് എന്ന ഉറച്ച ബോദ്ധ്യം സി. റാണി മരിയയ്ക്കുണ്ടായിരുന്നു.

1994 ഡിസംബർമാസത്തിൽ സെമിലിഗ്രാമത്തിൽ ഉണ്ടായ ഒരു വഴക്ക് സമാധാനത്തിൽ തീർക്കാൻ സി. റാണി മരിയ പരിശ്രമിച്ചു. പക്ഷേ സിസ്റ്ററിന്റെ പരിശ്രമങ്ങളെല്ലാം വിഫലമായി. അത് പോലീസ് കേസായി മാറി. നിരപരാധികളായ പല കത്തോലിക്കരെയും ജയിലിൽ അടച്ചു. അവരെ ജയിലിൽ നിന്ന് മോചിപ്പിക്കുവാൻ സി. റാണി നടത്തിയ പരിശ്രമങ്ങൾ എതിരാളികളുടെ വൈരാഗ്യം വർദ്ധിക്കാൻ കാരണമായി. അത് സി. റാണി മരിയയുടെ കഥകഴിക്കണമെന്നുള്ള ഒരു തീരുമാനത്തിലേക്ക് അവരെ നയിച്ചു.

1995 ഫെബ്രുവരി 25-ന് സി. റാണി മരിയ ഉദയനഗറിൽനിന്ന് ഇൻഡോറിലേക്കുള്ള ബസ് യാത്രയ്ക്ക് ഇടയിൽ നച്ചൻബോർ മലയിൽ സഹയാത്രികർക്കുമുമ്പിൽ സമുന്ദർ സിംഗ് എന്ന വാടക കൊലയാളിയുടെ 54 കുത്തുകളേറ്റ് ഈശോ, ഈശോ എന്ന നാമം വിളിച്ചുകൊണ്ട് മരണമടഞ്ഞു. വിവരം അറിഞ്ഞയുടൻ ഇൻഡോർ ബിഷപ്പ് ജോർജ്ജ് ആനാത്തിലും ഏതാനും വൈദികരും കൂടി സ്ഥലത്ത് എത്തി മൃതശരീരം പോലീസ് സ്റ്റേഷനിൽ എത്തിച്ചു. അനന്തര നടപടികൾക്കു ശേഷം മൃതശരീരം ഇൻഡോർ ബിഷപ്പ് ഹൗസിൽ പൊതു ദർശനത്തിനായി വച്ചു. ഫെബ്രുവരി 27-ന് 7 ബിഷപ്പുമാരും നൂറു കണക്കിന് വൈദികരും ആയിരക്കണക്കിന് ആളുകളും പങ്കെടുത്ത മൃതസംസ്കാര പ്രദക്ഷിണം 102 കിലോമീറ്റർ അകലെയുള്ള ഉദയനഗറിലേക്ക് 125 വാഹനങ്ങളിലായി നീങ്ങി. ഉദയ നഗർ പള്ളിയുടെ സമീപത്ത് പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സി. റാണി മരിയയെ അടക്കംചെയ്തു.

ദിവ്യമണവാളനോടുള്ള വ്യക്തിപരമായ സ്നേഹമാണ് അവളുടെ പ്രേഷിതപ്രവർത്തനങ്ങളുടെ അന്തഃസത്തയായിരുന്നത്. ആ സ്നേഹ

ത്താൽ പ്രേരിതയായി, അനുനിമിഷം തന്റെ ദിവ്യമണവാളനുമായി അനുരൂപപ്പെടുവാൻ തന്റെ അവസാനതുള്ളി രക്തവും ചിന്തി ജീവൻ അർപ്പിച്ചു. "സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" (യോഹ15,13) എന്ന തിരുവചനം സിസ്റ്ററിന്റെ കല്ലറയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശുദ്ധർക്ക് വേണ്ടിയുള്ള തിരുസംഘത്തിലെ 9 പേരടങ്ങുന്ന ദൈവശാസ്ത്ര കമ്മീഷൻ ഐകകണ്ഠേന സി. റാണിമരിയയുടെ രക്തസാക്ഷിത്വം അംഗീകരിച്ചു. അവർ ഇപ്രകാരം പ്രസ്താവിച്ചു. "വിശ്വാസത്തോടുള്ള വെറുപ്പ് പ്രഘോഷിക്കപ്പെടുന്ന സദ്വാർത്തയോടുള്ള വെറുപ്പിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. പിന്നെയോ അജപാലനപ്രവർത്തനത്തിലൂടെ ദൈവവചനത്തെ സമൂർത്തമാക്കുന്നവരിലേക്കും വ്യാപിക്കുന്നു."

സി. റാണി മരിയ കൊല്ലപ്പെട്ടത് രാഷ്ട്രീയമോ സാമ്പത്തികമോ സാമുദായികമോ ആയ കാര്യങ്ങൾക്കുവേണ്ടിയല്ല. പ്രത്യുത, അവളുടെ ആഴമായ ക്രൈസ്തവ വിശ്വാസത്തിൽനിന്ന് ഉതിർന്ന സ്നേഹം, സത്യം, നീതി എന്നീ ദൈവരാജ്യ മൂല്യങ്ങൾക്കു വേണ്ടിയാണ്. സി. റാണിമരിയയുടെ രക്തസാക്ഷിത്വത്തിന്റെ പിന്നിൽ വിവിധകാരണങ്ങൾ കാണാം-കൊല്ലുവാൻ പ്രേരിപ്പിച്ച ആളിന്റെ വ്യക്തിവൈരാഗ്യം, പാവങ്ങൾക്കുവേണ്ടി ചെയ്തുകൊണ്ടിരുന്ന കാരുണ്യ പ്രവൃത്തികൾ, പാവപ്പെട്ട ആളുകളെ ക്രൈസ്തവ മതത്തിലേക്ക് മാനസാന്തരപ്പെടുത്തുന്നു എന്ന സംശയം എന്നിങ്ങനെ.

കേരള സഭയുടെ അഭിമാനപുത്രിയും ധീരരക്തസാക്ഷിയുമായ സി. റാണി മരിയയുടെ ജീവിതമാതൃകയും മാധ്യസ്ഥ്യശക്തിയും നമുക്ക് പ്രചോദനവും ശക്തിയുമാകട്ടെ. കേരളസഭാതനയരിൽ ഒരാൾകൂടി വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നു എന്നത് നമുക്കേവർക്കും അഭിമാനാർഹമാണ്. വിശുദ്ധരുടെ ജീവിതവും മാധ്യസ്ഥ്യശക്തിയുമാണ് സഭയെ ബലപ്പെടുത്തുകയും കൂട്ടായ്മയിൽ ഉറപ്പിക്കുകയും ചെയ്യുന്നത്. സി. റാണി മരിയ വട്ടാലിൽ എഫ്.സി.സി., തന്റെ ജീവിതത്തിന്റെ അവസാനവർഷങ്ങൾ ചെലവഴിക്കുകയും 25 ഫെബ്രുവരി 1995-ന് രക്തസാക്ഷിമകുടം ചൂടുകയും ചെയ്ത ഇൻഡോറിൽ വച്ച് 2017 നവംബർ 4 രാവിലെ 10-ന് വാഴ്ത്തപ്പെട്ട രക്തസാക്ഷിയായി നാമകരണം ചെയ്യപ്പെടും. പരിശുദ്ധ സിംഹാസനത്തിന്റെ പ്രതിനിധിയും കർദിനാളുമായ ആഞ്ചലോ അമാത്തോ തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ നടക്കുന്ന വിശുദ്ധ കുർബാനമധ്യേയാണ് ദൈവദാസി സിസ്റ്റർ റാണിമരിയ വാഴ്ത്തപ്പെട്ടവളായി നാമകരണം ചെയ്യപ്പെടുന്നത്. തുടർന്ന്, 2017 നവംബർ 5-ന് സി. റാണി മരിയയുടെ സാമൂഹ്യശുശ്രൂഷകളുടെ അവസാന വേദിയായിരുന്ന ഉദയനഗറിൽ കൃതജ്ഞതാബലിയർപ്പണം നടക്കും.

2017 നവംബർ 4 ഉച്ചകഴിഞ്ഞ് 2.45-ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ സമൂഹബലിയും തിരുശേഷിപ്പ് പ്രതിഷ്ഠയും നടക്കും. വിശുദ്ധ കുർബാന മധ്യേ, കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസപാക്യം വചനപ്രഘോഷണം നടത്തും. തുടർന്നു നടക്കുന്ന സമ്മേളനത്തിൽ സിബിസിഐ പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ അനുഗ്രഹപ്രഭാഷണം നടത്തും. നാഗ്പൂർ രൂപതയുടെ മുൻ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ എബ്രഹാം വിരുതുകുളങ്ങര, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് മദർ ജനറൽ സി. ആൻ ജോസഫ്, സി. സെൽമി പോൾ തുടങ്ങിയവർ അനുസ്മരണപ്രഭാഷണം നടത്തും. കേരളസഭയിലെ എല്ലാ വിശ്വാസികളും നേരിട്ടോ ആത്മീയമായോ ഈ കർമങ്ങളിൽ പങ്കെടുത്ത് ദൈവത്തിന് കൃതജ്ഞതയർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

"വിശ്വാസം മൂലം രക്തസാക്ഷികൾ തങ്ങളുടെ ജീവിതം സമർപ്പിച്ചു. സുവിശേഷത്തിന്റെ സത്യത്തിന് സാക്ഷ്യംവഹിച്ചുകൊണ്ട് അങ്ങനെ ചെയ്തു. ആ സത്യം അവരെ രൂപാന്തരപ്പെടുത്തി. സ്നേഹത്തിന്റെ ഏറ്റം വലിയ ദാനം നേടാൻ അത് അവരെ ശക്തരാക്കി. തങ്ങളെ പീഡിപ്പിച്ചവരോട് ക്ഷമിക്കാനുള്ള കഴിവാണ് ആ ദാനം." (വിശ്വാസത്തിന്റെ വാതിൽ, നമ്പർ 13). സിസ്റ്റർ റാണി മരിയയക്ക് ലഭിച്ച ഈ ദാനം തുടർന്ന്, സിസ്റ്ററിന്റെ കുടുംബാംഗങ്ങൾക്കും സഭാംഗങ്ങൾക്കും പകർന്നു ലഭിച്ചതായി കാണാം. ഭാരതത്തിൽ മാത്രമല്ല, വിദേശങ്ങളിൽപ്പോലും ഈ ക്ഷമിക്കുന്ന സ്നേഹത്തിന്റെ മാതൃക സ്വാധീനംചെലുത്തി. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,35) എന്ന ദിവ്യനാഥന്റെ ആഹ്വാനം ജീവിതത്തിൽ പ്രാവർത്തികമാക്കി നമുക്കു മാതൃകയും പ്രചോദനവുമായി നിലകൊള്ളുന്ന ഈ കാലഘട്ടത്തിന്റെ പ്രവാചിക സി. റാണി മരിയായെ വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കുയർത്തുന്നതിന് നല്ല ദൈവത്തിനു നമുക്കു നന്ദിപറയാം. "നമുക്കും അവനോടുകൂടി പോയി മരിക്കാം" എന്ന ഭാരത അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ വാക്കുകൾ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കിക്കൊണ്ട് രക്തസാക്ഷിമകുടം ചൂടിയ വാഴ്ത്തപ്പെട്ട രക്തസാക്ഷി റാണി മരിയ നമുക്ക് അഭിമാനവും അനുഗ്രഹവുമായി ഭവിക്കട്ടെ.

സഹോദരരിൽ, വിശിഷ്യാ ദരിദ്രരിലും നിരാലംബരിലും ഈശോയെ ദർശിച്ച് ശുശ്രൂഷചെയ്യുന്ന എല്ലാ പ്രേഷിതരെയും ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു. പ്രേഷിത തീക്ഷ്ണതയോടെയും സമർപ്പണ മനോഭാവത്തോടെയും സുവിശേഷപ്രഘോഷണം നടത്തുന്ന അനേകം പ്രേഷിതർ സഭയുടെ എല്ലാ തലങ്ങളിലും ഉണ്ടാകുന്നതിന് ഇടയാകട്ടെ.

ദൈവദാസി സി. റാണി മരിയയുടെ ഘാതകനോട് നിരുപാധികം ക്ഷമിച്ച് മാതൃക കാട്ടിയ വട്ടാലിൽ കുടുംബാംഗങ്ങളെപ്പോലെ മാതൃകാപരമായ കുടുംബജീവിതത്തിലൂടെ സഭയ്ക്കും സമൂഹത്തിനും ശക്തിപകരാൻ എല്ലാ കുടുംബങ്ങൾക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.


**ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. യൂഹാനോൻ മാർ ക്രിസോസ്തം**
**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
വൈസ് പ്രസിഡന്റ്, കെസിബിസി
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - *682 025*

---

N.B: 2017 ഒക്ടോബർ 22-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.




## I

## വൈദിക സമ്മേളനം

ഈ വർഷത്തെ രണ്ടാമത്തെ വൈദിക സമ്മേളനം (Presbyterium) നവംബർ മാസം 21-ാം തീയതി രാവിലെ 10 മണിക്ക് അതിരൂപതാകേന്ദ്ര ത്തിലെ മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്ത പ്പെടുന്നു. ചങ്ങനാശേരി അതിരൂപതാ വൈദികർ മാത്രം സംബന്ധിക്കേണ്ട സമ്മേളനമാണിത്.

## II

## മിഷൻ ഞായർ

ഈ വർഷത്തെ 'മിഷൻ ഞായർ' ഒക്ടോബർ 22-ാം തീയതിയാണ്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സ്വയാർപ്പണത്തിലൂടെയും പ്രാർത്ഥനയിലൂടെയും വിഭവങ്ങളുടെ പങ്കുവയ്ക്കലിലൂടെയും ഭാഗഭാ ക്കാകാനുള്ള സഭാംഗങ്ങളുടെ ദൗത്യത്തെക്കുറിച്ച് ഉചിതമായ പ്രബോധ നങ്ങൾ നല്കുന്നതിനും ഇതര കർമ്മപരിപാടികൾ ഇടവകകളിൽ സംഘ ടിപ്പിക്കുന്നതിനും ബഹു. വികാരിമാർ ശ്രദ്ധവയ്ക്കേണ്ടതാണ്.

മിഷൻ ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച 2017 ഒക്ടോബർ 31-നു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ട താണ്.

| | |
|---|---|
| Secretary to Mar Thomas Tharayil | : 8078088468 |
| Archeparchial Tribunal | : 8078275421 |

### സാമ്പത്തിക കാര്യാലയത്തിൽനിന്നും

2017 ഒക്ടോബർ 22 മിഷൻസൺഡേ ആചരണത്തിനായുള്ള കവറു കൾ എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും എത്തിച്ചിട്ടുണ്ട്. ബഹു. വികാ രിയച്ചന്മാർ പ്രസ്തുത കവറുകൾ ഫൊറോനാകേന്ദ്രത്തിൽനിന്ന് വാങ്ങി ക്കൊണ്ടുപോകണമെന്ന് താത്പര്യപ്പെടുന്നു.

**അതിരൂപതാ പ്രൊക്യുറേറ്റർ**

# ദൈവദാസൻ മാത്യു കാവുകാട്ട് പിതാവിന്റെ

# 48-ാം ചരമവാർഷികം

**2017 ഒക്ടോബർ 9-ാം തീയതി തിങ്കളാഴ്ച്ച**
**ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ**

## 2017 ഒക്ടോബർ 1 മുതൽ 9 വരെ

3.30 p.m. : **ജപമാല പ്രദക്ഷിണം, ആരാധന**

4.30 p.m. : **വിശുദ്ധ കുർബാന, ധൂപപ്രാർത്ഥന**

## 2017 ഒക്ടോബർ 9 തിങ്കൾ

## കാവുകാട്ടു പിതാവിന്റെ ചരമദിനം

5.30 a.m. : **വിശുദ്ധ കുർബാന**
**മാർ തോമസ് തറയിൽ**
(ചങ്ങനാശ്ശേരി അതിരൂപത സഹായ മെത്രാൻ)

7.00 a.m. : **വിശുദ്ധ കുർബാന**
**വെരി. റവ. ഡോ. ജോസഫ് കുഴിഞ്ഞാലിൽ**
(വികാരി ജനറാൾ പാലാ രൂപതാ)

9.30 a.m. : **വിശുദ്ധ കുർബാന**
**മാർ ജോസഫ് പുളിക്കൽ** (സഹായ മെത്രാൻ കാഞ്ഞിരപ്പള്ളി)

11.15 a.m. : **വിശുദ്ധ കുർബാന**
**മാർ ജോസഫ് പെരുന്തോട്ടം**
(ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലിത്താ)

1.00 p.m: **വിശുദ്ധ കുർബാന**
**നവവൈദികർ**

3.00 p.m. : **വിശുദ്ധ കുർബാന**
**വെരി. റവ. ഡോ. ജെയിംസ് പാലയ്ക്കൽ**
(വികാരി ജനറാൾ ചങ്ങനാശ്ശേരി)

**സന്ദേശം: മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലിത്താ**

5.00 p.m. : **വിശുദ്ധ കുർബാന**
**റവ. ഫാ. ഡോമിനിക് മുണ്ടാട്ട്** (പ്രൊവിൻഷ്യൽ *MCBS* കോട്ടയം)

**തത്സമയ സംപ്രേഷണം: ഒക്ടോബർ 9 ചരമദിനകർമ്മങ്ങൾ**

**ലോകത്തെവിടെനിന്നും ചരമവാർഷിക ശുശ്രൂഷാ ചടങ്ങുകൾ തത്സമയം കാണുവാൻ**

www.archdiocesechanganacherry.org

www.asianetindia.com | www.archdiocesechanganacherry.org |
Mobile App: Asianet Mobile Tv

**എ സി വി ഉത്സവ് ചാനലിൽ തത്സമയ സംപ്രേഷണം ഉണ്ടായിരിക്കും.**

## പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

### മുതിർന്ന അഭിഭാഷകരെ ആദരിച്ചു

ചങ്ങനാശ്ശേരി അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതിയുടെ ആഭിമുഖ്യത്തിൽ 09-09-2017 ൽ അഭിഭാഷക സംഗമം നടത്തി. അഭിഭാഷകർ സമൂഹത്തിലെ ഉന്നതസ്ഥാനീയരാണെന്നും അവർ സത്യത്തിന്റെയും നീതിയുടെയും ശുശ്രൂഷകരാകണമെന്നും അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടന പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു. അഭി. മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്താ ആമുഖ സന്ദേശം നൽകി. അതിരൂപതാംഗമായ മുൻ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കെ. കെ. മാത്യുവിനെ അനുസ്മരിച്ച് അഡ്വ. കെ. ജെ. കുര്യൻ പ്രഭാഷണം നടത്തി. ദേശീയ വിദ്യാഭ്യാസനയവും രാഷ്ട്രീയ അജണ്ടകളും എന്ന വിഷയത്തിൽ പ്രൊഫ. റോണി കെ. ബേബി ക്ലാസ്സ് നയിച്ചു.

പോലീസ് കംപ്ലെയ്ന്റ് അതോറിറ്റി ചെയർമാൻ അഡ്വ. കെ. സി. ജോർജ്ജ്, വനംവികസന കോർപ്പറേഷൻ ചെയർമാൻ അഡ്വ. ജോർജ്ജ് തോമസ് എന്നിവരെയും, മുതിർന്ന അഭിഭാഷകരായ അഡ്വ. ജോസഫ് കോയിപ്പള്ളി, അഡ്വ. ചെറിയാൻ മാത്യു, അഡ്വ. പി.സി. ചെറിയാൻ, അഡ്വ. എ. വി. ജോർജ്ജ്, അഡ്വ. കെ.ജെ. കുര്യൻ, അഡ്വ. എ.വി. വർക്കി, അഡ്വ. തോമസ് സെബാസ്റ്റ്യൻ, അഡ്വ. ഇ.റ്റി. മാത്യു, അഡ്വ. ചെറിയാൻ ചാക്കോ എന്നിവരെ അഭി. ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ ആദരിച്ചു.

### വർഗീയ-വർഗസമര ഫാസിസ്റ്റ് ശക്തികൾ നാടിന് ആപത്ത്: മാർ ജോസഫ് പവ്വത്തിൽ

വർഗീയ-വർഗസമര ഫാസിസ്റ്റ് ശക്തികൾ നാടിന് ആപത്താണെന്നും അവയ്ക്കെതിരെ അതീവ ജാഗ്രത പുലർത്തണമെന്നും അതിരൂപതാ ജാഗ്രതാസമിതി സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ അഭിപ്രായപ്പെട്ടു.

മതവിരുദ്ധരെ സൃഷ്ടിക്കുന്ന രാഷ്ട്രീയ ഫാസിസം കേരളത്തിൽ വർദ്ധിച്ചു വരുന്നുണ്ടെന്നും രാജ്യത്താകമാനം പടരുന്ന വർഗീയ ഫാസിസം സമൂഹത്തിൽ ഭീതി പരത്തുന്നുണ്ടെന്നും മാർ പവ്വത്തിൽ ചൂണ്ടിക്കാട്ടി. ഈ കാലഘട്ടത്തിൽ സഭാംഗങ്ങൾക്കുണ്ടാകേണ്ട ജാഗ്രത, കേരളത്തിലെ വർഗ്ഗീയ ധ്രുവീകരണവും പരിണിതഫലങ്ങളും, ജാഗ്രതാസമിതി എന്ത്? എങ്ങനെ? എന്നീ വിഷയങ്ങളിൽ പ്രൊഫ. ഡോ. റൂബിൾ രാജ്, റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ, ഫാ. ആന്റണി തലച്ചെല്ലൂർ എന്നിവർ ക്ലാസുകൾ നയിച്ചു.

വിവിധ മാധ്യമ അവാർഡുകൾ കരസ്ഥമാക്കിയ ദീപിക പത്രാധിപസമിതി അംഗം ജിമ്മി ഫിലിപ്പിനെ സമ്മേളനത്തിൽ ആദരിച്ചു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഓ

**ഫാ. ആന്റണി തലച്ചല്ലൂർ**
കോഡിനേറ്റർ, ഫോൺ: 9495230100

# പ്രവാസി അപ്പസ്തോലേറ്റ്

ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിൽനിന്നും ആശംസകൾ. 2015 ആഗസ്റ്റ് മാസം 15-ന് ആരംഭംകുറിച്ച പ്രവാസി പ്രേഷിത പ്രവർത്തനം അതിന്റെ രണ്ടാം വാർഷികവും പ്രവാസി കുടുംബങ്ങളുടെ സംഗമവും 2017 ജൂലൈ 29-ന് നമ്മുടെ അതിരൂപതാ കേന്ദ്രത്തിലെ മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെട്ടു. പ്രസ്തുത സംഗമത്തിൽ പങ്കെടുത്ത അഭിവന്ദ്യ പിതാക്കന്മാർക്കും, ബഹു. അച്ചന്മാർക്കും പ്രവാസി കുടുംബ അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഇടവകതലത്തിലുള്ള പ്രവാസി സംഗമങ്ങൾ**

a) 2017 സെപ്റ്റംബർ 6 ബുധനാഴ്ച 5.30ന് മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ഇടവകയിൽ ബഹു. ജേക്കബ് ചീരംവേലിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രവാസി സംഗമത്തിൽ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും ഡയറക്ടറും പങ്കെടുത്തു.

b) 2017 സെപ്റ്റംബർ 17-ന് വെരൂർ സെന്റ് ജോസഫ് ഇടവകയിൽ ഉച്ചകഴിഞ്ഞ് 3 മണിക്ക് പ്രവാസികളുടെ സംഗമം ബഹു. തോമസ് പ്ലാപ്പറമ്പിലച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

പ്രവാസി കുടുംബങ്ങളുടെ രജിസ്ട്രേഷൻ ഇപ്പോൾ നടന്നുവരുന്നു. ഇതുവരെ 10,000 കുടുംബങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയായി. ഓരോ ഇടവകയിൽനിന്നും ബഹു. വികാരിയച്ചന്മാർ നിർദ്ദേശിച്ച പ്രവാസി പ്രതിനിധികൾ വഴി ഇടവകകളിലുള്ള മുഴുവൻ പ്രവാസി കുടുംബങ്ങളുടെയും വിവരങ്ങൾ രജിസ്റ്റർ ചെയ്യുവാൻ സഹായിക്കണേ.

**പ്രവാസി പ്രേഷിത വകുപ്പിന്റെ പ്രവർത്തന മേഖലകൾ:**

(1) ചങ്ങനാശേരി അതിരൂപതാ പ്രവാസി കുടുംബങ്ങളുടെ ക്ഷേമം.

(2) പ്രവാസജീവിതത്തിൽനിന്ന് തിരികെയെത്തിയ കുടുംബങ്ങളുടെ പുനരധിവാസത്തിന് കേരളാ ഗവൺമെന്റിന്റെ NORKA ROOTS-ൽനിന്നും ലഭ്യമാകുന്ന പദ്ധതികൾ അറിയിക്കുക.

3. Pre-departures orientation courses.

4. പ്രവാസികളുടെ മാതാപിതാക്കളുടെ ക്ഷേമം.

സ്നേഹപൂർവ്വം,

**ഫാ. ഫ്രാൻസിസ് പുത്തൻപുരയ്ക്കൽ**

ഡയറക്ടർ

## XIV PASTORAL COUNCIL
**ARCHEPARCHY OF CHANGANACHERRY**

### പാസ്റ്ററൽ കൗൺസിൽ - പ്രസ്ബിറ്ററൽ കൗൺസിൽ
## സുവർണ്ണജൂബിലി സംഗമവും സിമ്പോസിയവും
**2017 ഒക്ടോബർ 28 ശനി 9.30 a.m.-3.30 p.m.**
## അസംപ്ഷൻ കോളേജ് ഓഡിറ്റോറിയം

പ്രിയരേ,

നമ്മുടെ അതിരൂപത പാസ്റ്ററൽ-പ്രസ്ബിറ്ററൽ കൗൺസിലുകളുടെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2017 ഒക്ടോബർ 28-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3.30 വരെ അസംപ്ഷൻ ഓഡിറ്റോറിയത്തിൽ സുവർണ്ണ ജൂബിലി സംഗമവും സിമ്പോസിയവും സംഘടിപ്പിച്ചിരിക്കുന്നു. അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന ജൂബിലിസംഗമം സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് ഉദ്ഘാടനം ചെയ്യുന്നതാണ്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പ്രോ. വൈസ് ചാൻസിലർ പ്രൊഫ. ഡോ. സാബു തോമസ് വിശിഷ്ടാതിഥിയായിരിക്കും. മാർ ജോസഫ് പവ്വത്തിൽ, മാർ തോമസ് തറയിൽ, ശ്രീ. പി.സി. സിറിയക് IAS, റവ. ഡോ. ബോബി വർഗീസ് എന്നിവർ പങ്കെടുക്കും.

പാസ്റ്ററൽ കൗൺസിലിന് സമഗ്രസംഭാവനകൾ നൽകിയവർ, മുൻ സെക്രട്ടറിമാർ തുടങ്ങിയവരെ സമ്മേളനത്തിൽ ആദരിക്കും. സിമ്പോസിയത്തിൽ പ്രഗത്ഭരായ വൈദിക, സന്യാസ, അല്മായ പ്രതിനിധികൾ, വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതാണ്.

എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ജൂബിലി സംഗമത്തിലും സിമ്പോസിയത്തിലും തീർച്ചയായും സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഡോ. സോണി കണ്ടങ്കരി** (സെക്രട്ടറി)
**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ** (അസി. സെക്രട്ടറി)

# സന്ദേശനിലയം

സ്നേഹമുള്ളവരേ,

സ്ലീവായുടെ തണലിൽ വിശ്വാസത്തിന്റെ തീർത്ഥാടനത്തിലാണു നാം. വിശ്വാസം പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന ഒരു കാലഘട്ടത്തിൽ, സ്ലീവാ യാൽ ഈ ഭൂമിയിൽ തിന്മയുടെമേൽ വിജയം വരിച്ച മിശിഹാ നമ്മുടെ ജീവിത ങ്ങൾക്ക് ബലമേകട്ടെ. മക്കളെ വിശ്വാസത്തിൽ ആഴപ്പെടുത്തുവാനും, പ്രതിസ ന്ധികളെ അതിജീവിക്കുന്നതിൽ പ്രാപ്തരാക്കുവാനും നമ്മുടെ വിശ്വാസപരി ശീലന പ്രവർത്തനങ്ങൾ വഴിതെളിക്കണം.

ഒക്ടോബർ മാസം മതബോധനവർഷ പ്രവർത്തനങ്ങൾ പുതിയൊരു ഘട്ട ത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഒന്നാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞു. CRT സന്ദർശ നങ്ങൾ ഒന്നാം ഘട്ടം പൂർത്തിയാകുന്നു. ബൈബിൾ കലോത്സവം ഫൊറോന തല മത്സരങ്ങൾ പൂർത്തീകരിക്കുന്നു. വിവിധങ്ങളായ പരിശീലന പരിപാടിക ളിലൂടെ നാം കടന്നുപോകുമ്പോൾ എല്ലാറ്റിന്റെയും ആത്യന്തികലക്ഷ്യം മിശി ഹായിൽ നവീകരിക്കപ്പെടുക, സഭയോടൊത്ത് വളരുക എന്നത് തന്നെയാണ്. ഈ ചൈതന്യം നമുക്ക് നഷ്ടപ്പെടാതിരിക്കട്ടെ.

മതാധ്യാപക സെമിനാറുകളിലെ പങ്കാളിത്തം സജീവമാക്കുവാൻ ശ്രദ്ധിക്ക ണം. കുട്ടികളുടെ പരിശീലനത്തിനായുള്ള അവസരങ്ങൾ നഷ്ടപ്പെടുത്താൻ മതാധ്യാപകരായ നമ്മുടെ അനാസ്ഥ കാരണമാകരുത്. നാം പരിശീലിപ്പിക്കു ന്നത് വെറും വ്യക്തികളെ മാത്രമല്ല, ഒരു തലമുറതന്നെ നമ്മുടെ കരങ്ങളിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നു.

ഏവർക്കും അനുഗ്രഹപ്രദമായ ദിനങ്ങൾ ആശംസിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

**ജോബിയച്ചൻ**

**ജോസിയച്ചൻ**

**ഒക്ടോബർ**

1 ഞായർ : വി. കൊച്ചുത്രേസ്യാ

SMCC പ്രതിഭാ അവാർഡ് ചങ്ങനാശേരി, തൃക്കൊടിത്താനം, മണി മല ഫൊറോനകൾ

2 തിങ്കൾ : BCT Batch 2 (മൂന്നാം ദിവസം)

7 ശനി : CLT- ക്ലാസ്സ്

8 ഞായർ : സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷ

രാവിലെ 11.00 മുതൽ 1.00 വരെ (1 മുതൽ 7 വരെയുള്ള ക്ലാസ്സു കൾക്ക്)

ഉച്ചകഴിഞ്ഞ് 2.00 മുതൽ 4 വരെ (8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾക്ക്)

14 ശനി : BCT Batch 3 (ഒന്നാം ദിവസം)

കോട്ടയം, മണിമല, നെടുംകുന്നം, പുളിംകുന്ന് ഫൊറോനകളിലെ നവാഗതരായ അധ്യാപകർക്ക്)

ഫൊറോന മതാധ്യാപക സെമിനാർ-കൊല്ലം-ആയൂർ

SMCC പ്രതിഭാ അവാർഡ് കൊല്ലം-ആയൂർ ഫൊറോന

18 ബുധൻ : MCC Class 7

BCT Batch 3 (രണ്ടാം ദിവസം)

ഫൊറോന മതാധ്യാപക സെമിനാർ-ആലപ്പുഴ

28 ശനി : CLT ക്ലാസ്സ്

: ഫൊറോന മതാധ്യാപക സെമിനാർ-അമ്പൂരി

: BCT Batch 3 (മൂന്നാം ദിവസം)

SMCC പ്രതിഭാ അവാർഡ് അമ്പൂരി ഫൊറോന

**2017 നവംബർ**

4 ശനി : ഫൊറോന സെമിനാർ - മണിമല

11 ശനി : CLT ക്ലാസ്സ്, MCC Class

ഫൊറോന മതാധ്യാപക സെമിനാർ - തിരുവനന്തപുരം

SMCC പ്രതിഭാ അവാർഡ് തിരുവനന്തപുരം ഫൊറോന

**പ്രത്യേകശ്രദ്ധയ്ക്ക്**

**SMCC പ്രതിഭാ അവാർഡ് അതിരൂപതാശില്പശാല**

നവംബർ 24, 25, 26 (വെള്ളി, ശനി ഞായർ) തീയതികളിൽ സന്ദേശനിലയത്തിൽ. ഫൊറോനതല ശില്പശാലയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ അതിരൂപതാതല ശില്പശാലയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ബൈബിൾ കലോത്സവത്തിലെ പോയിന്റ് നിർണ്ണയിക്കുന്ന രീതി**

1. മത്സരത്തിൽ ലഭിച്ച ഗ്രേഡ്, സ്ഥാനം എന്നിവ കണക്കിലെടുത്താണു പോയിന്റ് നൽകുക. രണ്ടു പ്രകാരത്തിലും ലഭിച്ച പോയിന്റിന് വ്യക്തി/ഗ്രൂപ്പ് അർഹരാണ്.
2. വചനരംഗാവതരണം, സങ്കീർത്തനാലാപനം, ഗാനമേള, മാർഗ്ഗംകളി എന്നീ ഇനങ്ങൾ ഗ്രൂപ്പു മത്സരങ്ങളായും ബാക്കിയുള്ളവ സിംഗിൾ മത്സരങ്ങളായും കണക്കാക്കുന്നതാണ്.
3. മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകളുടെ എണ്ണം മൂന്നിൽ കുറവാണെങ്കിൽ ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പോയിന്റു നിർണ്ണയിക്കുന്നതാണ്. എന്നാൽ സമ്മാനങ്ങളും സ്ഥാനത്തിനുള്ള പോയിന്റും നൽകുന്നതല്ല.

| മത്സരത്തിൽ ലഭിച്ച മാർക്ക് | ഗ്രേഡ് | പോയിന്റ് | |
|---|---|---|---|
| | | ഗ്രൂപ്പ് | സിംഗിൾ |
| 60% ഉം അതിൽ കൂടുതലും | A | 10 | 5 |
| 50% ഉം അതിൽ കൂടുതലും എന്നാൽ 60% ൽ കുറവ് | B | 5 | 3 |
| 40% ഉം അതിൽ കൂടുതലും എന്നാൽ 50% ൽ കുറവ് | C | 3 | 1 |

| മത്സരത്തിൽ ലഭിച്ച സ്ഥാനം | ഗ്രേഡ് | പോയിന്റ് | |
|---|---|---|---|
| | | ഗ്രൂപ്പ് | സിംഗിൾ |
| ഒന്നാം സ്ഥാനം | - | 3 | 3 |
| രണ്ടാം സ്ഥാനം | - | 2 | 2 |
| മൂന്നാം സ്ഥാനം | - | 1 | 1 |

**ആദരാഞ്ജലികൾ**

കുറുമ്പനാടം സെന്റ് ആന്റണീസ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. ലൂസി ഫിലിപ്പ് മേടയിൽ, ശ്രീമതി. റ്റെസി ജേക്കബ് കോട്ടയ്ക്കൽ, ശ്രീമതി. ലില്ലി ജേക്കബ് കോച്ചേരിപടവിൽ എന്നിവരുടെ മാതാവിന്റെ നിര്യാണത്തിലും എടത്വാ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ അധ്യാപികയും ഫൊറോന സെക്രട്ടറിയുമായ സി. ജെസ് മേരി SABS ന്റെ മാതാവിന്റെ നിര്യാണത്തിലും കിടങ്ങറ സെന്റ് ഗ്രിഗോരിയോസ് സൺഡേസ്കൂൾ അധ്യാപിക സി. ഉഷാ മരിയാ FCCയുടെ പിതാവിന്റെ നിര്യാണത്തിലും ചങ്ങനാശേരി അസംപ്ഷൻ കോളേജ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ലെനിൻ കുട്ടംപേരൂറിന്റെ പിതാവിന്റെ നിര്യാണത്തിലും അതിരമ്പുഴ സെന്റ് മേരീസ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോർജ്ജ് മാത്യുവിന്റെ ഭാര്യ മേരിക്കുട്ടിയുടെ നിര്യാണത്തിലും സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**സീറോമലബാർ സഭ എക്യുമെനിക്കൽ ഡയറക്ടറി**

**സീറോമലബാർ സിനഡിൽ നിന്നും പ്രസിദ്ധീകരിച്ച**

**"Called to be United" എന്ന സീറോമലബാർ എക്യുമെനിക്കൽ ഡയറക്ടറി**

**ബഹു. വൈദികർക്കായി 100/- രൂപ നിരക്കിൽ**

**സന്ദേശനിലയം ഓഫീസിൽനിന്നും ലഭ്യമാണ്.**

# ചെറുപുഷ്പ മിഷൻ ലീഗ്

*ഈശോയിൽ സ്നേഹമുള്ളവരേ,*

ചെറുപുഷ്പമിഷൻലീഗ് സംഘടനയെ സംബന്ധിച്ചിടത്തോളം ഏറ്റം പ്രധാനപ്പെട്ട ഒരു മാസത്തിലേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണ്. ഒക്ടോബർ മാസം വിവിധ പരിപാടികളോടെ പ്രേഷിതമാസമായി നാം ആചരിക്കുന്നു. 24 വർഷത്തെ ഹ്രസ്വജീവിതകാലമത്രയും വിശുദ്ധജീവിതം നയിച്ച് ആഗോള മിഷൻ മദ്ധ്യസ്ഥയായിത്തീർന്ന നമ്മുടെ സംഘടനയുടെ മദ്ധ്യസ്ഥ വി. കൊച്ചുത്രേസ്യാപുണ്യവതിയുടെ തിരുനാൾ ഒക്ടോബർ 1-ന് നാം ആചരിക്കുന്നു. ഈ ദിവസം ദൈവവിളി ദിനമായി നാം ആചരിക്കുന്നു. ധാരാളം നല്ല ദൈവവിളികൾ സഭയിൽ ഉണ്ടാകുവാനായി നമുക്ക് പ്രാർത്ഥിക്കാം. അന്നേ ദിവസം അംഗത്വനവീകരണം നടത്തേണ്ട ദിവസവുമാണ്. ശാഖാതലത്തിൽ ഇത് ആകർഷകവും പ്രയോജനപ്രദവുമായ രീതിയിൽ ക്രമീകരിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. ദൈവവിളി വിഹിതമായി സൺഡേസ്കൂളിൽ പഠിക്കുന്ന ഓരോ കുട്ടിയിൽനിന്നും ഒരു രൂപാവീതം ശേഖരിച്ച് അതിരൂപതാ ഓഫീസിൽ ഏല്പിക്കുമല്ലോ.

2017 ഒക്ടോബർ 3-ാം തീയതി സംഘടനാസ്ഥാപനത്തിന്റെ 70-ാം വാർഷികം കൂടിയാണ്. ഈ മാസത്തെ പ്രത്യേക പരിപാടികൾ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നതിനനുസരിച്ച് ക്രമീകരിക്കുവാൻ ഓർമ്മിപ്പിക്കുന്നു. നവംബർ 17, 18, 19 തീയതികളിൽ നടക്കുന്ന അതിരൂപതാതല അൾത്താര ബാലന്മാരുടെ ക്യാമ്പിനും ഡിസംബർ 2-ാം തീയതി നടക്കുന്ന അതിരൂപതാതല എക്ലേസിയക്വിസ്, മിഷൻആന്തം മത്സരങ്ങൾക്കുമായി മേഖലതല മത്സരങ്ങൾ നടത്തി ലിസ്റ്റ് അതിരൂപതയിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എക്ലേസിയക്വിസിന്റെ വിഷയങ്ങളിൽ മാലിപ്പറമ്പിലച്ചനെയും മിഷൻലിഗിനെയും കാളാശേരി പിതാവിനെയും സംബന്ധിച്ച പൊതുചോദ്യങ്ങൾക്ക് പഠനഗ്രന്ഥമായ 'വൊക്കാരെ,' 2017-18ലെ മാർഗ്ഗരേഖ, "നിന്റെ രാജ്യം വരണം" എന്ന മാർ ജെയിംസ് കാളാശേരിയുടെ ജീവചരിത്രം എന്നിവയാണ് ഉപയോഗിക്കുന്നത്. എല്ലാവിധ വിജയാശംസകളും നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

നിങ്ങളുടെ,

**ജോബിയച്ചൻ**

**ജോസിയച്ചൻ**

**ഒക്ടോബർ മാസത്തിലെ പരിപാടികൾ**

1 ഞായർ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ അംഗത്വ നവീകരണം നടത്തുക. ദൈവവിളിദിനം, ദൈവവിളിയ്ക്കായി പ്രാർത്ഥിക്കുക.

2 തിങ്കൾ : ദൈവദാസൻ മാർ മാത്യു കാവുകാട്ട് തീർത്ഥാടനം

3 ചൊവ്വ : മിഷൻലീഗ് സപ്തതിയുടെ തികവിൽ (70-ാം ജന്മദിനം) പതാക വന്ദനം

4 ബുധൻ : വി. ഫ്രാൻസിസ് അസീസിയുടെ തിരുനാൾ

8 ഞായർ : സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷ

16 തിങ്കൾ : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ

21 ശനി : ദേശീയ മാനേജിംഗ് കമ്മിറ്റി

22 ഞായർ : മിഷൻ ഞായർ, പ്രത്യേക സമ്മേളനം ശാഖകളിൽ നടത്തുക. ഭവന സന്ദർശനം ശാഖാതലത്തിൽ നടത്തുക.

27 വെള്ളി : അഭിവന്ദ്യ കാളാശേരി പിതാവിന്റെ ചരമദിനം, അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

29 ഞായർ : മാർ ജെയിംസ് കാളാശേരി അനുസ്മരണം ശാഖകളിൽ നടത്തുക.

31 ചൊവ്വ : സമ്മാനകൂപ്പൺ ശാഖകൾ മേഖലകളിൽ ഏൽപിക്കേണ്ട അവസാന തീയതി.
പ്രേഷിതമാസ സമാപനം

**നവംബർ**

12 ഞായർ : എക്ലേസിയ ക്വിസ് - മേഖലകളുടെ ലിസ്റ്റ് സമർപ്പിക്കേണ്ട അവസാന തീയതി

17 - 19 : അൾത്താര ബാലന്മാരുടെ ക്യാമ്പ് (കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ)

## ഫാ. ജോസഫ് മാലിപ്പറമ്പിലനുസ്മരണം

നമ്മുടെ സ്ഥാപക ഡയറക്ടർ ബ. ജോസഫ് മാലിപ്പറമ്പിലച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിൽവച്ച് സെപ്റ്റംബർ 9-ാം തീയതി ശനിയാഴ്ച അനുസ്മരണ സമ്മേളനം നടത്തപ്പെട്ടു. ചെറുപുഷ്പം പള്ളി വികാരി റവ. ഫാ. തോമസ് തെക്കേക്കരയുടെ നേതൃത്വത്തിൽ എല്ലാം മനോഹരമായി ക്രമീകരിക്കപ്പെട്ടു. അനുസ്മരണസമ്മേളനത്തിൽ പങ്കെടുത്ത വർക്കും അതിന്റെ വിജയത്തിനായി അക്ഷീണം പരിശ്രമിച്ച എല്ലാവർക്കും പ്രത്യേകിച്ച് അവിടെയെത്തിയവരെയെല്ലാം സ്വന്തമെന്നു കരുതി സത്കരിച്ച തെക്കേക്കരയച്ചനും ഹൃദയം നിറഞ്ഞ നന്ദി.

## അതിരൂപതാ കൗൺസിൽ

മിഷൻലീഗ് അതിരൂപതാ കൗൺസിൽ 2017 സെപ്റ്റംബർ 21ന് ചങ്ങനാശേരി അസംപ്ഷൻ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെട്ടു. അഭി വന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ് കൗൺസിൽ ഉദ്ഘാടനം ചെയ്ത് സന്ദേശവും നല്കി. അന്തർ ദേശീയ ഓർഗനൈസർ ശ്രീ. ജോൺസൺ കാഞ്ഞി രക്കാട്ട് പതാക ഉയർത്തൽ കർമ്മം നടത്തി. അതിരൂപതാ ഡയറക്ടർ റവ. ഡോ. ജോബി കറുകപ്പറമ്പിൽ മാർഗ്ഗനിർദ്ദേശം നല്കി.

അതിരൂപതാ പ്രസിഡന്റ് ആശിഷ് ജോ കെ. എസ്. അദ്ധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ഫാ. ജോസി പൊക്കാവരയത്ത് സ്വാഗതവും അതിരൂപതാ സെക്രട്ടറി മാസ്റ്റർ റോഷൻ സേവ്യർ റിപ്പോർട്ട് അവതരണവും നടത്തി. മാർ ജെയിംസ് കാളാശേരി അനുസ്മരണം നിന്റെ രാജ്യം വരണം പുസ്തകപരിചയപ്പെടുത്തൽ ഇവ അതിരൂപതാ ആനിമേറ്റർ ശ്രീ. പ്രകാശ് മുക്കുടിയിൽ നിർവ്വഹിച്ചു. കരിമ്പനക്കുളം എസ്. എച്ച്. സൺഡേസ്കൂളിലെ കുട്ടികൾ ആക്ഷൻസോംഗിലൂടെ സമ്മേളനത്തിന് മാറ്റു കൂട്ടി. റവ. ഫാ. ജോസഫ് മാലിപ്പറമ്പിലനുസ്മരണം അതിരൂപതാ വൈസ് പ്രസിഡന്റ് അലീന ഡൊമിനിക്കും കുഞ്ഞേട്ടൻ അനുസ്മരണം അതിരൂപതാ ജൂണി. ഓർഗനൈസർ സനിക സിബിയും സി. റാണി മരിയ അനുസ്മരണം അതി. ഓർഗ. പ്രസിഡന്റ് ശ്രീ. സോജൻ ചാക്കോയും നിർവ്വഹിച്ചു. ശ്രീ. ബിനോയി ജോസഫ് സീനിയർ സിവിൽ പോലീസ് ഓഫീസർ സൈബർ സെൽ കൊച്ചി "സാമൂഹിക മാധ്യമങ്ങളിലെ നെല്ലും പതിരും" എന്തൊക്കെയാണെന്ന് വളരെ തന്മയത്വത്തോടുകൂടി അവതരിപ്പിച്ചു. മിഷൻ വിഷൻ സി. ലിസി കണിയാംപറമ്പിൽ നിർവ്വഹിച്ചു. അതിരൂപതാ ഓർഗ. ജോ. സെക്രട്ടറി ശ്രീ. ബിൻസൺ ഐസക് കൃതഞ്ജത അർപ്പിച്ചു. മിഷൻലീഗ് അതിരൂപതാ ഗായകസംഘം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. അതിരൂപതാ ഓർഗ. വൈസ് പ്രസിഡന്റ് ശ്രീമതി. മിനി തോമസ് കരുവേലിൽ പതാക താഴ്ത്തൽ കർമ്മം നിർവ്വഹിച്ചു. അതിരൂപതാ കൗൺസിലിൽ സഹകരിച്ച എല്ലാവർക്കും നന്ദി.

**ദൈവവിളിക്കായി എന്റെ സംഭാവന**

മിഷൻലീഗിന്റെ പ്രഖ്യാപിതലക്ഷ്യങ്ങളിലൊന്നായ ദൈവവിളിയുടെ പ്രോത്സാഹനാർത്ഥം പ്രാർത്ഥിക്കുന്നതോടൊപ്പം തന്നെ നമ്മുടെ അതിരൂപതയിലെ വൈദികാർത്ഥികളുടെ പരിശീലന ചിലവുകളിലേക്കുതകുന്നതിനായി ഒരു സഹായം നാം നൽകുന്നു. അതിലേയ്ക്കായി ദൈവിളി ദിനമായ ഒക്ടോബർ 1 ന് മതബോധന ക്ലാസ്സുകളിലെ എല്ലാ കുട്ടികളിൽനിന്നും ഒരു രൂപ വീതം ശേഖരിച്ച് ഒക്ടോബർ 30 ന് മുൻപായി അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഈ തുക അതിരൂപതാ കുഞ്ഞുമിഷനറിമാരുടെ സംഗമത്തിൽ വച്ച് അഭിവന്ദ്യ പിതാവിനെ ഏല്പിക്കുന്നതാണ്.

**മിഷൻ ഞായർ**

ഒക്ടോബർ 22-ആഗോള മിഷൻ ഞായർ. ശാഖകളിൽ പ്രത്യേക സമ്മേളനം നടത്തുക. മിഷൻ ഞായറിനോടനുബന്ധിച്ച് ഭവനസന്ദർശനം നടത്തി സംഭാവന ശേഖരിക്കുക. ഓരോ മേഖലയ്ക്കും നിശ്ചയിക്കപ്പെട്ടിരിക്കുന്ന മിഷൻരൂപതയ്ക്കായി ഈ സംഭാവന അതിരൂപതാ ഓഫീസിൽ ഏൽപിക്കേണ്ടതാണ്. ശാഖകൾ ഇത് രണ്ടാംഘട്ട റിപ്പോർട്ടിൽ രേഖപ്പെടുത്തുക.

**കെരുബിം 2017**

അൾത്താരബാലന്മാർക്കുവേണ്ടിയുള്ള അതിരൂപതാ ക്യാമ്പ് കെരുബിം **2017 നവംബർ 17,18,19 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടും.** മേഖലാതലത്തിൽ നടന്ന അൾത്താരബാലന്മാരുടെ

സെമിനാറിൽ പങ്കെടുത്ത കുട്ടികളിൽ നിന്നും ഇടവക വികാരിയച്ചൻ നിർദ്ദേശിക്കുന്ന ഒരു അൾത്താര ബാലനാണ് ക്യാമ്പിൽ പങ്കെടുക്കുവാൻ അർഹത നേടുന്നത്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരുടെ പേര്, ഫോട്ടോ സഹിതം, വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ അതിരൂപതാ ഓഫീസിൽ ഒക്ടോബർ 22 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. അതിരൂപതാ ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ഈ ക്യാമ്പിൽ വച്ച് ധന്യൻ മാർ. തോമസ് കുര്യാളശ്ശേരി അവാർഡ് നൽകുന്നതാണ്. **ക്യാമ്പ് ഫീസ് 500 രൂപ ആയിരിക്കും. നവംബർ 17-ാം തീയതി വൈകുന്നേരം 5.30 ന് ആരംഭിക്കുന്ന ക്യാമ്പ് 19-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 സമാപിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്തവരെ അവാർഡിനായി പരിഗണിക്കുന്നതല്ല.**

**മാർ ജെയിംസ് കാളാശ്ശേരി-ജീവചരിത്രം**

'നിന്റെ രാജ്യം വരണം' എന്ന മാർ ജെയിംസ് കാളാശേരി പിതാവിനെക്കുറിച്ചുള്ള ജീവചരിത്രഗ്രന്ഥം അതിരൂപതാ മിഷൻലീഗ് ഓഫീസിൽനിന്നും 30 രൂപ നിരക്കിൽ ലഭ്യമാണ്.

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ

### ഒക്ടോബർ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| ഒക്ടോബർ | 1-6 | അതിരൂപതാ വൈദിക ധ്യാനം III |
| | 8-13 | അതിരൂപതാ വൈദിക ധ്യാനം IV |
| | 16-18 | വിവാഹ ഒരുക്ക ധ്യാനം |
| | 17 | സോണൽ സേവനസമിതി മീറ്റിംഗ് (2 p.m. - 6 p.m.) |
| | 18 | നിശാരാധന, അഭിഷേകപ്രാർത്ഥന (6 p.m. - 10 p.m.) |
| | 19 | അഖണ്ഡ ജപമാല (10 a.m. - 2 p.m.) |
| | 22-26 | വിശ്വാസാനുഭവ ധ്യാനം (സെഹിയോൻ ടീം) |
| | 29 | കരിസ്മാറ്റിക് കുടുംബകൂട്ടായ്മ |

**ഫാ. മാത്യു താന്നിയത്ത്**

9446903631

# ഫാമിലി അപ്പോസ്റ്റലേറ്റ്

സ്നേഹം നിറഞ്ഞ കുടുംബപ്രേഷിതരേ,

നമ്മുടെ ഇടവകകളിലെ നിരവധി കുടുംബങ്ങളുടെ അകത്തളങ്ങൾ സംഘർഷഭരിതമാണ്. കടുത്ത പിരിമുറുക്കത്താൽ വീട്ടിൽ ഒന്ന് പുഞ്ചിരിച്ചിട്ടു തന്നെ കാലമേറെയായ വ്യക്തികളുണ്ട് നമ്മുടെ സമൂഹത്തിൽ. അക്കൂട്ടത്തിൽ വളരെ ചെറിയൊരു വിഭാഗം മാത്രമേ ഈ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ആത്മീയ ആത്മീയേതര സഹായങ്ങൾ സ്വീകരിക്കാൻ തയ്യാറാകുന്നുള്ളു. ആധുനിക ജീവിതസാഹചര്യങ്ങളും കുടുംബപശ്ചാത്തലവുമെല്ലാം മൂലം സ്വച്ഛമായൊരു കുടുംബപരിസരം രൂപീകരിക്കുന്ന് അനല്പമായ ആയാസം ആവശ്യപ്പെടുന്ന സംഗതിയാണ്. വിവാഹ ഒരുക്ക ധ്യാനവും മറ്റ് കുടുംബ സെമിനാറുകളും നാം നടത്തുന്നെങ്കിലും അവയുടെയൊക്കെ പൂർണ്ണ ഫലമെടുക്കുന്നവർ കുറവാണ്. നമ്മുടെ പ്രേഷിതശുശ്രൂഷകളുടെ പരിധിക്കപ്പുറമുള്ള കുടുംബപ്രശ്നങ്ങളുടെ മുന്നിൽ അസ്തപ്രജ്ഞരാകുമ്പോൾ നാം തിരിച്ചറിയണം നമ്മുടെ ശുശ്രൂഷകളേക്കാൾ ദൈവത്തിന്റെ ഇടപെടലാണ് അനിവാര്യം. അതിനാൽ തന്നെ ഏതൊരു കുടുംപ്രേഷിതശുശ്രൂഷയും പ്രാർഥനയുടെ ശക്തമായ പിന്തുണയുള്ളതാവണം. ഒപ്പം കൗൺസലിംഗ് പോലുള്ള സഹായങ്ങളോടു മുഖം തിരിച്ചുനില്ക്കുന്നവരെ പ്രാർഥനയുടെ ശക്തിയാൽ പരിവർത്തനപ്പെടുത്താൻ തക്കവണ്ണമുള്ള ശുശ്രൂഷകൾ നാം ആരംഭിക്കേണ്ടതുണ്ട്. അതുപോലെ മാസത്തിലൊരിക്കലെങ്കിലും നമ്മുടെ കുടുംബങ്ങൾക്കുവേണ്ടിയുള്ളൊരു പ്രാർഥനാദിനം നമ്മുടെ ഇടവകയിലും വീട്ടിലും ഉണ്ടാകട്ടെ.

**ഫാ. ജോസ് മുകളേൽ**
**ഫാ. ജോസഫ് ഇലഞ്ഞിമറ്റം**

**സാക്ഷ്യപേടകം**

കഴിഞ്ഞ 100 ദിവസങ്ങളായി നടത്തിവന്ന 'സാക്ഷ്യപേടകം കർമ്മപദ്ധതി' സെപ്റ്റംബർ 21-ാം തീയതി അവസാനിച്ചു. 'സാക്ഷ്യപേടകത്തോടൊത്ത് സഹകരിച്ച എല്ലാവർക്കും നന്ദി. സാക്ഷ്യപേടകത്തിന്റെ റിപ്പോർട്ടെഴുതാനുള്ള ഫോം അതിരൂപതാ ഓഫീസിൽ ലഭ്യമാണ്. ഒക്ടോബർ 21-നകം റിപ്പോർട്ട് ഓഫീസിൽ നല്കാൻ ശ്രദ്ധിക്കുക.

**പ്രോലൈഫ് ബോധവൽക്കരണം കുറുമ്പനാടം നെടുങ്കുന്നം**

ഫൊറോനാ വികാരിമാരായ വെരി റവ. ഫാ. ജേക്കബ് അഞ്ചുപങ്കിലും വെരി

റവ. പാ. ജോസഫ് പുത്തൻപുരയ്ക്കൽ, ഫൊറോനാ ഡയറക്ടർമാരായ റവ. ഫാ. ജോബിൻ ആനക്കല്ലുങ്കൽ, റവ. ഫാ. ജോസഫ് മണ്ണാന്തറയും ഫൊറോന, യൂണിറ്റ് ഭാരവാഹികൾ, പ്രോലൈഫ് അതിരൂപതാ കോഓർഡിനേറ്റർ ശ്രീ. എബ്രഹാം പുത്തൻകളം, ഫൊറോന കോർഡിനേറ്റർമാരായ അജി കുളത്തുങ്കൽ, ലാലപ്പൻ, പ്രോലൈഫ് പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

**വി. ജിയന്ന തിരുശേഷിപ്പ് പ്രയാണം**

**ഒക്ടോബർ**

12 സെന്റ് തോമസ് ആശുപത്രി, ചെത്തിപ്പുഴ

14 ഫാത്തിമാപുരം-പ്രോലൈഫ് ഇടവക കോർഡിനേറ്റർ, മദ്ധ്യസ്ഥ പ്രാർത്ഥനാ ഗ്രൂപ്പ് ലീഡേഴ്സ് സമ്മേളനം 2-4.30 p.m.

15-16 പുളിങ്കുന്ന് ഫൊറോനാ പള്ളി

16-17 മങ്കൊമ്പ് പയസ് ടെൻത്

17-18 കായൽപ്പുറം

18-19 കണ്ണാടി സെന്റ് റീത്താസ്

19-20 കണ്ണാടി സെന്റ് ജോസഫ്സ്

20-21 കാവാലം സെന്റ് തെരേസാസ്

21-23 കാവാലം ലിസ്യു

23-24 വെളിയനാട് കേസറിയ

24-25 വെളിയനാട് സെന്റ് സേവ്യേഴ്സ്

25-26 രാമങ്കരി

26-27 മാമ്പുഴക്കരി

27-28 മിത്രക്കരി

28-30 വേഴപ്ര

30-31 മൈലാടി

31-നവം.2 പുന്നക്കുന്നത്തുശ്ശേരി

2-4 പള്ളിക്കൂട്ടുമ്മ

4-6 ചമ്പക്കുളം ഫൊറോന പള്ളി

**സെപ്റ്റംബർ മാസത്തിലെ പ്രോഗ്രാമുകൾ**

3 പ്രോലൈഫ് എക്സിബിഷൻ - പുളിങ്കുന്ന് ഫൊറോന പള്ളി

5 പാദുവാപുരം ക്ലാസ്സ്

8 കരുവാറ്റ കുടുംബകൺവൻഷൻ

10 പ്രോലൈഫ് യുവജനസെമിനാർ-കൊണ്ടാക്കൽ

തത്തംപള്ളി ദമ്പതിസംഗമം

പനയമ്പാല പ്രോലൈഫ് ക്ലാസ്സ്

17 പുളിങ്കുന്ന് ഫൊറോന മാതൃ-പിതൃവേദി, പ്രോലൈഫ് ലീഡേഴ്സ് മീറ്റിംഗ് പുളിങ്കുന്ന് ഫൊറോന പള്ളി

പുളിങ്കുന്ന് നേതൃസംഗമം

തൃക്കൊടിത്താനം പള്ളി സാക്ഷ്യപേക സമാപനം

21 സാക്ഷ്യപേടക സമാപനം തുരുത്തി ഫൊറോന, പൊടിപ്പാറയിൽ

ചമ്പക്കുളം മാതൃവേദി ജന്മദിനാചരണവും സാക്ഷ്യപേടക സമാപനവും

23 അതിരൂപതാ മാതൃപിതൃ എക്സിക്യൂട്ടീവ്

24 പ്രോലൈഫ് എക്സിബിഷൻ-വെളിയനാട് സെന്റ് സേവ്യേഴ്സ്

24-30 മാടപ്പള്ളി കുടുംബകൺവൻഷൻ

29 കരിമ്പനക്കുളം-മണിമല ഫൊറോന സാക്ഷ്യപേടക സമാപനം.

**ഒക്ടോബർ**

1 പ്രോലൈഫ് എക്സിബിഷൻ - കണ്ണാടി സെന്റ് റീത്താസ്

പ്രോലൈഫ് ക്ലാസ്സ് - കാവാലം ലിസ്യു

2 പ്രോലൈഫ് ക്ലാസ്-തകഴി

## വിവാഹ ഒരുക്കധ്യാനം

FAMILY APOSTOLATE — ARCHDIOCESE OF CHANGANASSERY — CHANGE THE WORLD FROM YOUR HOME

"Change the world from your home"

| 2017 ഒക്ടോബർ | 2017 നവംബർ | 2017 ഡിസംബർ |
|---|---|---|
| 2,3,4 (Chry) | 6,7,8 (Zion) | 4,5,6 (Chry) |
| 9,10,11 (Chry) | 13,14,15 (Zion) | 11,12,13 (Zion) |
| 16, 17, 18 (Zion) | 20, 21, 22 (Chry) | 18, 19, 20 (Chry) |
| 23, 24, 25 (Chry) | | 26,27,28 (Zion) |

### അതിരമ്പുഴ ഫൊറോനാ ക്യാമ്പ്

ഈ വർഷത്തെ അതിരമ്പുഴ ഫൊറാനാ യുവജന ക്യാമ്പ് ഒക്ടോബർ 31, സെപ്റ്റംബർ 1, 2 തീയതികളിൽ പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ നടത്തപ്പെട്ടു. ഒക്ടോബർ 31-ാം തീയതി വൈകുന്നേരം ആരംഭിച്ച ക്യാമ്പ് ഫൊറോനാ ഡയറക്ടർ റവ. ഫാ. തോമസ് കമ്പിയിൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോസഫ് പുതിയാപറമ്പിൽ അദ്ധ്യക്ഷനായ സമ്മേളനത്തിൽ ഫൊറോനയിലെ വിവിധ പ്രതിനിധികൾ, ഫൊറോനാ ആനിമേറ്റർ രൂപതാ ആനിമേറ്റർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ശ്രീ. ഷിജോ തോണിയാങ്കൻ, അഡ്വ. ബെന്നി കുര്യൻ, റവ. ഫാ. ജിസൻ പോൾ വേങ്ങാശ്ശേരി എന്നിവർ ക്ലാസ്സുകൾ നയിച്ചു. സെപ്റ്റംബർ 2-ന് അവസാനിച്ച ക്യാമ്പ് കുട്ടികൾക്ക് വളരെ ഹൃദ്യമായ ഒരനുഭവമായിരുന്നു.

### അമ്പൂരി ഫൊറോനാ പ്രാർത്ഥന, പരിശീലന പഠന ക്യാമ്പ്

അമ്പൂരി ഫൊറോനയിലെ 2017 വർഷത്തെ പ്രാർത്ഥന, പരിശീലന, പഠന ക്യാമ്പ് അമ്പൂരി സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ നടത്തപ്പെട്ടു. ഫൊറോനാ വികാരി വെരി റവ. ഫാ. ജോസഫ് ചൂളപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി ഡയറക്ടർ റവ. ഫാ. ജേക്കബ് ചക്കാത്തറ ഉദ്ഘാടനം ചെയ്തു. അതിരൂപത ആനിമേറ്റർ സി. സെലിൻ ജോസഫ് എസ്.ഡി., ഫൊറോനാ ആനിമേറ്റർ സി. ഷീബ, അമൽ ഡൊമിനിക്, റ്റോണി ജോർജ്ജ്, സോനാ പീറ്റർ എന്നിവർ പ്രസംഗിച്ചു. 95 യുവജനങ്ങൾ പങ്കെടുത്ത ക്യാമ്പിൽ റവ. ഫാ. ജോൺസൺ ചാലയ്ക്കൽ, ശ്രീ. ഷിജോ തോണിയാങ്കൽ, ഡോ. സുരേഷ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. 3 ദിവസങ്ങളിലായി സംഘടിപ്പിച്ച ക്യാമ്പ് അമ്പൂരി ഫൊറോനയിലെ യുവജനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ ഉതകുന്നതായിരുന്നു.

### തൃക്കൊടിത്താനം ഫൊറോനാ ക്യാമ്പ്

സെപ്റ്റംബർ 22, 23, 24 ദിവസങ്ങളിൽ മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ തൃക്കൊടിത്താനം ഫൊറോനയിലെ യുവജനങ്ങൾക്കായി പ്രാർത്ഥന, പരിശീലന പഠന ക്യാമ്പ് സംഘടിപ്പിച്ചു, 'യെൽദാ 2017' എന്ന പേരു നൽകിയ ക്യാമ്പ് 22-ാം തീയതി വൈകുന്നേരം മല്പാൻ റവ. ഫാ. മാത്യു വെള്ളാനിക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് ചക്കാത്തറ പ്രസ്തുത സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചുകയും യുവജനങ്ങൾക്ക് വേണ്ട മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു. ഫൊറോനാ ഡയറക്ടർ റവ. ഫാ. ജിജോ കുറിയന്നൂർ പറമ്പിൽ സി. മേഴ്സി, സി. സെലിൻ ജോസഫ്, എന്നിവർ ആശംസകൾ അർപ്പിച്ചു. എസ്.ബി. കോളേജ് പ്രഫസർ ഡോ.

അജിത്, ശ്രീ. ഷിജോ തോണിയാങ്കൽ, റവ. ഫാ. ജിസൻപോൾ വേങ്ങാശ്ശേരി എന്നിവർ വിവിധ ക്ലാസ്സുകൾ നയിച്ചു. ഡയറക്ടർ റവ. ഫാ. ജേക്കബ് ചക്കാത്തറ അനുരഞ്ജന കൂദാശയ്ക്ക് യുവജനങ്ങളെ ഒരുക്കുകയും കുമ്പസാരിപ്പിക്കുകയും ചെയ്തു. ഞായറാഴ്ച ഉച്ചയോടെ ക്യാമ്പ് അവസാനിച്ചു

**കൃതജ്ഞതാദിനം**

യമനിൽനിന്ന് ഭീകരരുടെ പിടിയിൽ നിന്നോ മോചിതനാക്കപ്പെട്ട റവ. ഫാ. റ്റോം ഉഴുന്നലിലിന്റെ മോചനത്തോടനുബന്ധിച്ച് ഒക്ടോബർ 2-ാം തീയതി അതിരൂപതയ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥന, ഉപവാസ ദിവനായി ആചരിക്കുന്നു. റ്റോമച്ചന്റെ മോചനത്തിലെ ദൈവിക ഇടപെടലിനുള്ള കൃതജ്ഞതാദിനമായി യുവജനങ്ങൾ 2-ാം തീയതി ആചരിക്കുന്നത്.

**അതിരൂപതാ കലോത്സവം**

ഈ വർഷത്തെ അതിരൂപതാ കലോത്സവം ഒക്ടോബർ 14, 15, 18, 22 തീയതികളിൽ ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് ഹയർ സെക്കന്ററി സ്കൂളിൽ നടത്തപ്പെടുന്നു. ഉത്സവ് 2017 എന്നപേരിൽ നടത്തപ്പെടുന്ന കലോത്സവത്തിൽ ഒക്ടോബർ 14-ാം തീയതി രചനാ മത്സരങ്ങളും 15, 18, 22 തീയതികളിൽ അവതരണ മത്സരങ്ങളുമാണ് നടത്തുന്നത്. അഫിലിയേഷൻ ഉള്ള യൂണിറ്റുകൾക്കു മാത്രമേ കലോത്സവത്തിൽ പങ്കെടുക്കുവാൻ കഴിയൂ.

**ഫാ. ജേക്കബ് ചക്കാത്ര**
**ഡയറക്ടർ**

# കെ.സി.എസ്.എൽ.

സ്നേഹമുള്ളവരേ,

പ്രവർത്തനിരതമായ ഒരു മാസം കൂടി കഴിഞ്ഞിരിക്കുന്നു. സെപ്റ്റംബർ 15-ന് മാലാഖക്കൂട്ടവും സെപ്റ്റംബർ 16-ന് അഖിലകേരള കുര്യാളശ്ശേരി ക്വിസും സെപ്റ്റംബർ 26 - ന് സാഹിത്യമത്സരങ്ങളും അതിരൂപതാതലത്തിൽ നാം നടത്തുകയുണ്ടായി. പങ്കാളിത്തംകൊണ്ടും സഹകരണംകൊണ്ടും ഈ പ്രവർത്തനങ്ങളെല്ലാം വിജയപ്രദമായിരുന്നു. സെപ്റ്റംബർ 15 ന് നടന്ന മാലാഖക്കൂട്ടത്തിൽ വിവിധ എൽ.പി.സ്കൂളിൽ നിന്നായി 50 കുട്ടികൾ പങ്കെടുത്തു. അതിൽനിന്ന് നവവൃന്ദം മാലാഖമാരെ തെരഞ്ഞെടുത്തു. സെപ്റ്റംബർ 16 ന് SABS ചങ്ങനാശേരി സെന്റ് തോമസ് പ്രൊവിൻസും ചേർന്ന് നടത്തിയ അഖിലകേരള കുര്യാളശ്ശേരി ക്വിസ്സ് മത്സരം എ.കെ.എം. പബ്ലിക് സ്കൂളിൽ നടന്നു. 62 ടീമുകൾ പങ്കെടുത്ത മത്സരത്തിൽ താഴെപറയുന്നവർ വിജയികളായി.

**HS വിഭാഗം**

I st Sachu Scaria Joseph, Joffin Jacob — SB HSS Changanacherry

II nd Sherin Thomas, Swetha Shaji — St. Josephs Changanacherry

III rd Ebin Sebastian, Sebin Sebastian — SB HSS Changanacherry

**UP വിഭാഗം**

I st Ann Maria S, Rose Maria Sebastian — St. Anne's Changanacherry

II nd Deepak J Mathew, Geon George Raj — SB HSS Changanacherry

III rd Joe Geo Joseph, Jismi Maria Loveson — BK Public School Champakulam

മാലാഖക്കൂട്ടം, കുര്യാളശ്ശേരി ക്വിസ് മത്സര വിജയികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. അതിരൂപതാ സാഹിത്യ മത്സരം അമ്പൂരി, ചമ്പക്കുളം, എടത്വാ, അതിരമ്പുഴ, നെടുങ്കുന്നം, ചങ്ങനാശേരി സോണുകളിൽ നടത്തപ്പെട്ടു. ആയിരത്തിലധികം പ്രതിഭകൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു.

**ഒക്ടോബർ മാസത്തിലെ പരിപാടികൾ**

Oct.14 സ്റ്റേറ്റ് സാഹിത്യമത്സരം-സ്ഥലം: SB HSS Changanacherry

Oct.20 അതിരൂപതാതല എയ്ഞ്ചൽസ് ഫെസ്റ്റ്, സ്ഥലം: സന്ദേശനിലയം

Oct.27-29 ക്യാമ്പ് ചമ്പക്കുളം-പുളിങ്കുന്ന്, എടത്വാ, ആലപ്പുഴ സോണുകൾ, സ്ഥലം: SB HSS Changanacherry

Oct.28 സോണൽ കൺവൻഷൻ

ഓർക്കുക അതിരൂപത കലോത്സവം നവംബർ 11-നാണ് നടക്കുക. ഒക്ടോബർ മാസത്തിലെ നമ്മുടെ ജപമാല പ്രാർത്ഥനകൾ ജീവന്റെ സംരക്ഷണത്തിനായി സമർപ്പിക്കാം. ഏവർക്കും അനുഗ്രഹപ്രദമായ ഒരുമാസം ആശംസിക്കുന്നു.

ആശംസകളോടെ,

**ഫാ. ലൈജു കണിച്ചേരിൽ**
അസി. ഡയറക്ടർ

**ഫാ. മാത്യു വാരുവേലിൽ**
ഡയറക്ടർ

# ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

ലോഗോസ് ക്വിസ് മത്സരം ഭംഗിയായി ക്രമീകരിക്കുന്നതിനായി സഹകരിച്ച എല്ലാവരെയും സ്നേഹപൂർവ്വം ഓർക്കുകയും നന്ദിയർപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ കൂട്ടായ്മകൾ സ്നേഹത്തിന്റെ കൂടാരങ്ങളായി മാറണം. ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾക്കായിരിക്കണം കൂട്ടായ്മകൾ ഏറെ മുൻതൂക്കം നൽകേണ്ടത്. നമ്മുടെ കൂട്ടായ്മകളിൽ വിഷമിക്കുന്നവരെ കണ്ടെത്തി പരസ്പര സഹകരണത്തോടെ അവരുടെ ദുഖങ്ങളിൽ ആശ്വാസം പകരുവാൻ നമുക്കാകുമ്പോഴാണ് നമ്മുടെ കൂട്ടായ്മകൾ ആദിമസഭയുടെ ചൈതന്യത്തോട് ഉൾച്ചേരുന്നത്. ഇന്ന് നമ്മുടെ കൂട്ടായ്മകൾ കേവലം പ്രാർത്ഥനാ സമ്മേളനങ്ങൾ മാത്രമായി തീർന്നിരിക്കുകയാണ്. ഇതിനു മാറ്റമുണ്ടാകണം. കൂട്ടായ്മകളിൽ പ്രബോധനത്തിനുള്ള അവസരങ്ങൾ ഉണ്ടാകണം. പ്രാർത്ഥനയും, പഠനവും, പങ്കുവയ്ക്കലുംവഴി അപ്പംമുറിക്കൽ ശുശ്രൂഷയായ വിശുദ്ധ കുർബ്ബാനയിലേക്ക് കുടുംബങ്ങൾ കടന്നുവരണം. ക്രൈസ്തവ ജീവിതത്തിന്റെ അനുഗ്രഹ സ്രോതസ് ബലിയർപ്പണമാണെന്ന വലിയ ബോധ്യം സ്വന്തമാക്കിയാൽ ജീവിതപ്രതിസന്ധികളെ സന്തോഷത്തോടെ നേരിടാനുള്ള ആത്മബലം നമുക്കു സ്വായത്വമാകും.

എല്ലാ പ്രവർത്തനങ്ങളിലും ദൈവകൃപ സമർദ്ധമായി ചൊരിയപ്പെടട്ടെയെന്ന് ആശംസിക്കുന്നു.

പ്രാർത്ഥനയോടെ

**നടയ്ക്കലച്ചൻ**

## അറിയിപ്പുകൾ

സെപ്റ്റംബർ 24-ാം തീയതി നടത്തപ്പെട്ട ലോഗോസ് ക്വിസ് മത്സരത്തിന്റെ ഉത്തരക്കടലാസുകൾ ഇനിയും നൽകുവാനുള്ള ഇടവകകൾ ഒക്ടോബർ 5-നകം അതിരൂപതാ കുടുംബക്കൂട്ടായ്മാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

## ലിറ്റർജിക്കൽ ക്വിസ്

അതിരൂപതയിലെ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി നടത്തപ്പെടുന്ന ലിറ്റർജിക്കൽ ക്വിസിന്റെ ചോദ്യപേപ്പറുകൾ നവംബർ 5-ാം തീയതിക്കകം സത്യദർശനം മാസികയിലൂടെ എല്ലാ ഇടവകകളിലും എത്തിക്കുന്നതാണ്. സത്യദർശനത്തിന്റെ വരിക്കാരല്ലാത്തവർ മത്സരിക്കുന്നുണ്ടെങ്കിൽ പ്രസ്തുത മാസിക വാങ്ങി ചോദ്യപ്പേപ്പർ ഫോട്ടോകോപ്പി എടുത്ത് ഉപയോഗിക്കേണ്ടതാണ്. ഇടവകതല മത്സരാർത്ഥികൾ തങ്ങളുടെ ഉത്തരക്കടലാസുകൾ 2017 നവംബർ 26-ാം തീയതി ഞായറാഴ്ചയ്ക്കകം പൂരിപ്പിച്ച് ബഹുമാനപ്പെട്ട വികാരിയച്ചനെ ഏൽപ്പിക്കേണ്ടതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഉത്തരക്കട

ലാസുകൾ മൂല്യനിർണ്ണയം നടത്തി ആദ്യ മൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കുടുംബങ്ങളുടെ പേരു വിവരങ്ങൾ ഡിസംബർ 20- നകം അതിരൂപതാ കുടുംബക്കൂട്ടായ്മാ ഓഫിസിൽ ഏൽപ്പിക്കണമെന്നോർമ്മിപ്പിക്കുന്നു. ഒരു ടീമിൽ പരമാവധി ഒരു കുടുംബത്തിൽനിന്ന് 3 പേർ മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. 2 പേരിൽ കുറയുകയുമരുത്.

**മത്സര സിലബസ്**

2017-ലെ ആരാധനക്രമവത്സര കലണ്ടർ 50% ചോദ്യങ്ങൾ, സത്യദർശനം 2017 ജനുവരി മുതൽ ഒക്ടോബർ വരെയുള്ള ലക്കങ്ങളിൽനിന്നും 50% ചോദ്യങ്ങൾ

**ലൂമെൻ ഷോർട്ട് ഫിലിം മത്സരം**

കെ.സി.ബി.സി ബൈബിൾ കമ്മിഷൻ ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ ഒക്ടോബർ 15 ന് മുൻപായി secretary@keralabiblesociety.com എന്ന മെയിലിൽ അറിയിക്കണം. കോപ്പികൾ 2017 നവംബർ 10 നു നുൻപായി 250 രൂപ ഫീസോടുകൂടി ഏൽപ്പിക്കേണ്ടതാണ്.

എൻട്രി ഫോമും നിബന്ധനകളും www.keralabiblesociety.com എന്ന വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ബന്ധപ്പെടേണ്ട നമ്പർ: 0484-2805897.

**ന്യൂനപക്ഷ സെമിനാർ**

നവംബർ 7-ാം തീയതി ആലപ്പുഴയിൽവച്ച് ക്രിസ്ത്യൻ ന്യൂനപക്ഷ ആവകാശങ്ങളെക്കുറിച്ചുള്ള സെമിനാർ സംഘടിപ്പിക്കുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 3 മണിവരെ. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെപറയുന്ന നമ്പരിൽ ബന്ധപ്പെടുക. 9048892801.

**BIBLE STUDY FORUM FOR PRIESTS**

The next session of the Bible Study Forum for Priests of the Archeparchy of Changanacherry will be held at the Spirituality Centre, Manganam, on 17th October 2017. The course will begin at 9.30 a.m. and come to a close at 4.00 p.m.

**Fr. Mathew Vellanickal**

# CRI വാർത്തകൾ

മരണംമൂലം നിത്യത പുൽകിയ പ്രിയപ്പെട്ട അമ്മമാർക്ക് പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ...

| | | | |
|---|---|---|---|
| 1. | സി. ജർത്രൂദ് അമ്പിയാത്ത് | SH | 01-01-2017 |
| 2. | സി. റോബർട്ട് മുണ്ടൻകുന്നേൽ | SABS | 03-01-2017 |
| 3. | സി. ജോസ് സാർത്തോ കണ്ടത്തിപ്പറമ്പിൽ | SABS | 10-01-2017 |
| 4. | സി. പംക്രേഷ്യസ് പറയിടത്തിൽ | SABS | 13-01-2017 |
| 5. | സി. മേരി മാർഗരറ്റ് മടത്തിയാങ്കൽ | SH | 24-01-2017 |
| 6. | സി. മാഗ്ദലിൻ ചുഴികുന്നേൽ | SH | 04-02-2017 |
| 7. | സി. ബർണ്ണാഡ് കരിന്തേടം | SH | 10-02-2017 |
| 8. | സി. ബഞ്ചമിൻ ട്രീസാ കാഞ്ഞിരത്തുംമൂട്ടിൽ | SABS | 14-02-2017 |
| 9. | സി. ലയോണി മണലിൽ | CMC | 23-02-2017 |
| 10. | സി. ശവേരിയ വേലക്കളം | CMC | 01-03-2017 |
| 11. | സി. തദേവൂസ് വാച്ചാപറമ്പിൽ | CMC | 14-04-2017 |
| 12. | സി. ലൂസിനാ മരിയ പാഴ്കുന്നേൽ | SH | 14-04-2017 |
| 13. | സി. ബനറ്റ് തുപ്പലഞ്ഞി | CMC | 20-04-2017 |
| 14. | സി. റെജിൻ മേരി കാട്ടാംമ്പള്ളി | SABS | 10-05-2017 |
| 15. | സി. ബ്രിജിറ്റ് അഞ്ചേരി | SH | 22-05-2017 |
| 16. | സി. ഇഗ്നേഷ്യസ് തോപ്പിൽ | SH | 26-05-2017 |
| 17. | സി. ബൊനിഫസ് തമ്പാനൂർ | CMC | 08-06-2017 |
| 18. | സി. റ്റെസി ജോസ് ഞായർകുളം | SH | 22-06-2017 |
| 19. | സി. ബ്ലയിസ് ഞാറത്തടത്തിൽ | SABS | 05-08-2017 |

**സി. മേഴ്സി നെടുമ്പുറം** SABS
C.R.I **പ്രസിഡന്റ്**

**സി. ലിസ് മരിയ വാഴേക്കളം** SABS
C.R.I **സെക്രട്ടറി**

# ആത്മതാകേന്ദ്രം

## ആസക്തി രോഗത്തിന് ഹോമിയോപതിക് ചികിത്സ

ആത്മതാ കേന്ദ്രത്തിന്റെയും ചങ്ങനാശ്ശേരി മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ആശുപത്രിയുടെയും സഹകരണത്തോടെ എല്ലാ വെള്ളിയാഴ്ചകളിലും ആത്മതാകേന്ദ്രത്തിലും, ഇരവുചിറ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ചയും ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാകേന്ദ്രത്തിലും, ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ചയും തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും നെടുംകുന്നം മദർതെരേസാ ഹോമിന്റെ സഹകരണത്തോടെ നെടുങ്കുന്നം ആതുരാശ്രമത്തിൽ വച്ചും, അതിരമ്പുഴ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ അതിരമ്പുഴ പള്ളി ഹാളിൽ എല്ലാ വ്യാഴാഴ്ചയും, മുണ്ടുപാലം സെന്റ് മേരീസ്പള്ളിയുടെ സഹകരണത്തോടെ മുണ്ടുപാലം പള്ളിയുടെ വചനവിസ്മയ ഹാളിൽ എല്ലാ വെള്ളിയാഴ്ചയും, മണിമല ഹോളി ഫാമിലി പള്ളിയുടെ സഹകരണത്തോടെ മണിമല പ്രിൻസ് ഹോമിയോപ്പതി ക്ലിനിക്കിൽ എല്ലാ രണ്ടും നാലും ശനിയാഴ്ചയും മദ്യമയക്കുമരുന്നുകൾക്കെതിരായി ഹോമിയോ ചികിത്സ നടത്തി വരുന്നു.

## ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10മുതൽ 12.30 വരെ | ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ്<br>ഡോ. ധന്യ പ്രിൻസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS<br>ഡോ. ഹരികുമാർ<br>ഡോ. ഷമീനാ |
| നെടുങ്കുന്നം ആതുരാശ്രമം ഹോമിയോ ക്ലീനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സി.ഡി. തോമസ്<br>ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. എസ്സ്.ജി. ബിജു.<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| മുണ്ടുപാലം സെന്റ് മേരീസ് പള്ളി | എല്ലാ വെള്ളിയാഴ്ചയും 3 മുതൽ 4.30 വരെ | ഡോ. ധന്യ പ്രിൻസ് |

| | | |
|---|---|---|
| മണിമല പ്രിൻസ് ഹോമിയോപതിക് | എല്ലാ രണ്ടും നാലും ശനിയാഴ്ചകളിൽ 2 മുതൽ 4 വരെ | ഡോ. സി.ജെ. ജോസഫ് സ്പെഷ്യാലിറ്റി ക്ലീനിക്ക് ഡോ. ജെയിംസ് ജോസഫ് |
| അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ പള്ളി | എല്ലാ വ്യാഴാഴ്ചയും 10.30 മുതൽ 12.30 വരെ | ഡോ. ഗീതാബാലകൃഷ്ണൻ |

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിലെ നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായി സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ സമ്മേളനം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. സമ്മേളനത്തിൽ വച്ച് കുട്ടികൾക്ക് 86600/- രൂപയും, ന്യൂട്രീഷൻ കിറ്റും വിതരണം ചെയ്തു.

**എ.എ. സമ്മേളനം. (ആൽക്കഹോളിക്സ് അനോനിമസ്)**

മയക്കുമരുന്നുകളുടെ ഉപയോഗത്തിൽനിന്നും വിമുക്തർക്കും, വിമുക്തി ആഗ്രഹിക്കുന്നവർക്കും വേണ്ടി സമ്മേളനം എല്ലാ ചൊവ്വാഴ്ചകളിലും വൈകുന്നേരം 7 മണി മുതൽ 8.30 വരെ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ഫാ. തോമസ് താന്നിയത്തിന്റ നേതൃത്വത്തിൽ നടത്തിവരുന്നു.

**ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം**

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്കും അവരുടെ കുടുംബത്തിനും മദ്യമയക്കുമരുന്നുകളുടെ പിടിയിൽ നിന്ന് വിമോചനത്തിന്റെ പാതയിലേയ്ക്ക് നയിക്കുന്ന **ലഹരിവിമുക്ത വിശുദ്ധീകരണ ധ്യാനം** ഒക്ടോബർ 19 മുതൽ ഒക്ടോബർ 22 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുളേച്ചംകളത്തിന്റെ നേതൃത്വത്തിൽ **സൗജന്യമായി** നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. അഡ്രസ്സും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

**പ്രൊവിഡൻസ് റിന്യൂവൽ സെന്റർ, കുന്നന്താനം, തിരുവല്ല:**
**0469 2693413, 2690414, 9495193406**

**ഫാ. തോമസ് താന്നിയത്ത്**
ഡയറക്ടർ

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ: **0481-2411819/8921505386**

# ചാസ്

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനന്നും ആശംസകൾ!!!**

ചാസ് യൂണിറ്റുകളിൽ പുതിയ ഭരണസമിതികൾ ഉത്തരവാദിത്വം ഏറ്റെടുത്തിട്ട് 6 മാസം പൂർത്തിയായി. ഈ പശ്ചാത്തലത്തിലാണ് ആഗസ്റ്റ് അവസാനവും സെപ്റ്റംബർ ആദ്യവുമായി മേഖലാ PME കൾ സംഘടിപ്പിച്ചത്. കേവലം കുറവുകൾ കണ്ടെത്തുന്നതിനപ്പുറം യൂണിറ്റുതലപ്രവർത്തനങ്ങൾ സ്വയം വിമർശനത്തിനു വിധേയമാക്കുകയായിരുന്നു അവലോകനത്തിന്റെ പ്രധാനലക്ഷ്യം. നമ്മുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് സ്ഥിതിയിലാണെന്ന് മനസ്സിലാക്കി ആവശ്യമെങ്കിൽ പുന:ക്രമീകരിക്കാനും ഒപ്പം നല്ല മാതൃകകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാനുമാണ് മേഖലാതല നേതൃസമ്മേളനങ്ങൾ സംഘടിപ്പിക്കുന്നത്. മേഖലാസമിതികൾ താത്പര്യപൂർവ്വം സഹകരിക്കുന്നതിലുള്ള സന്തോഷം ഈ സന്ദർഭത്തിൽ അറിയിക്കുന്നു. അതോടൊപ്പം തന്നെ, യൂണിറ്റ് എക്സിക്യൂട്ടീവ് സമിതികളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികളിൽ ചിലർക്കെങ്കിലും ചാസിനെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ബോദ്ധ്യം പരിമിതമാണെന്ന് മനസിലാക്കുന്നു. PME കളിൽ പങ്കെടുത്തും പ്രവർത്തനപരിചയമുള്ളവരുമായി ചർച്ചചെയ്തും കാര്യങ്ങൾ മനസ്സിലാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് താത്പര്യപ്പെടുന്നു. കഴിഞ്ഞ 6 മാസത്തെ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് സമിതികൾ PME യിൽ നടന്ന വിശകലനങ്ങളുടെ വെളിച്ചത്തിൽ സ്വയം വിലയിരുത്തലിന് വിധേയമാക്കണം. അടുത്ത മാർച്ച് 31 വരെയുള്ള പ്രവർത്തനങ്ങൾ ക്രമമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
**ഫാ. ജേക്കബ് കുഴിപ്പള്ളിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## അറിയിപ്പ്

- **ഒക്ടോബർ മാസത്തെ യൂണിറ്റ് പരിപാടികൾ**

| തീയതി | മേഖല | യൂണിറ്റ് | പരിപാടി |
|---|---|---|---|
| 07.10.2017 | ചങ്ങനാശ്ശേരി | പുഴവാത് | സീനിയർ സിറ്റിസൺസ് സംഗമം |
| 10.10.2017 | എടത്വാ | പച്ച-ചെക്കിടിക്കാട് | യൂണിറ്റ് വാർഷികം |
| 12.10.2017 | എടത്വാ | കൊടുപ്പുന്ന | സംഗമം-കൂൺ കൃഷി പരിപാലനം ക്ലാസ് |
| 16.03.2017 | ആലപ്പുഴ | പള്ളാത്തുരുത്തി | സ്വാശ്രയസംഘ സംഗമം |

| | | | |
|---|---|---|---|
| 17.10.2017 | കുടമാളൂർ | ഐക്കരച്ചിറ | ആശാകിരണം-കാൻസർ ബോധവത്ക്കരണം |
| 19.10.2017 | കുറുമ്പനാടം | മാന്നില | ആശാകിരണം-കാൻസർ ബോധവത്ക്കരണം |
| 20.10.2017 | ചങ്ങനാശ്ശേരി | കത്തീഡ്രൽ | സെമിനാർ-വിവരാവകാശ നിയമം |
| 29.10.2017 | കോട്ടയം | പങ്ങട | ബേക്കറി പരിശീലനം |
| 30.10.2017 | മണിമല | കരിമ്പനക്കുളം | കുടനിർമ്മാണ പരിശീലനം |
| 30.10.2017 | മണിമല | വള്ളംചിറ | ആശാകിരണം- കാൻസർ ബോധവത്ക്കരണം |

- **SAFP യൂണിറ്റുതല മീറ്റിംഗ്**

| തീയതി | മേഖല | യൂണിറ്റ് |
|---|---|---|
| 05.10.2017 | ആലപ്പുഴ | കൈതവന |
| 05.10.2017 | തൃക്കൊടിത്താനം | നാലുകോടി |
| 06.10.2017 | എടത്വ | കൊടുപ്പുന്ന |
| 06.10.2017 | മണിമല | കടയനിക്കാട് |
| 07.10.2017 | ആലപ്പുഴ | പഴവങ്ങാടി |
| 07.10.2017 | നെടുംകുന്നം | നെടുംകുന്നം |
| 08.10.2017 | നെടുംകുന്നം | ചമ്പക്കര |
| 09.10.2017 | ആലപ്പുഴ | തത്തംപള്ളി |
| 09.10.2017 | നെടുംകുന്നം | വായ്പൂർ ഓൾഡ് |
| 10.10.2017 | നെടുംകുന്നം | കൂത്രപ്പള്ളി |
| 10.10.2017 | എടത്വാ | അമ്പലപ്പുഴ |
| 12.10.2017 | ആലപ്പുഴ | മണ്ണഞ്ചേരി |
| 12.10.2017 | ചങ്ങനാശ്ശേരി | കത്തീഡ്രൽ |
| 13.10.2017 | എടത്വ | മുട്ടാർ ഓൾഡ് |
| 14.10.2017 | എടത്വ | പച്ച-ചെക്കിടിക്കാട് |
| 16.10.2017 | എടത്വ | എടത്വ |
| 16.10.2017 | ചങ്ങനാശ്ശേരി | ചെത്തിപ്പുഴ |
| 17.10.2017 | എടത്വ | മരിയാപുരം |
| 19.10.2017 | കുറുമ്പനാടം | മാന്നില |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2017 സെപ്റ്റംബർ മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 334. കുട്ടിയമ്മ വിജയൻ | പൊൻപുലരി | പുഴവാത് | ചങ്ങനാശ്ശേരി |
| 335. എ.ജെ. തോമസ് | സന്ധ്യാദീപം | കൈനകരി | കുട്ടനാട് |

(2) **മ്യൂച്വൽ ബെനഫിറ്റ് സ്കീം**

• **മരണാനന്തരസഹായം**

| **പേര്** | **യൂണിറ്റ്** | **മേഖല** |
|---|---|---|
| 118. ലിസി മാത്യു കൈതക്കാട്ടുപറമ്പിൽ | ഐക്കരച്ചിറ | കുടമാളൂർ |
| 119. കമലമ്മ വാസുദേവൻ കുടമാളൂർ | കുടമാളൂർ | കുടമാളൂർ |
| 120. കുഞ്ഞുമോൻ പന്തലാടിക്കൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 121. അന്നമ്മ ജോർജ്ജ് കന്യാക്കോണിൽ | എടത്വാ | എടത്വാ |
| 122. സുലോചന ശ്രീലാൽ ഭവൻ | ഫിൽഗിരി | കൊല്ലം |
| 123. മുഹമ്മദ് ഹറൂൺ, ഷിബിൻ മൻസിൽ | ഫിൽഗിരി | കൊല്ലം |

• **ചികിത്സാസഹായം**

| **പേര്** | **യൂണിറ്റ്** | **മേഖല** |
|---|---|---|
| 41. ജോസഫ് മേട്ടുംപുറം | കൂത്രപ്പള്ളി | നെടുംകുന്നം |

(3) **ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ **2017 സെപ്റ്റംബർ മാസം 13** കുടുംബങ്ങൾക്ക് ചികിത്സാചെലവായി **63,596/-** രൂപ അനുവദിച്ചു.

| **പേര്** | **യൂണിറ്റ്** | **തുക** |
|---|---|---|
| ജോസഫ് സെബാസ്റ്റ്യൻ, കിഴക്കേപറമ്പിൽ | വാഴപ്പള്ളി | 5350 |
| ജോജോ കുര്യാക്കോസ്, പറത്താനത്ത് | ചെത്തിപ്പുഴ | 3800 |
| അമ്പിളി ജോജി, മാന്നില | മാമ്മൂട് | 7130 |
| എം.പി. ബാബു, മനയിൽ | കൂരോപ്പട | 7850 |
| സോണിയ ജോജോ, പറത്താനത്ത് | ചെത്തിപ്പുഴ | 2270 |
| ജോവിൻ ജേക്കബ്, കൊച്ചുകളപ്പുരയ്ക്കൽ | കൈനകരി | 620 |
| ബിനു ജോസഫ്, വാലുപറമ്പിൽ | രാമങ്കരി | 2786 |
| മോളി ജോർജ്, പുതുപ്പറമ്പിൽ | പെരുമ്പനച്ചി | 4550 |
| രിഗമ മാത്യു മരിയ, ചെങ്ങളത്ത് | അരുവിക്കുഴി | 8504 |
| ഓമന ടോമി, പണ്ടാരമാലിയിൽ | പുന്നത്തുറ | 3900 |
| തങ്കമ്മ ജോസ്, മരങ്ങാട്ട് | കൂത്രപ്പള്ളി | 5496 |
| എ.കെ. വർക്കി, ആനക്കല്ലുങ്കൽ | ളാക്കാട്ടൂർ | 9450 |
| ബിന്ദു ജോസഫ്, ചിറയിൽ | മുണ്ടുപാലം | 1890 |

(4) **ആം ആദ്മി ബീമാ യോജന** (AABY)

കേന്ദ്രസർക്കാർ, LIC യിലൂടെ ചാസുമായി സഹകരിച്ച് നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയായ ആം ആദ്മി ബീമാ യോജനയിൽ **സെപ്റ്റംബർ മാസം** നാല് കുടുംബങ്ങൾക്ക് 1,20,000/- രൂപ സാമ്പത്തിക സഹായം ലഭിച്ചു.

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 1. തോമസ് കെ.കെ. കിടച്ചിറയിൽ | കോട്ടയ്ക്കപ്പുറം | അതിരമ്പുഴ |
| 2. സെബാസ്റ്റ്യൻ കെ.സി. കലങ്ങോലയിൽ | കോട്ടയ്ക്കപ്പുറം | അതിരമ്പുഴ |
| 3. കുര്യാക്കോസ് പനച്ചിറയിൽ | പഴവങ്ങാടി | ആലപ്പുഴ |
| 4. വിശ്വനാഥൻ, ഏഴരയിൽ | കാവാലം | കുട്ടനാട് |

## കേന്ദ്രവാർത്ത

### K.E. കോളേജ് MSW വിദ്യാർത്ഥികളുടെ സന്ദർശനം

മാന്നാനം കെ.ഇ. കോളേജിൽ നിന്നും 25 MSW ഒന്നാം വർഷ വിദ്യാർത്ഥികളും അദ്ധ്യാപകരും ചാസ് സന്ദർശിച്ചു. ചാസിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളും നിലവിലുള്ള മുൻഗണനാ മേഖലകളും പ്രവർത്തനശൈലിയും ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ വിശദീകരിച്ചു.

## മേഖലവാർത്തകൾ

### ജൈവവിപണി

മുട്ടാർ ഓൾഡ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കർഷകരുടെ ഉല്പ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആഗസ്റ്റ് 13 ന് സൺഡേ മാർക്കറ്റ് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. എബ്രഹാം തയ്യിൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും ശനിയാഴ്ച വൈകുന്നേരവും ഞായർ രാവിലെയും വിപണി പ്രവർത്തിച്ചുവരുന്നു.

### കുടിവെള്ള പദ്ധതി

മുട്ടാർ ഓൾഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി അൻപതിനായിരത്തിലധികം രൂപ ചെലവഴിച്ച് ദൈവാലയ പരിസരത്ത് സ്ഥാപിച്ച ശുദ്ധജല പ്ലാന്റിന്റെ ഉദ്ഘാടനം ആഗസ്റ്റ് 27 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. അബ്രാഹം തയ്യിൽ നിർവഹിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി.

### നാട്ടുപച്ച

പാറേൽ യൂണിറ്റിൽ ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 3 വരെ 'നാട്ടുപച്ച' കാർഷിക വിപണനമേള സംഘടിപ്പിച്ചു. മുനിസിപ്പൽ ചെയർമാൻ ശ്രീ. സെബാസ്റ്റ്യൻ മാത്യു മണമേൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട് അദ്ധ്യക്ഷതവഹിച്ചു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പോളി തോമസ് സന്ദേശം നൽകി. പച്ചക്കറി ഫലവൃക്ഷതൈക്കളുടെ വിതരണം, വീട്ടുപകരണങ്ങൾ, മൺപാത്രങ്ങൾ, സോളാർ പാനലുകൾ, 100-ൽ പരം പഞ്ചഗവ്യ ഉല്പന്നങ്ങൾ, നാടൻ ഭക്ഷണശാല തുടങ്ങിയവ മേളയിൽ ഉണ്ടായിരുന്നു. കൂടാതെ തേങ്ങാതിരുമ്മൽ, വടംവലി, ചിത്രരചന, കവിതാരചന, പ്രസംഗമത്സരം, കാർഷികാധിഷ്ഠിത ക്വിസ് മത്സരം എന്നിവയും ക്രമീകരിച്ചു. സ്വയംതൊഴിൽ സംരഭക പരിശീലനവും സംഘടിപ്പിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**മേഖലാ PME**

എടത്വാ, മണിമല, എന്നീ മേഖലകളിൽ ആഗസ്റ്റ് 28, 31 തീയതികളിലും കുടമാളൂർ, അതിരമ്പുഴ മേഖലകളിൽ സെപ്റ്റംബർ 7, 12 തീയതികളിലും മേഖല PME നടത്തപ്പെട്ടു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ യൂണിറ്റിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരുംകാലങ്ങളിൽ ചാസ് പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർമാരും ഭാരവാഹികളും നേതൃത്വം നൽകി.

**കുടുംബസംഗമം**

മുട്ടാർ ഓൾഡിൽ പ്രവർത്തിക്കുന്ന 'നവോദയ' സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ കുടുംബസംഗമം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അബ്രാഹം തയ്യിൽ അദ്ധ്യക്ഷതവഹിച്ചു. എടത്വാ സെന്റ് അലോഷ്യസ് സ്കൂൾ പ്രധാനാദ്ധ്യാപകൻ ശ്രീ. തോമസുകുട്ടി മാത്യു ചീരംവേലിൽ 'കുടുംബവും സമൂഹവും' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീ. സി.കെ. ശശീന്ദ്രൻ, പഞ്ചായത്ത് അംഗങ്ങളായ ശ്രീ. ജയസത്യൻ, ശ്രീ. ഡി. ജോസഫ് എന്നിവർ പ്രസംഗിച്ചു. യൂണിറ്റ് ഭാരവാഹികളും സംഘം ഭാരവാഹികളും നേതൃത്വം നൽകി.

**സ്വാശ്രയസംഘ സംഗമം**

**എടത്വാ** യൂണിറ്റിന്റെ സ്വാശ്രയസംഘ സംഗമം സെപ്റ്റംബർ 9 ന് നടത്തി. ചാസ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ പരിപാടി ഉദ്ഘാടനം ചെയ്തു. 75 അംഗങ്ങൾ പങ്കെടുത്തു.

കുട്ടനാട് മേഖലയിലെ **അറുനൂറ്റിൽപാടം** യൂണിറ്റിൽ ആഗസ്റ്റ് 29 നും മങ്കൊമ്പ് സെന്റ് പയസ് X യൂണിറ്റിൽ സെപ്റ്റംബർ 12 നും സ്വാശ്രയസംഘ സംഗമം നടത്തി. കില ട്രെയ്നർ ശ്രീ. ടോംസ് ആന്റണി കുടുംബ ബഡ്ജറ്റിനെ കുറിച്ച് ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർമാരായ റവ. ഫാ. മാർട്ടിൻ കുരിശിങ്കൽ, റവ. ഫാ. മൈക്കിൾ കിങ്ങണംചിറ എന്നിവർ സംഗമം ഉദ്ഘാടനം ചെയ്തു. അറുന്നൂറ്റുംപാടത്ത് 75 അംഗങ്ങളും, മങ്കൊമ്പിൽ 82 അംഗങ്ങളും പങ്കെടുത്തു.

**സ്വാശ്രയസംഘ വാർഷികം**

കരിമ്പനക്കുളം തിരുഹൃദയ യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ ഒന്നാമത് വാർഷികം ആഗസ്റ്റ് 31 ന് എസ്.എച്ച്. പാരീഷ് ഹാളിൽ ആഘോഷിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കട്ടപ്പുറം അദ്ധ്യക്ഷതവഹിച്ചു. പത്തനംതിട്ട എം.പി. ശ്രീ. ആന്റോ ആന്റണി ഉദ്ഘാടനം നിർവഹിച്ചു. സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിച്ചുകൊണ്ട് പൊന്തൻപുഴയിൽനിന്നും ആരംഭിച്ച 'സ്ത്രീ ശാക്തീകരണറാലി' മണിമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വത്സല കെ. ഉദ്ഘാടനം ചെയ്തു. 'സ്ത്രീ ശാക്തീകരണം ഇന്നിന്റെ ആവശ്യം' എന്ന വിഷയത്തിൽ വനിതാ കമ്മീഷനംഗം ഡോ. ജെ. പ്രമീളാദേവി ക്ലാസ് നയിച്ചു. ചാസ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരി

ക്കൽ, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അന്നമ്മ ജോസഫ്, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോസ് വർഗീസ് തടത്തേൽ, മുൻ പഞ്ചായത്തംഗം ശ്രീ. പി. ജി. പ്രകാശ്, മഹിളാസമാജം പ്രസിഡന്റ് ശ്രീമതി ഷൈനി ഷാജി ഏർത്തേടം, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് എന്നിവർ പ്രസംഗിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 345 അംഗങ്ങൾ പങ്കെടുത്തു.

**സംരംഭകത്വ ബോധവത്ക്കരണ സെമിനാർ**

മുഹമ്മ യൂണിറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 16 ന് സെന്റ് ജോർജ് പാരീഷ്ഹാളിൽ സ്വാശ്രയസംഘസംഗമവും സംരംഭകത്വ ബോധവത്ക്കരണ സെമിനാറും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ പട്ടത്താനം അദ്ധ്യക്ഷതവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജെ. ജയലാൽ ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി. ഖാദി അസി. മാനേജർ ശ്രീ. ജോജോ കെ.സി. സംരംഭകത്വ ബോധവത്ക്കരണ ക്ലാസ് നയിച്ചു. 63 അംഗങ്ങൾ പങ്കെടുത്തു.

**മഹിളാസമാജം മീറ്റിംഗ്**

ഇത്തിത്താനം യൂണിറ്റിൽ പ്രവർത്തിക്കുന്ന മഹിളാസമാജം ഭാരവാഹികളുടെ മീറ്റിംഗ് സെപ്റ്റംബർ 9 ന് സംഘടിപ്പിച്ചു. 23 അംഗങ്ങൾ പങ്കെടുത്തു.

**ഫാർമേഴ്സ് ക്ലബ് മീറ്റിംഗ്**

മാന്നില യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 10 ന് ഹരിത ഫാർമേഴ്സ് ക്ലബിന്റെ വാർഷികം നടത്തി. ശ്രീ. ഇ.ജെ. ജോസഫ് ഇളപ്പുങ്കൽ കാർഷിക സെമിനാർ നയിച്ചു. വിവിധയിനം വിത്തുകളും ഫലവൃക്ഷതൈകളും വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പറപ്പള്ളിൽ, പഞ്ചായത്ത് മെമ്പർ ശ്രീമതി മോളി വാറ്റൂപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. 50 അംഗങ്ങൾ പങ്കെടുത്തു.

**സൗജന്യ വൃക്കരോഗനിർണ്ണയ ക്യാമ്പും ബോധവത്ക്കരണ ക്ലാസും**

ഫിറ്റ് & ഫാബ് ചാരിറ്റബിൾ സൊസൈറ്റിയുടെയും, പായിപ്പാട് യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ 22 ന് സൗജന്യ വൃക്കരോഗ നിർണ്ണയ ക്യാമ്പും ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു. ജീവിതശൈലി നിമിത്തം വൃക്കകളെ ബാധിക്കുന്ന രോഗങ്ങൾ നേരത്തെ കണ്ടെത്താൻ ക്യാമ്പ് പ്രയോജനപ്പെട്ടു. ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്ററും, അരുവിത്തുറ ഗുരുവായൂർ പ്രൊ ഡൊമിനോ ഫൗണ്ടേഷനും ക്യാമ്പിന് നേതൃത്വം നൽകി. 148 അംഗങ്ങൾ പങ്കെടുത്തു.

**ഓണാഘോഷം സംഘടിപ്പിച്ച യൂണിറ്റുകൾ**

| **തീയതി** | **യൂണിറ്റ്** |
|---|---|
| 31.08.2017 | കരിമ്പനക്കുളം, ഏറ്റുമാനൂർ, കട്ടച്ചിറ |
| 02.09.2017 | മുട്ടാർ ഓൾഡ്, കുടമാളൂർ |

| | |
|---|---|
| 00.09.2017 | മുടിയൂർക്കര |
| 09.09.2017 | എടത്വാ |
| 11.09.2017 | വെട്ടിമുകൾ |
| 12.09.2017 | പച്ച-ചെക്കിടിക്കാട് |

**സ്വാശ്രയ സംഘരൂപീകരണം**

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 30.08.2017 | ചെറുപുഷ്പം | കുറുമ്പനാടം | 15 |
| 30.08.2017 | ദർശന | കുടമാളൂർ | 20 |
| 13.09.2017 | ദൃശ്യാ | വാവോട് | 18 |
| 15.09.2017 | പ്രഭാത് | പാറേൽ | 10 |
| " | സെന്റ് അൽഫോൻസാ | " | 10 |
| " | കാരുണ്യ | " | 12 |
| " | ആവേമരിയ | " | 13 |
| " | സഹൃദയ | " | 12 |
| 20.09.2017 | ജീവ | കുറുമ്പനാടം | 16 |
| 20.09.2017 | വരദാനം | ചെത്തിപ്പുഴ | 20 |

**ആശാകിരണം**

**കാൻസർ ബോധവത്ക്കരണം**


| തീയതി | യൂണിറ്റ് | ക്ലാസ് നയിച്ചത് | പങ്കെടുത്തവർ |
|---|---|---|---|
| 09.09.17 | സെന്റ് സെബാസ്റ്റ്യൻ, പനയമ്പാല | ശ്രീമതി ബിന്ദു തോമസ് | 55 |
| 16.09.17 | സെന്റ് തോമസ് നാൽപ്പാത്തിമല | " | 60 |
| 19.09.17 | സെന്റ് ജോർജ്ജ് മുട്ടാർ ഓൾഡ് | ഡോ.വിനോദ് കൃഷ്ണൻ | 60 |
| 22.09.17 | സെന്റ് ഫിലോമിനാസ് GHS | ശ്രീമതി ബിന്ദു തോമസ് | 480 |
| 28.09.17 | സെന്റ് തോമസ് വടവാതൂർ | " | 76 |

**പരിശീലനപരിപാടികൾ**

| തീയതി | യൂണിറ്റ് | പരിശീലനം | പങ്കെടുത്തവർ |
|---|---|---|---|
| 11.09.2017 | വെട്ടിമുകൾ | സാരി പെയിന്റിംഗ്, ഗ്ലാസ് പെയ്റ്റിംഗ് | 38 |
| 15.09.2017 | കുമരകം നവനസ്രത്ത് | സോപ്പ്, സോപ്പുപൊടി, ലിക്യുഡ് സോപ്പ്, തുള്ളിനീലം | 30 |
| 16.09.2017 | മുഹമ്മ | സംരംഭകത്വതൊഴിൽ പരിശീലനം | 63 |
| 23.09.2017 | കുറുമ്പനാടം | കുടനിർമ്മാണ പരിശീലനം | 25 |

ദൈവദാസൻ

പുത്തൻപറമ്പിൽതൊമ്മച്ചൻ



# അഖിലകേരളാ ക്വിസ് മൽസരം

**എടത്വാ സെൻ്റ് ജോർജ്ജ് സൺഡേസ്കൂൾ**

**2017 നവംബർ 12 ഞായർ 2.00 പി.എം.**




**ഒന്നാം സമ്മാനം 5000 രൂപയും ട്രോഫിയും**
**രണ്ടാം സമ്മാനം 4000 രൂപയും ട്രോഫിയും**
**മൂന്നാം സമ്മാനം 3000 രൂപയും ട്രോഫിയും**
**നാലാം സമ്മാനം 2000 രൂപ**
**അഞ്ചാം സമ്മാനം 1000 രൂപ**

## വിഷയം

| | | |
|---|---|---|
| 1. | സംഖ്യ 22 മുതൽ 36 വരെ അദ്ധ്യായങ്ങൾ | 15% |
| 2. | സുഭാഷിതങ്ങൾ 21 മുതൽ 31 വരെ അദ്ധ്യായങ്ങൾ | 15 % |
| 3. | മത്തായി സുവിശേഷം 1 മുതൽ 9 വരെ അദ്ധ്യായങ്ങൾ | 15% |
| 4. | "സുവിശേഷ ഭാഗ്യങ്ങളുടെ മനുഷ്യൻ" പ്രൊഫ. ജെയിംസ് സെബാസ്റ്റ്യൻ | 35% |
| 5. | സഭാപരമായ പൊതു ചോദ്യങ്ങൾ | 20% |

## നിബന്ധനകൾ

1. ഒരു വർഷത്തിൽ കുറയാതെ സർവ്വീസ് ഉള്ളവരും ഇപ്പോൾ അദ്ധ്യാപനം നടത്തുന്നവരുമായ മതാദ്ധ്യാപകരും 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുമാണ് ഇതിൽ പങ്കെടുക്കേണ്ടത്.
2. ഒരു അദ്ധ്യാപകനും 2 വിദ്യാർത്ഥികളുമാണ് ഇതിൽ പങ്കെടുക്കേണ്ടത്.
3. മൽസരസമയത്ത് സാക്ഷ്യപത്രവും (ഇടവക വികാരി / ഹെഡ്മാസ്റ്റർ) രജിസ്ട്രേഷൻ ഫീസ് (ടീം ഒന്നിന് 100 രൂപ) കൊണ്ടുവരേണ്ടതാണ്.
4. ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.

| | | | |
|---|---|---|---|
| ഡയറക്ടർ | : | ഫാ. വിൽസൺ പുന്നക്കാലായിൽ | (9496184231) |
| സെക്രട്ടറി | : | സി. ജെസ്മേരി എസ്.എ.ബി.എസ്. | (9562120625) |
| ഹെഡ്മാസ്റ്റർ | : | പ്രൊഫ. ജെറോം പി.വി. ഇരുപത്തേഴിൽ | (9495162685) |

# ചാരിറ്റി വേൾഡ് ട്രസ്റ്റ്

*കൈകോർക്കുന്ന കാരുണ്യം*

**ചങ്ങനാശ്ശേരി അതിരൂപത**

### ചീരഞ്ചിറ-നാടിനു മാതൃകയായി

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 10-ാം വാർഡിൽ കുന്നുംപ്പുറത്തു വീട്ടിൽ സതീഷ് കുമാറും മകൾ അർച്ചനയും ഓഗസ്റ്റ് 11-ാം തീയതി സഞ്ചരിച്ചിരുന്ന ബൈക്കിൽ ഒരു വാഹനം വന്ന് ഇടിക്കുകയും രണ്ടു പേരും അതീവ ഗുരുതരാവസ്ഥയിൽ കോട്ടയം മെഡിക്കൽ കോളേജിൽ കഴിയുന്ന അവസ്ഥയിൽ സതീഷ് ഓഗസ്റ്റ് 17-ാംതീയതി മരണമടഞ്ഞു. അർച്ചനയുടെ തലയിലേറ്റ മാരകമായ പരിക്കിനെ അതിജീവിക്കുന്നതിനുള്ള ചികിൽസക്കും കുടുംബത്തിന്റെ പുനരധിവാസത്തിനുമായി വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ നാലര വാർഡുകളും ചങ്ങനാശേരി പ്രത്യാശയും ചേർന്ന് 10 ലക്ഷം രൂപ സമാഹരിക്കാൻ കൈകോർത്തു. ഓഗസ്റ്റ് 27-ാം തീയതി ഞായറാഴ്ച 1000-ൽ പരം ആളുകൾ സമാഹരണത്തിന് ജാതി-മത-രാഷ്ട്രീയ വ്യത്യാസമില്ലാതെ കൈക്കോർത്തു. 5 മണിക്കൂർ കൊണ്ട് ലഭിച്ചത് 18 ലക്ഷം രൂപ. ഈ അവസരത്തിൽ ചീരഞ്ചിറ പള്ളി വികാരി റവ. ഫാ. ജോസ് നിലവന്തറയെയും വെരൂർപ്പള്ളി വികാരി റവ. ഫാ. തോമസ് പ്ലാപ്പറമ്പിലിനെയും നന്ദിയോടെ ഓർക്കുന്നു.

### എടത്വായുടെ കാരുണ്യം : 24 ലക്ഷം

എടത്വാ ഗ്രാമ പഞ്ചായത്തിൽ ഒൻപതാം വാർഡിൽ പാണ്ടങ്കരിയിൽ താമസിക്കുന്ന ജോസഫുകുട്ടി ജോൺ ഹൃദ്രോഗം മൂലം മരണത്തെ മുഖാമുഖം കണ്ട് കഴിയുകയായിരുന്നു. ഹൃദയം മാറ്റിവച്ചാൽ മാത്രമേ അദ്ദേഹത്തിന് ജിവിതത്തിലേക്ക് തിരിച്ചുവരികയുള്ളു. ഈ അവസരത്തിൽ ചങ്ങനാശേരി പ്രത്യാശയും എടത്വാ ഗ്രാമപഞ്ചായത്തും സംയുക്തമായി 15 ലക്ഷം രൂപ സമാഹരിക്കുവാൻ ഓഗസ്ററ് 27-ാം തീയതി ഞായറാഴ്ച ഭവനങ്ങൾതോറും കയറി ഇറങ്ങി. ലഭിച്ചത് 24 ലക്ഷം രൂപ.

### ഭിന്നശേഷിക്കാരുടെ ഫാം സ്കൂൾ ഉദ്ഘാടനം

ചങ്ങനാശേരി: ചീരഞ്ചിറ ജിമ്മി പടനിലം സെന്ററിൽ ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും അവരെ സ്വയം പര്യാപ്തരാക്കുവാനുമായി ഒരു ഫാം സ്കൂൾ ആരംഭിച്ചിരിക്കുന്നു. ജിമ്മി പടനിലം സെന്ററിൽ ജൈവകൃഷിക്കായി പ്രത്യേകം തയ്യാറാക്കിയ സ്ഥലത്ത് പച്ചക്കറിതൈ നട്ടുകൊണ്ട് ഫാം സ്ക്കൂളിന്റെ ഉദ്ഘാടനം ശ്രീ. സി. എഫ് തോമസ് എം.എൽ.എ നിർവ്വഹിച്ചു. ഭിന്നശേഷിക്കാരെ പ്രത്യേകശേഷിയുള്ള കുട്ടികളായി കാണണമെന്നും ഫാം സ്കൂളിന്റെ പ്രവർത്തനത്തിലൂടെ അവരുടെ മാനസിക ഉല്ലാസം സാധ്യമാകട്ടേയെന്നും ബഹുമാനപ്പെട്ട എം.എൽ.എ ആശംസിച്ചു. ഫാം സ്ക്കൂളിന്റെ ഭാഗമായ ഹോർട്ടി തെറാപ്പി, ഇക്കോ ഷോപ്പ് എന്നിവയും വിഭാ

വനം ചെയ്തിട്ടുണ്ട്. തദവസരത്തിൽ നടന്ന സമ്മേളനത്തിൽ ഫാ. സെബാസ്റ്റ്യൻ പുന്നശേരി അദ്ധ്യക്ഷത വഹിക്കുകയും കൃഷി ഓഫീസർ-ശ്രീ. ജോസഫ് ജോസഫ് മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. മാടപ്പള്ളി ബ്ലോക്ക് പ്രസിഡന്റ് ശ്രീമതി ഈ.സി. അച്ചാമ്മ, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സണ്ണി മാത്യു ചങ്ങങ്കേരി, പ്രൊഫ. റ്റി.ജെ. മത്തായി, സിബിച്ചൻ തരകൻപ്പറമ്പിൽ, സണ്ണി ഇടിമണ്ണിക്കൽ, മിനി വിജയകുമാർ, സി. ജിസ് ലെറ്റ് എന്നിവർ പ്രസംഗിച്ചു.

## എയ്ഞ്ചൽസ് ഫെസ്റ്റ് (ഭിന്നശേഷിക്കാരുടെ ഉല്പന്ന മേള)

ഭിന്നശേഷി കുട്ടികളുടെ സ്വയംതൊഴിലിന്റെ ഭാഗമായി അവർ ഉദ്പ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ പ്രദർശനവും മേളയും ഓഗസ്റ്റ് 30, 31 തീയതികളിൽ തെങ്ങണ ഗുഡ് ഷെപ്പേഡ് സ്കൂളിൽ നടന്നു. ഡോ. റൂബിൾ രാജിന്റെ പ്രവർത്തനത്തിന് അകമഴിഞ്ഞ നന്ദി.

## ഓണാഘോഷം

പൊന്നോണത്തുമ്പികളെന്ന പേരിൽ 2017-ലെ ഓണാഘോഷം ജിമ്മി പടനിലം സെന്ററിൽ ആഘോഷിച്ചു. ചാരിറ്റി വേൾഡും ചങ്ങനാശേരി ജനമൈത്രി പോലീസും സംയുക്തമായി നടത്തിയ ആഘോഷം ഭിന്നശേഷിക്കാരായ മക്കൾക്കും അവരുടെ മാതാപിതാക്കൾക്കും ഉണർവും ആവേശവും നൽകി. ജനമൈത്രി പോലീസിന്റെ ഉദാരതയാൽ ഓണസദ്യയും നടന്നു. ചങ്ങനാശേരി മ്യൂസിക്ക് ക്ലബിന്റെ നേതൃത്വത്തിൽ ഗാനമേളയും തുടർന്ന് മൽസരങ്ങളും സംഘടിപ്പിച്ചു.

## കേരള ഗവൺമെന്റ് അംഗികാരം ലഭിച്ചു

ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെ ഭിന്നശേഷിക്കാർക്കുള്ള ജിമ്മി പടനിലം സെന്ററിന് കേരള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ ഔദ്യോഗിക അംഗീകാരം ലഭിച്ചു. 2016 ജനുവരി 1-ാം തീയതി 8 ഭിന്നശേഷിക്കാരായ യുവജനങ്ങളുമായി ജിമ്മി പടനിലം സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നു. ഇപ്പോൾ 30 കുട്ടികളുടെ വൊക്കേഷണൽ ട്രെയിനിങ്ങ് നടത്തുന്നു. 2017 സെപ്റ്റംബർ 14-ാം തീയതിയാണ് ഔദ്യോഗിക അംഗികാരം ലഭിച്ചത്.

## പാലിയേറ്റീവ് കെയർ-കിടപ്പുരോഗികൾക്കായ് ഓണക്കിറ്റ്

പാലിയേറ്റീവ് കെയറിന്റെ ആഭിമുഖ്യത്തിൽ ഓണം പ്രമാണിച്ച് കിടപ്പുരോഗികളായവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും ഓണക്കിറ്റ് നൽകുകയും ചെയ്തു.

സാന്ത്വനപരിചരണ പദ്ധതിയുടെ ഭാഗമായി മാടപ്പള്ളി, കണ്ണൻച്ചിറ, ചീരംഞ്ചിറ, ചങ്ങനാശേരി, എന്നിവിടങ്ങളിൽ ഹോം കെയർ നടത്തി 6 രോഗികളെ സന്ദർശിച്ചു.

## ഓണാഘോഷവും മെറിറ്റ് ഈവനിംഗും

ചങ്ങനാശേരി അതിരൂപത DCMS ന്റെയും പോഷകഘടകങ്ങളായ DCVS, DCYL എന്നിവയുടെയും സംയുക്താഭിമുഖ്യത്തിൽ ഓണാഘോഷവും മെറിറ്റ് ഈവനിംഗും 2017 സെപ്തംബർ 9 ന് രാവിലെ 9 മുതൽ വൈകിട്ട് 4 മണിവരെ ചങ്ങനാശേരി എസ്.ബി. ഹൈസ്കൂളിൽ നടന്നു.

രാവിലെ 9-ന് രജിസ്ട്രേഷനും തുടർന്ന് ഓണാഘോഷത്തിന്റെ ഭാഗമായി കലാപരിപാടികളും വിവിധതരം മത്സരങ്ങളും നടന്നു. ഉച്ചയ്ക്ക് ഒരുമണിക്ക് ഓണസദ്യയും നടന്നു. 3 മണിക്കു നടന്ന പൊതുസമ്മേളനം അഡ്വ. ബിന്ദു എം. തോമസ് (മെമ്പർ സംസ്ഥാന മൈനോരിറ്റി കമ്മീഷൻ) അംഗം സമ്മേളനം ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങി വിജയിച്ച കുട്ടിക്ക് DCYL ന്റെ നേതൃത്വത്തിലുള്ള സ്വർണ്ണ മെഡൽ അഡ്വ. ബിന്ദു എം. തോമസ് വിതരണം ചെയ്തു.

എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി, പിജി പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് DCMS ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി ക്യാഷ് അവാർഡ് വിതരണം ചെയ്തു. DCMS ജന. സെക്രട്ടറി ശ്രീ. റ്റോമി മംഗലത്ത്, DCVS പ്രസിഡന്റ് ശ്രീമതി മിനി റോയി എന്നിവർ ആശംസയർപ്പിച്ചു. DCMS അതിരൂപതാ പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. ജെസ്റ്റിൻ കായംകുളത്തുശ്ശേരി സ്വാഗതവും DCYL പ്രസിഡന്റ് കുമാരി സ്വാതി സി.എം. കൃതജ്ഞതയും അർപ്പിച്ചു. ഓണാഘോഷ പരിപാടികൾക്ക് ഷൈജു ജോസഫ്, സ്വാതി സി. എം., സോബിൻ ജോർജ്, നിധിൻ ജോസഫ്, ശ്യാം, അനിത എന്നിവർ നേതൃത്വം നൽകി.

സ്നേഹപൂർവ്വം,

**റ്റോമി മംഗലത്ത്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നാം നമ്മുടെ ഈശോനാഥനെ അനുഗമിക്കുന്നവരാകണമെങ്കിൽ "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" എന്ന നാഥന്റെ വാക്യവും "എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" എന്നുള്ള മിശിഹാനാഥന്റെ വാക്യത്തിന്റെയും അർത്ഥം അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കുന്നവരായിരിക്കണം. ദൈവവും മനുഷ്യനും തമ്മിൽ കണ്ടുമുട്ടുന്ന ഒരു വേദിയായാണല്ലോ ആരാധന. നമ്മുടെ സൊസൈറ്റി ആരാധകരുടെ ഒരു കൂട്ടായ്മയാണ്.

ഈ ചിന്തയിലാണ് നാം സഭയെ മനസിലാക്കേണ്ടത്. സഭ എന്നാൽ വിശ്വാസികളുടെ ഒരു കൂട്ടായ്മയാണ്. അതുപോലെതന്നെ സഭ ദൈവജനമാണെന്നും രണ്ടാം വത്തിക്കാൻ സൂനദഹദോസ് പ്രഖ്യാപിച്ചിട്ടുണ്ട്. അതായത് തുല്യ പങ്കാളിത്തമുള്ള, തുല്ല്യ ഉത്തരവാദിത്വമുള്ള, തുല്യഅവകാശമുള്ള വിശ്വാസികളുടെ സമൂഹം.

വിശ്വാസമെന്താണെന്നുകൂടി ചിന്തിക്കുന്നത് കൂടുതൽ ഉചിതമായിരിക്കും. "പ്രത്യാശിക്കുന്നതു ലഭിക്കുമെന്നുള്ള ഉറപ്പും, കാണപ്പെടാത്തത് ഉണ്ടെന്നുള്ള ബോധ്യവുമാണ് വിശ്വാസം. ഇതിൽ പ്രത്യാശയെന്നത് ദൈവരാജ്യം അഥവാ സ്വർഗ്ഗരാജ്യം ലഭിക്കുമെന്നുള്ള ഉറപ്പാണ്. ഇവിടെ നാം പ്രത്യേകം മനസിലാക്കേണ്ട ഒരുകാര്യം ദൈവത്തെ ആരും കണ്ടിട്ടില്ല. സഹോദരനെ സ്നേഹിക്കാത്തവനിൽ ദൈവസ്നേഹം കുടികൊള്ളുന്നില്ല. സഹോദരനെ സ്നേഹിക്കുന്നവനു മാത്രമേ ദൈവത്തെ ദർശിക്കുവാൻ സാധിക്കുകയുള്ളൂ.

ഇവിടെയാണ് വിൻസെൻഷ്യൻ കുടുംബത്തിൽ വിശ്വാസികളുടെ പങ്കാളിത്തത്തെ ദർശിക്കുവാൻ കഴിയുന്നത്. വിശ്വസിക്കുന്നവർ എല്ലാവരും ഒറ്റ സമൂഹമാകുകയും, ഏകമനസ്സോടെ അനുദിനം ദൈവാലയത്തിൽ വിശുദ്ധ കുർബാനയിൽ പങ്കുചേരുകയും, ഭവനംതോറും സാഹോദര്യമനോഭാവത്തോടെ സന്ദർശിക്കുകയും, ഉള്ളവരിൽനിന്നും സന്മനസുള്ളവരിൽനിന്നും സ്വീകരിച്ച് ഇല്ലാവരുമായി പങ്കുചേരുകയും ചെയ്യുന്ന പ്രക്രിയയാണ് പങ്കാളിത്തം. ഈ ബോധ്യമാണ് യഥാർത്ഥ വിൻസെൻഷ്യൻ പ്രവർത്തകന്റെ മുഖമുദ്ര.

സാധാരണ മനുഷ്യൻ എന്തിനേയോ എത്തിപ്പിടിക്കണം, എവിടെയോ എത്തിച്ചേരണം എന്നതിലുള്ള നെട്ടോട്ടത്തിലാണ്. അവിടെ വിശ്വാസിയെന്നോ, അവിശ്വാസിയെന്നോ ഉള്ള വ്യത്യാസമില്ല. പക്ഷേ നാം എത്തിച്ചേരേണ്ടത് വചനം തന്നെയായ മിശിഹായിലേയ്ക്കാണ്. ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല, പ്രത്യുതാ നീതിയും സമാധാനവും പരിശുദ്ധാത്മാവുമായുള്ള

*ശേഷം പേജ് 71–ൽ*

പ്രിയ സഹോദരരെ,

"നാഥാ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ" ഫ്രാൻസിസ്ക്കൻ ദർശനത്തിന്റെ മാനിഫെസ്റ്റോയാണ് സമാധാന പ്രാർത്ഥന. അഴിമതിയും, ചൂഷണവും മൂലം കീറിമുറിഞ്ഞ ലോകത്തിന് ജീവന്റെ സന്ദേശം പകരുന്ന ഒരു സങ്കീർത്തനമായി അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ ജീവിതവും വിശുദ്ധിയും ജനകീയവൽക്കരിക്കപ്പെട്ടിട്ടുണ്ട്. അനവദ്യസുന്ദരമായ ആ കാവ്യ ശില്പം ഫ്രാൻസിസ്കൻ ചൈതന്യത്തിന്റെ ഗിരിപ്രഭാഷണമത്രെ. അതിന്റെ ഏറ്റവും സുന്ദരമായ ഈ രൂപരേഖ ഫ്രാൻസിസ്ക്കൻ ജീവിതത്തിന്റെ ജീവത്തായ ആവിഷ്ക്കരണമാണ്. വി. ഫ്രാൻസിസിനെ സ്മരിക്കുകയും പ്രാർത്ഥിക്കുകയും, തിരുനാൾ ആചരിക്കുകയും ചെയ്യുന്ന ദിവസങ്ങളാണല്ലോ കടന്നുവരുന്നത്. തിരുനാൾ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നുതോടൊപ്പം നൊവേന പ്രാർത്ഥനയുടെ ഒരുക്കത്തിൽ എല്ലാ ഭ്രാതൃത്വങ്ങളിലും തിരുനാൾ വിപുലമായി ആഘോഷിച്ചു എന്നു കരുതുന്നു. ഫ്രാൻസിസ്ക്കൻ മൂന്നാം സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം ഒക്ടോബർ നവംബർ മാസങ്ങൾ വളരെ സുപ്രധാനങ്ങളാണല്ലോ. ഒക്ടോബർ 18-ാം തീയതി വി. ഫ്രാൻസീസ് അസ്സീസിയുടെ അതിരൂപതാതല തിരുനാളും, SFO അതിരൂപതാ വാർഷികവും, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ കുറുമ്പനാടം പള്ളിയിൽ പാലാക്കുന്നേൽ വല്യച്ചനിൽ നിന്നും 1868-ൽ മൂന്നാം സഭയുടെ സഭാവസ്ത്രവും ചരടും സ്വീകരിച്ചതിന്റെ 150-ാം വർഷ (ശതോത്തരസുവർണ്ണ ജൂബിലി) ആഘോഷത്തിന്റെ തിരിതെളിക്കലും, നവംബർ 1-ാം തീയതി ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 109-ാം വാർഷികാചരണവും നടത്തുകയാണല്ലോ. നമ്മുടെ എല്ലാ ആഘോഷങ്ങളും പ്രവർത്തനങ്ങളും ഈശോയുടെ തൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് ഫ്രാൻസിസ്ക്കൻ ചൈതന്യത്തിൽ എളിമയിലും, സാഹോദര്യത്തിലും നടത്തുവാൻ നമുക്ക് ഒത്തൊരുമയോടെ പരിശ്രമിക്കാം.

**വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളും, SFO അതിരൂപതാ വാർഷികവും, ശതോത്തര സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും**

ഈ വർഷത്തെ വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളും SFO അതിരൂപതാ വാർഷികവും, ശതോത്തര സുവർണ്ണ ജൂബിലിയുടെ ഉദ്ഘാടനവും 2017 ഒക്ടോബർ 18-ാം തീയതി ബുധനാഴ്ച കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ പള്ളിയിൽ നടത്തുകയാണ്. രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് വി. ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗ്ഗീയ പ്രവേശന അനുസ്മരണ പ്രാർത്ഥനാ (Transitus) ശുശ്രൂഷയ്ക്കുശേഷം ബഹു. വികാരി

വെരി റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ തിരുനാൾ കൊടിയേറ്റ് നടത്തും. 10 മണിക്ക് സെമിനാർ ആരംഭിക്കുന്നു. "കുടുംബജീവിതം ഫ്രാൻസിസ്കൻ പാതയിൽ" എന്ന വിഷയത്തിൽ റവ. ഫാ. അലക്സാണ്ടർ കിഴക്കേക്കടവിൽ OFm. Cap ക്ലാസ്സെടുക്കുന്നു. തുടർന്ന് SFO യുടെ വാർഷിക പൊതുസമ്മേളനം പ്രസിഡന്റ് ബ്ര. സിബിച്ചൻ സ്രാങ്കന്റെ അദ്ധ്യക്ഷതയിൽ ആരംഭിക്കും. SFO അതിരൂപതാ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജോമോൻ ആശാംപറമ്പിൽ OFm. Cap സ്വാഗതം ആശംസിക്കുന്നതും അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് SFO വാർഷിക സമ്മേളനത്തിന്റെയും ശതോത്തര സുവർണ്ണജൂബിലിയുടെ ആരംഭം കുറിക്കലിന്റെയും ഉദ്ഘാടം നിർവ്വഹിക്കുകയും, ലോഗോ പ്രകാശനവും നടത്തുന്നതുമാണ്. കുറുമ്പനാടം ഫൊറോനാ വികാരി വെരി റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ മുഖ്യപ്രഭാഷണവും, റവ. സി. ഗൊരേത്തി FCC, ബ്ര. സി.റ്റി. തോമസ് ചിറയിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിക്കുകയും ചെയ്യും. പൊതുസമ്മേളന സമാപനത്തിൽ SFO അതിരൂപതാ വൈസ് പ്രസിഡന്റ് ബ്ര. പ്രമോദ് പി. ജോസഫ് കൃതജ്ഞത അർപ്പിക്കും. ഉച്ചഭക്ഷണത്തിനുശേഷം 2 മണിക്ക് കോട്ടയം സെന്റ് ജോസഫ് കപ്പൂച്ചിൻ പ്രൊവിൻസിന്റെ വൈസ് പ്രൊവിൻഷ്യാൾ വെരി റവ. ഫാ. ജോർജ്ജ് ആന്റണി OFm. Cap ന്റെ മുഖ്യകാർമ്മികത്വത്തിൽ തിരുനാൾ കുർബാനയും സന്ദേശവും തുടർന്ന് ആഘോഷമായ പ്രദക്ഷിണവും ഉണ്ടായിരിക്കും. വാർഷികത്തിന്റെ വിശദവിവരങ്ങൾ അടങ്ങിയ നോട്ടീസ് ഓരോ അംഗങ്ങളുടെയും കയ്യിൽ എത്തുന്നതായിരിക്കും. ഓരോ ഭ്രാതൃത്വങ്ങളിലെയും മുഴുവൻ അംഗങ്ങളുടെയും സാന്നിധ്യ സഹകരണങ്ങൾ ആദ്യന്തം ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു. തിരുനാളിന്റെയും, വാർഷികത്തിന്റെയും, ശതോത്തര സുവർണ്ണജൂബിലി ആഘോഷങ്ങളുടെയും വിജയത്തിനായി ഓരോരുത്തരുടെയും പ്രാർത്ഥനയും സഹകരണവും യാചിക്കുന്നു.

### ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 109-ാം ചരമവാർഷികാചരണം

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 109-ാം ചരമവാർഷികാചരണം 2017 നവംബർ 1-ാം തീയതി വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നു. നവംബർ 1-ാം തീയതി രാവിലെ 6, 7.45, 10, 11.30 എന്നിങ്ങനെ വി. കുർബാനയും കബറിടത്തിങ്കൽ ഒപ്പീസും ഉണ്ടായിരിക്കും. എടത്വാ ഫൊറോനയിലെ വിവിധ ഇടവകകളായ പച്ച, തായങ്കരി എന്നിവടങ്ങളിൽ നിന്നും കേരളത്തിന്റെ വിവിധ രൂപതകളിൽ നിന്നുമുള്ള SFO അംഗങ്ങൾ നയിക്കുന്ന തീർത്ഥാടന പദയാത്രയും, ജപമാലറാലിയും കബറിടത്തിങ്കൽ 11.30ന് എത്തിച്ചേരുന്നു. 12.30 മുതൽ 2 മണിവരെ നേർച്ചഭക്ഷണവും ക്രമീകരിച്ചിരിക്കുന്നു. പരിപാടികളുടെ വിശദമായ നോട്ടീസ് എത്തിക്കുന്നതായിരിക്കും.

**നിര്യാതരായി**

പാറേൽ സെന്റ് മേരീസ് ഭ്രാതൃത്വാംഗം കല്ലറയ്ക്കൽ വടക്കേപറമ്പിൽ എത്സമ്മ ഡൊമിനിക്കിന്റെ ഭർത്താവ് കെ.ഡി. ഡൊമിനിക് (86) നെടുങ്കുന്നം ഫൊറോനാ ഭ്രാതൃത്വാഗം തെങ്ങുംമൂട്ടിൽ ഫിലിപ്പ് മാത്യുവിന്റെ മകൻ ക്രിസ്റ്റി മാത്യു (24) എന്നിവർ നിര്യാതരായി SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും ഒപ്പീസ് പ്രാർത്ഥന നടത്തുകയും മൃതസംസ്കാരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമെ!

ഒക്ടോബർ 18-ാം തീയതി അതിരൂപതാ വാർഷികവും വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളും, ശതോത്തര സുവർണ്ണജൂബിലി ആരംഭവും പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 109-ാം ചരമവാർഷികാചരണവും ഓർമ്മയിലിരിക്കട്ടെ! ഒരിക്കൽകൂടി തിരുനാൾ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്,

സ്നേഹത്തോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ** OFM.Cap.
SFO അതിരൂപതാ Spiritual Assistant

---

*വിൻസെൻഷ്യൻവേദി പേജ് 68-ൽ നിന്ന് തുടർച്ച*

സന്തോഷവുമാണ്. ഇപ്രകാരം ദൈവത്തെ ശുശ്രൂഷിക്കുന്നവർ ദൈവത്തിനു സ്വീകാര്യനും മനുഷ്യർക്കു സുസമ്മതനുമാണ് (റോമാ 14:17-18). വിശ്വാസജീവിതം നയിക്കുന്ന വ്യക്തിയുമായി മാത്രമേ പങ്കുവയ്കുവാനും കൂട്ടായ്മയിൽ ജീവിക്കുവാനും സാധിക്കുകയുള്ളൂ. അങ്ങനെ സ്വയം വിശുദ്ധീകരിക്കുകയും മറ്റുള്ളവരെ വിശുദ്ധീകരിക്കുകയും ചെയ്യുക എന്നതും വിൻസെൻഷ്യൻ പ്രവർത്തനത്തിന്റെ അമൂല്യമായ ഒരു ഭാഗംകൂടിയാണ്.

വിൻസെൻഷ്യൻ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് നിയമാവലിക്കനുസൃതമായ പ്രവർത്തനത്തെയാണ് സൊസൈറ്റി വിഭാവനം ചെയ്യുന്നത്. ഇത് വിശ്വാസികളുടെ കൂട്ടായ്മയിലൂടെ പങ്കാളിത്തംവഴി നാം ആർജ്ജിച്ചെടുക്കണം. ഇതാണ് വിൻസെൻഷ്യൻ ചൈതന്യം.

നമ്മുടെ കൂട്ടായ ഓരോ പ്രവർത്തനങ്ങൾക്കും ദൈവകൃപ സമൃദ്ധമായി ലഭിക്കുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹത്തോടെ,

ഈശോയിൽ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

## റവ. ഫാ. ജോൺ പൊറ്റേടം മെമ്മോറിയൽ
# ബൈബിൾ സഭാചരിത്ര ക്വിസ് മത്സരം

പുന്നത്തുറ സെന്റ് തോമസ് സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ പുന്നത്തുറ വെള്ളാപ്പള്ളി പള്ളിയുടെ സ്ഥാപകനായ പുണ്യചരിതനായ പൊറ്റേടത്തിൽ ബഹു. ജോൺ അച്ചന്റെ 150-ാം ജന്മവർഷ അനുസ്മരണവും **19-ാം റവ. ഫാ. ജോൺ പൊറ്റേടം മെമ്മോറിയൽ അഖില കേരളാ ബൈബിൾ-സഭാചരിത്ര ക്വിസ് മത്സരവും 2017 നവംബർ 12 ഞായറാഴ്ച രാവിലെ 11 ന് പുന്നത്തുറ വെള്ളാപ്പള്ളി പാരീഷ് ഹാളിൽ** നടത്തപ്പെടുന്നു.

മത്സരക്കമ്മറ്റിക്കുവേണ്ടി,

**റവ. ഫാ. ജോസഫ് പുതിയാപറമ്പിൽ**
(വികാരി, സെന്റ് തോമസ് ചർച്ച് പുന്നത്തുറ)

**റവ. ഫാ. തോമസ് തെക്കേകൊട്ടാരം**
(പ്രസിഡന്റ്, പൊറ്റേടം കുടുംബയോഗം)

**മിനി ജോൺ കച്ചിമറ്റം-9846747263**
(സൺഡേസ്കൂൾ എച്ച്.എം. & കൺവീനർ)

**പ്രൊഫ. റ്റി.വി. തോമസ്**
(സെക്രട്ടറി പൊറ്റേടം കുടുംബയോഗം)

| മത്സരവിഷയങ്ങൾ | അദ്ധ്യായങ്ങൾ | |
|---|---|---|
| I. വി. മത്തായിശ്ലീഹായുടെ സുവിശേഷം | (1-9) | 35% |
| സുഭാഷിതങ്ങൾ | (21-31) | |
| വെളിപാട് | (4-9) | |
| **(പി.ഒ.സി. ബൈബിൾ)** | | |
| II. സഭയിലെ സ്വാതന്ത്ര്യ സമരവും സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളികളും | | 45% |
| ഭാരതസഭാചരിത്രം (വിപുലീകരിച്ച 4-ാം പതിപ്പ്) | (പേജ് 625-726) | |
| (റവ. ഫാ. ഡോ. സേവ്യർ കൂടപ്പുഴ) | | |
| III. റവ. ഫാ. ജോൺ പൊറ്റേടം മാർഗ്ഗദർശിയും മുന്നോടിയും | | 20% |
| (പ്രൊഫ. റ്റി.വി. തോമസ് , തോപ്പിൽ) | | |
| (പൊറ്റേടത്തിലച്ചന്റെ ജീവചരിത്രം ആവശ്യപ്പെട്ടാൽ എത്തിച്ചുതരുന്നതാണ്.) | | |

**സമ്മാനങ്ങൾ**



1-ാം സമ്മാനം 7000 രൂപയും എവർറോളിംഗ് ട്രോഫിയും
2-ാം സമ്മാനം 5000 രൂപയും എവർറോളിംഗ് ട്രോഫിയും
3-ാം സമ്മാനം 3500 രൂപയും എവർറോളിംഗ് ട്രോഫിയും
4-ാം സമ്മാനം 2500 രൂപ
5-ാം സമ്മാനം 1500 രൂപ

**ഒരു ടീമിൽ 2 അംഗങ്ങൾ (ഹയർ കോഴ്സ് ഉൾപ്പെടെ)**
**രജി. ഫീസ് 100 രൂപ**
**സി. ലിസ്സ് -8281687854, റോബി-9446120842**

***6 മുതൽ 10 വരെ സ്ഥാനക്കാർക്ക് ക്യാഷ് അവാർഡുകൾ***

മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.
സൺഡേസ്കൂൾ ഡയറക്ടറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
രാവിലെ 9 മണിക്ക് വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്.

**ഒരു സൺഡേസ്കൂളിൽനിന്ന് ഒന്നിൽ കൂടുതൽ ടീമുകൾക്ക് പങ്കെടുക്കാം.**

**(റൂട്ട്: കോട്ടയം-മണർകാട് പള്ളി-അയർക്കുന്നം-കിടങ്ങൂർ-പാലാ റൂട്ടിൽ പുന്നത്തുറ കുരിശുപള്ളി കവലയിൽ ഇറങ്ങുക)**

**ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയം**

ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയത്തിന്റെ സെപ്റ്റംബർ മാസത്തെ മീറ്റിംഗ് 10-09-2017 2.30 പി.എം. ന് വൈസ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പാറേൽ ലീജിയൻ ഹാളിൽ നടക്കുകയുണ്ടായി. 42 അംഗങ്ങൾ സന്നിഹിതരായിരുന്നു.

പ്രാരംഭപ്രാർത്ഥന ജപമാല എന്നിവയ്ക്കുശേഷം എൻ.പി. വത്സമ്മ കൂട്ടുമ്മേൽ ജ്ഞാനവായന നിയമഗ്രന്ഥം C19 ന്റെ സമ്മേളനവും അംഗത്വവും എന്ന ഭാഗം വായിച്ചു. സമ്മേളനത്തിനുള്ള സമയം കുറഞ്ഞുപോകരുത്. താമസിച്ചു വരികയോ നേരത്തെ പോകുകയോ അരുത് എന്നതായിരുന്നു മുഖ്യസാരം.

കമ്മീസിയത്തിലെ 25 പ്രസീദിയങ്ങളെ പ്രതിനിധീകരിച്ച് വന്നിരുന്ന എല്ലാ ഭാരവാഹികളേയും, പുതിയതായി സ്ഥാനമേറ്റ ചമ്പക്കര ലിറ്റിൽ ഫ്ളവർ ചർച്ച് ഭാരവാഹികളേയും, അതിരമ്പുഴ, കൂത്രപ്പള്ളി എന്നീ കൂരിയാകളിൽ നിന്നും വന്നവരേയും എൻ.പി. വത്സമ്മ മാതാവിന്റെ നാമത്തിൽ സ്വാഗതം ചെയ്തു.

സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി ആഗസ്റ്റ് മാസത്തെ പ്രവർത്തന റിപ്പോർട്ട് വായിച്ചു സഭ പാസ്സാക്കി. അതുപോലെ മുൻ ട്രഷറർ ജോസുകുട്ടി കരിങ്കണാമറ്റം ആഗസ്റ്റ് മാസത്തെ വരവു ചിലവു കണക്കുകൾ വായിച്ചു യോഗം പാസ്സാക്കി.

തുടർന്ന് സൈനിക ജപശൃംഖല ചൊല്ലി എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നശേഷം പ്രേഷിതരാജ്ഞി കുറുമ്പനാടം 2015 സെപ്റ്റംബർ മുതൽ 2016 സെപ്റ്റംബർ വരെയുള്ള റിപ്പോർട്ട് അവതരിപ്പിച്ചു. ഉഷകാലനക്ഷത്രം വേരൂർ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്ത വിവരം അറിയിച്ചു.

പിന്നീട് സ്പിരിച്ച്വൽ ഡയറക്ടർ റവ. ഫാ. ജോജോ പുതുവേലിൽ ആത്മീയപ്രഭാഷണം നടത്തി. മരിയൻ സൈനികർ എങ്ങനെ സെപ്റ്റംബർ സമ്മേളനം നടത്തണം. മരിയൻ സൈനികർ ദൈവമാതാവിനോട് പ്രദർശിപ്പിക്കുന്ന ഭക്തിയുടെ അടിസ്ഥാനം: മറിയം വഴി ഈശോയിലേക്ക് എന്നതാണ്. വി. കുർബാന, ജപമാല എന്നിവയുടെ പ്രാധാന്യം എല്ലാം സ്പിരിച്ച്വൽ ഡയറക്ടർ എന്നനിലയിൽ അച്ചൻ സംസാരിച്ചു.

സെപ്റ്റംബർ 3 ന് പുതുപ്പള്ളി പൂമറ്റം റോസറിമാതാ പ്രസീദിയത്തിൽ ഡയറക്ടർ അച്ചൻ പോകുകയും വി. ബലി അർപ്പിക്കുകയും ഇടവകക്കാരോട് ലീജിയനെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. പുതുപ്പള്ളിയിൽ വേറെ പ്രസീദിയങ്ങൾ ഇല്ലാത്തതുകൊണ്ട് അവർ തന്നെ അച്ചന്റെ സാന്നിദ്ധ്യത്തിൽ സെപ്റ്റംബർ സമ്മേളനം ആഘോഷിച്ചു.

12-09-2017 ൽ വാഴപ്പള്ളി സമാധാനത്തിന്റെ രാജ്ഞി, തുരുത്തി സകല വിശുദ്ധർ എന്നീ പ്രസീദിയങ്ങൾ വാഴപ്പള്ളി ഗത്സമൻ പള്ളിയിൽ അവിടുത്തെ വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് ആഘോഷിച്ചു.

02-09-2017 ചെത്തിപ്പുഴ തിരുഹൃദയ ദേവാലയത്തിൽ വടക്കേക്കര, കൂനന്താനം എന്നീ പ്രസീദിയങ്ങൾ ഒരുമിച്ച് സെപ്റ്റംബർ സമ്മേളനം നടത്തി.

16-09-2017 ൽ പാറേൽ ലീജിയൻ ഹാളിൽ പാറേൽ പള്ളി പ്രസീദിയങ്ങൾ, കുറുമ്പനാടം പ്രസീദിയങ്ങൾ ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് സെപ്റ്റംബർ സമ്മേളനം നടത്തി.

23-09-2017 ചീരഞ്ചിറ സെന്റ് ജോർജ്ജ് ചർച്ചിൽ അവിടുത്തെ വികാരി റവ. ഫാ. ജോസ് നിലവന്തറയുടെ അദ്ധ്യക്ഷതയിൽ ചീരഞ്ചിറ റോസാമിസ്റ്റിക്കാ, വെരൂർ പള്ളി പ്രസീദിയം, കൊടിനാട്ടുകുന്ന് പള്ളി പ്രസീദിയം വളരെ ആഘോഷമായ കലാപരിപാടികളോടുകൂടി സെപ്റ്റംബർ സമ്മേളനം ആഘോഷിച്ചു.

എല്ലാ സെപ്റ്റംബർ സമ്മേളനങ്ങളിലും കമ്മീസിയം ഭാരവാഹികളും സ്പിരിച്ചൽ ഡയറക്ടർ അച്ചനും സന്നിഹിതരായിരുന്നു. പാറേൽ, ചീരഞ്ചിറ, ചെത്തിപ്പുഴ, പൂമറ്റം എന്നീ സമ്മേളനങ്ങളിൽ റവ. ഫാ. ജോജോ പുതുവേലിൽ മുഖ്യ പ്രഭാഷണം നടത്തി.

ദൈവമാതാവിന്റെ ജനനതിരുനാളിനോട് അനുബന്ധിച്ച് സെപ്റ്റംബർ മാസത്തിൽ ഒരു സ്ഥലത്തുള്ള പല പ്രസീദിയങ്ങൾ ഒരുമിച്ച് സൈനികർ അല്ലാത്തവരേയും ക്ഷണിച്ചുകൊണ്ട് നടത്തുന്ന സൈനിക ശാഖാഘോഷമാണ് സെപ്റ്റംബർ സമ്മേളനമായി ആഘോഷിക്കുന്നത്.

തുടർന്ന് ചെറിയൊരു ചായ സൽക്കാരത്തിനുശേഷം സമാപന പ്രാർത്ഥനയും ഫ്രാങ്ക്ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുവാനുള്ള പ്രാർത്ഥനയും ചൊല്ലി ബഹുമാനപ്പെട്ട അച്ചന്റെ ആശീർവാദത്തോടുകൂടി പരസ്പരം സ്തുതിയും കൊടുത്ത് സൈനികർ സ്വഭവനങ്ങളിലേക്കു പോയി.

**ഒക്ടോബർ മാസത്തെ പ്രോഗ്രാം**

ജപമാല റാലി ഒക്ടോബർ 22 ന് 2 മണിക്ക് വേരൂർപള്ളിയിൽനിന്നും പാറേൽപള്ളിയിലേക്ക്. നയിക്കുന്നത് റവ. ഫാ. ജോജോ പുതുവേലിൽ. ഏവർക്കും സ്വാഗതം.

കമ്മീസിയത്തിനുവേണ്ടി,

| | |
|---|---|
| **റവ. ഫാ. ജോജോ പുതുവേലിൽ** | **സി. ജെമിനി സുരേഷ് ജെ.** |
| ആദ്ധ്യാത്മിക നിയന്താവ് | കണ്ണമ്പള്ളി (സെക്രട്ടറി) |

122

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ: സഭാശുശ്രൂഷകൻ

**(തിരുവചനഭാഗം: മർക്കോ 12,1-44)**

വി. മർക്കോസിന്റെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായത്തിലെ അഞ്ചു പ്രബോധനങ്ങളാണ് നാം വിചിന്തനത്തിനു വിധേയമാക്കുന്നത്: 1. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ (12,1-12); 2. നികുതിയെപ്പറ്റിയുള്ള പ്രബോധനം (12,13-17); 3. പുനരുത്ഥാനത്തെക്കുറിച്ചുള്ള പ്രബോധനം (12,18-27); 4. സുപ്രധാന കല്പനകൾ (12,28-34); 5. വിധവയുടെ സമർപ്പണം (12,41-44). ഇവ ജറുസലേമിൽവച്ച് ഈശോയും യഹൂദനേതാക്കളും തമ്മിലുണ്ടായ വിവാദങ്ങളും വാഗ്വാദങ്ങളുമാണ്.

ആരംഭത്തിൽ കൊടുത്തിരിക്കുന്ന മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ വ്യക്തമാക്കുന്നതുപോലെ യഹൂദനേതാക്കന്മാരിൽനിന്നും എടുത്തുമാറ്റപ്പെട്ട ദൈവജനനേതൃത്വം പുതിയ ദൈവജനമായ സഭാനേതൃത്വത്തിനാണ് നല്കപ്പെടുന്നത്. ഈശോയുടെ ഉത്ഥാനത്തോടുകൂടി ഉപേക്ഷിക്കപ്പെട്ട കല്ലിനെ മൂലക്കല്ലാക്കിക്കൊണ്ട് (12,10) ദൈവം പണിയുന്ന ദൈവാലയമാണല്ലോ ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ സഭ. അതുകൊണ്ട് സഭാനേതൃത്വം വഹിക്കുന്ന പുരോഹിതർക്ക് ഈ പ്രബോധനങ്ങളിൽനിന്നും സന്ദേശമുൾക്കൊള്ളാൻ കഴിയും.

### 1. ഉത്തരവാദിത്വബോധത്തോടെ ശുശ്രൂഷ ചെയ്യുന്നവൻ

*"ഇനി മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ എന്തുചെയ്യും? അവൻ വന്ന് ആ കൃഷിക്കാരെ നശിപ്പിച്ച് മുന്തിരിത്തോട്ടം വേറെ ആളുകളെ ഏല്പിക്കും. ഈ വിശുദ്ധ ലിഖിതം നിങ്ങൾ വായിച്ചിട്ടില്ലേ? പണിക്കാർ ഉപേക്ഷിച്ച കല്ലുതന്നെ മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിന്റെ പ്രവൃത്തിയാണ്. നമ്മുടെ ദൃഷ്ടിയിൽ ഇത് അത്ഭുതകകരമായിരിക്കുന്നു" (12,9-11).*

ഉപമയിൽ മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ച മനുഷ്യൻ ദൈവമാണ്. ഇസ്രായേലാണ് മുന്തിരിത്തോട്ടം (സങ്കീ 80,8-19; ജറെ 2,21). പാട്ടകൃഷിക്കാർ ഇസ്രായേലിലെ നേതാക്കന്മാരും. ഏശയ്യാ 5,1-2 വികസിപ്പിച്ചുണ്ടാക്കിയിട്ടുള്ളതാണ് ഈ ഉപമ. ഇസ്രായേലാകുന്ന മുന്തിരിത്തോട്ടത്തിന്റെ സംരക്ഷണത്തിനും വളർച്ചയ്ക്കും ആവശ്യമായതെല്ലാം ഒരു കുറവുംകൂടാതെ ദൈവം നല്കി. ഇസ്രായേലിന് ആവശ്യമായ സ്വാതന്ത്ര്യവും ദൈവം നല്കി. തോട്ടത്തിന്റെ ഉടമയ്ക്ക്

പാട്ടക്കാർ വിളവെടുപ്പുകാലത്ത് വീഞ്ഞായോ മുന്തിരിയായോ പാട്ടം കൊടുക്കണമായിരുന്നു. ദൈവം തന്റെ അനുഗ്രഹങ്ങൾക്ക് ആനുപാതികമായി ഫലം പ്രതീക്ഷിക്കുന്നു. ഫലം ശേഖരിക്കാൻ ദൈവം അയച്ച ഭൃത്യർ പ്രവാചകന്മാരാണ്. ഇസ്രായേലിലെ നേതാക്കന്മാർ ദൈവത്തിന്റെ പ്രവാചകരെ നിരാകരിക്കുകയും പീഡിപ്പിക്കുകയും ചിലരെ കൊല്ലുകയും ചെയ്തു. പലരെ അയയ്ക്കുന്നത് ദൈവത്തിന്റെ നീണ്ട കാത്തിരിപ്പിന്റെയും ക്ഷമയുടെയും സഹനത്തിന്റെയും പ്രതീകമാണ്. അനുതാപത്തിലേക്ക് ഇസ്രായേൽജനത്തെ നയിക്കാൻ ദൈവം നിരന്തരം നടത്തിയ ശ്രമങ്ങളെയാണ് അതു സൂചിപ്പിക്കുന്നത് (ജറെ 3,11-14, എസ 16,59-63, ഹോസി 2,2; 14,20).

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമെന്ന നിലയിൽ സഭാംഗങ്ങൾക്ക് അവരുടെ ജീവിതനിയോഗം ഉത്തരവാദിത്വബോധത്തോടെ നിർവഹിക്കുവാനും ക്രിസ്തീയജീവിതസാക്ഷ്യം നല്കുവാനും ധാർമ്മികമായ കർത്തവ്യമുണ്ട്. പലപ്പോഴും ക്രിസ്തീയജീവിതം വെറുമൊരു മതപരമായ ജീവിതമായിത്തീരുന്നുണ്ട്. സഭ മിശിഹായുടെ ശരീരവും സഭാംഗങ്ങൾ മിശിഹായുടെ ശരീരത്തിലെ അവയവങ്ങളുമാണ്. അതുകൊണ്ട് ജീവിക്കുന്ന മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനുള്ള ഉത്തരവാദിത്വം സഭാംഗങ്ങൾക്കുണ്ട്. ജീവിക്കുന്ന മിശിഹായെ ലോകത്തിനു കാണിച്ചുകൊടുക്കുവാനുള്ള ഉത്തരവാദിത്വം സഭയ്ക്കുണ്ടെങ്കിൽ സഭാശുശ്രൂഷകർക്ക് അപ്രകാരം സഭാസമൂഹത്തെ പടുത്തുയർത്തുവാനുള്ള ഉത്തരവാദിത്വമാണുള്ളത്. ഇപ്രകാരം ഉത്തരവാദിത്വബോധത്തോടെ സഭാസമൂഹത്തെ പടുത്തുയർത്തുവാനുള്ള ശുശ്രൂഷയാണ് പുരോഹിതർക്കുള്ളത്.

### 2. ദൈവസാദൃശ്യത്തിൽ സഭാംഗങ്ങളെ വളർത്തുന്നവൻ

*"അവർ അതു കൊണ്ടുവന്നപ്പോൾ അവൻ ചോദിച്ചു: ഈ രൂപവും ലിഖിതവും ആരുടേതാണ്? സീസറിന്റേത് എന്ന് അവർ പറഞ്ഞു. ഈശോ അവരോടു പറഞ്ഞു: സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുക. അവർ അവനെക്കുറിച്ചു വിസ്മയിച്ചു" (12,16-17).*

ജറുസലേമിലെത്തിയ ഈശോ നേരിടുന്ന രണ്ടാമത്തെ വിവാദമാണ് സീസറിനു നികുതികൊടുക്കുന്നതിനെപ്പറ്റിയുള്ള വിവാദം. ഈശോയെ കെണിയിൽപെടുത്താൻ കരുതിക്കൂട്ടി ഒരുങ്ങിയാണ് ഇപ്രാവശ്യം യഹൂദനേതാക്കൾ ഈശോയെ സമീപിച്ചത്. പരസ്പരം യോജിക്കാത്ത രണ്ടു വ്യത്യസ്ത ഗ്രൂപ്പുകാരെയാണ്, ഫരിസേയരും ഹേറോദേസ് പക്ഷക്കാരും ചേർന്ന ഒരു പ്രതിനിധിസംഘത്തെയാണ്, അവർ ഈശോയുടെ പക്കൽ അയയ്ക്കുന്നത്. ഫരിസേയർ നികുതി കൊടുക്കുന്നതിനെ എതിർക്കുന്നവരാണെങ്കിൽ, ഹേറോദേസ് പക്ഷക്കാർ നികുതി കൊടുക്കുന്നതിനെ അനുകൂലിക്കുന്നവരാണ്. നികുതി കൊടുക്കാൻ പറഞ്ഞാൽ ഫരിസേയർ എതിർക്കും. നികുതി കൊടുക്കണ്ട എന്നു പറഞ്ഞാൽ ഹേറോദേസ് പക്ഷക്കാർ എതിർക്കും. ഇപ്രകാരം ഈശോയെ ഒരു പ്രതിസന്ധിയിൽ എത്തിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ ഈശോ അവരുടെ കുതന്ത്രങ്ങളിൽപെടാതെ അവരുടെ ചോദ്യത്തിന് നല്ല മറുപടി കൊടുക്കുന്നു: "സീസറിന്റേത് സീസറിനും ദൈവത്തിന്റേത് ദൈവത്തിനും കൊടുക്കുക" (12,17). റോമാ ചക്രവർത്തിയുടെ രൂപമുള്ള നാണയം തീർച്ചയായും

അദ്ദേഹത്തിന് അവകാശപ്പെട്ടതാണ്. അതുപയോഗിക്കുന്നവർ അദ്ദേഹത്തിന്റെ അധികാരത്തെ അംഗീകരിക്കുന്നവരാകയാൽ അദ്ദേഹം ആവശ്യപ്പെടുന്ന കപ്പം കൊടുക്കണം. അതേസമയം ദൈവത്തിന്റേത് ദൈവത്തിനും കൊടുക്കണം എന്ന വസ്തുത അവരെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ഇവിടെ ഈശോ അവതരിപ്പിക്കുന്ന സുപ്രധാനമായ ഒരു ചിന്ത സീസറിന്റെ നാണയത്തിനു കൊടുകുന്ന നികുതിയും ദൈവത്തിനു നല്കേണ്ട ഭക്തിയും വേർതിരിച്ചുകാണണമെന്നാണ്. സീസറിന്റെ രൂപവും ലിഖിതവുമുള്ള നാണയം സീസറിന് അവകാശപ്പെട്ടതാണ്. എന്നാൽ ദൈവത്തിന്റെ ഛായയും സാദൃശ്യ വുമുള്ള മനുഷ്യൻ ദൈവത്തിന്റേതാണ് (ഉല്പ 1,26-27). അതുകൊണ്ട് മനുഷ്യ ജീവിതത്തിൽ സുപ്രധാനമായത് ദൈവത്തിന്റെ അവകാശങ്ങളാണ്. മനുഷ്യ രോടുള്ള കടപ്പാടുകളെ അവഗണിക്കാതെതന്നെ ദൈവത്തോടുള്ള കടപ്പാടുകൾ നിർവഹിക്കണം. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവ ത്തിന്റെ സാദൃശ്യത്തിലേക്ക് വളരേണ്ടവനാണ്. മനുഷ്യസൃഷ്ടി വിവരിച്ചു കൊണ്ട് വി. ഗ്രന്ഥം പറയുന്നത് ശ്രദ്ധിക്കുക: "ദൈവം അരുളിച്ചെയ്തു: നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം... അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു" (ഉല്പ 1,26-27). മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാൻ പദ്ധതിയിട്ട ദൈവം, സൃഷ്ടി ച്ചപ്പോൾ ഛായയിൽമാത്രം സൃഷ്ടിച്ചു. എന്തുകൊണ്ട്? ദൈവപുത്രത്വത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ സാദൃശ്യത്തിലേക്കു വളരണം. യോഹ ന്നാൻശ്ലീഹായുടെ ഒന്നാം ലേഖനം ഈ വളർച്ച സൂചിപ്പിക്കുന്നുണ്ട്: "നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നമുക്കറിയാം. അവിടുന്നു പ്രത്യക്ഷനാ കുമ്പോൾ നാം അവിടുത്തെപ്പോലെയാകും" (3,2). ദൈവസാദൃശ്യത്തിലേക്കുള്ള ഈ വളർച്ചയാണ് ദൈവികീകരണം അഥവാ വിശുദ്ധീകരണം. സഭയിൽ പുരോ ഹിതന്റെ ഏറ്റം പ്രധാനപ്പെട്ട ശുശ്രൂഷ ദൈവസാദൃശ്യത്തിലേക്കു മനുഷ്യനെ വളർത്തുന്ന വിശുദ്ധീകരണശുശ്രൂഷയാണ്.

### 3. അന്ത്യോന്മുഖമായ ആഭിമുഖ്യത്തിൽ സഭാസമൂഹത്തെ വളർത്തുന്നവൻ

*"മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നതിനെക്കുറിച്ച്, ദൈവം മുൾപ്പടർപ്പിൽനിന്നു മോശയോട് അരുളിച്ചെയ്തത് എന്താണെന്ന് മോശയുടെ പുസ്തകത്തിൽ നിങ്ങൾ വായിച്ചിട്ടില്ലേ? അവിടുന്നു പറഞ്ഞു: ഞാൻ അബ്രാഹത്തിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമാണ്. അവി ടുന്നു മരിച്ചവരുടെയല്ല, ജീവിക്കുന്നവരുടെ ദൈവമാണ്. നിങ്ങൾക്കു വലിയ തെറ്റുപറ്റിയിരിക്കുന്നു" (12,26-27).*

ജറുസലേമിൽ ഈശോ അഭിമുഖീകരിക്കുന്ന മൂന്നാമത്തെ വാഗ്വാദം പുന രുത്ഥാനത്തെക്കുറിച്ചാണ്. പുനരുത്ഥാനത്തിൽ വിശ്വസിക്കാത്ത സദുക്കായരാണ് ഇവിടെ ഈശോയെ സമീപിക്കുന്നത്. ഇവർ നിയമഗ്രന്ഥത്തിന്റെ ആധികാരി കതമാത്രമേ അംഗീകരിച്ചിരുന്നുള്ളു. പാരമ്പര്യമോ വിശുദ്ധഗ്രന്ഥത്തിലെ മറ്റു പുസ്തകങ്ങളോ അവർ അംഗീകരിച്ചിരുന്നില്ല. സ്വർഗരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുന്ന ഈശോയുടെ പ്രബോധനം തെറ്റാണെന്നു സ്ഥാപിക്കുവാനും

അങ്ങനെ ജനമദ്ധ്യത്തിലുള്ള ഈശോയുടെ സ്വീകാര്യതയെ ഇല്ലാതാക്കാമെന്നു കരുതിയുമാണ് ലെവിരേറ്റുനിയമം (നിയ 25,5-6) ഉദ്ധരിച്ചുകൊണ്ട് അവർ ഈ കുസൃതി ചോദ്യവുമായി ഈശോയെ സമീപിച്ചത്. എന്നാൽ അവരുടെ ചോദ്യം അസ്ഥാനത്താണെന്ന് ഈശോ സ്ഥാപിക്കുന്നു. പുനരുത്ഥാനാവസ്ഥ ഭൂമിയിലെ അവസ്ഥയല്ലെന്നും അവിടെ വിവാഹത്തിനു പ്രസക്തിയില്ലെന്നും അവിടുന്നു പറഞ്ഞു. മാത്രമല്ല, പുറ 3,6 ന്റെ വെളിച്ചത്തിൽ അവർ അംഗീകരിക്കുന്ന നിയമ ഗ്രന്ഥംതന്നെ പുനരുത്ഥാനത്തെ ന്യായീകരിക്കുന്നുണ്ടെന്നും ഈശോ തെളിയിക്കുന്നു.

ഈശോ പ്രഘോഷിച്ച സുവിശേഷം 'സ്വർഗരാജ്യ'ത്തിന്റെ സുവിശേഷമാണ് (മത്താ 4,17). അത് അവശ്യം അന്ത്യോന്മുഖമാണ്. സ്വർഗരാജ്യത്തിന്റെ സുവിശേഷപ്രഘോഷണമാണ് സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം. സഭാസമൂഹം സ്വർഗോന്മുഖമായ സുവിശേഷപ്രഘോഷണശേഷിയുള്ള സമൂഹമായിരിക്കണം. അല്ലെങ്കിൽ സഭയുടെ അസ്തിത്വത്തിന് പ്രസക്തിയില്ല. അതുകൊണ്ടു സഭാസമൂഹത്തെ അന്ത്യോന്മുഖമായ ആഭിമുഖ്യത്തിൽ വളർത്തുവാനുള്ള ദൗത്യമാണ് പുരോഹിതനുള്ളത്. "മരിച്ചവർക്കു പുനരുത്ഥാനമില്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. മിശിഹാ ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ് - നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'' (1 കൊറി 15,13-14). ഇന്നത്തെ കാലഘട്ടത്തിൽ ലൗകായതികത മനുഷ്യനെ വളരെയധികം സ്വാധീനിക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. മനുഷ്യകുലത്തിന്റെ കൂദാശയായിത്തീരേണ്ട സഭാസമൂഹത്തെ അന്ത്യോന്മുഖജീവിതത്തിന് സാക്ഷ്യം നല്കുന്ന ഒരു സമൂഹമായി നിലനിർത്തേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്. പുരോഹിതൻ അപ്രകാരം ജീവിക്കുകയും അങ്ങനെ ജീവിക്കാൻ തന്റെ സഭാസമൂഹത്തെ പരിശീലിപ്പിക്കുകയും ചെയ്യണം.

**4. സ്നേഹസമൂഹത്തിനു രൂപംകൊടുക്കുന്നവൻ**

*"ഈശോ പ്രതിവചിച്ചു: ഇതാണ് ഒന്നാമത്തെ കല്പന: ഇസ്രായേലേ, കേൾക്കുക! നമ്മുടെ ദൈവമായ കർത്താവാണ് ഏക കർത്താവ്. നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും, പൂർണാത്മാവോടും, പൂർണമനസ്സോടും, പൂർണശക്തിയോടുംകൂടെ സ്നേഹിക്കുക. രണ്ടാമത്തെ കല്പന: നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ഇവയേക്കാൾ വലിയ കല്പനയൊന്നുമില്ല" (12,29-31).*

ഒരു നിയമജ്ഞൻ ചോദിച്ച ചോദ്യത്തിന് ഈശോ മറുപടി കൊടുക്കുന്ന ഭാഗമാണിത്. "എല്ലാറ്റിലും പ്രധാനമായ കല്പന ഏതാണ്?" എന്ന ചോദ്യത്തിന് ഉത്തരമായി ഇസ്രായേൽ ദിവസവും രണ്ടുനേരം ചൊല്ലുന്ന 'ഷ്മാ പ്രാർത്ഥന'(നിയ 6,4-5)യുടെ ആദ്യവാക്യം ഉദ്ധരിച്ചുകൊണ്ട് ഈശോ മറുപടി പറയുന്നു. ഏകദൈവവിശ്വാസത്തെക്കുറിക്കുന്ന ആദ്യത്തെ ഭാഗം (നിയ 6,4) മത്തായി, ലൂക്കാ സുവിശേഷകന്മാരിൽ കാണുന്നില്ല. മുമ്പു ബഹുദൈവാരാധകരായിരുന്ന തന്റെ വായനക്കാരെ മുന്നിൽ കണ്ടുകൊണ്ടായിരിക്കാം മർക്കോസ് ഇത് ഉൾപ്പെടുത്തിയത്. ഒരേയൊരു ദൈവം മാത്രമേയുള്ളുവെന്നതാണ് നിയ 6,5-ാം വാക്യത്തിനാധാരം. ആ ഒരൊറ്റ ദൈവത്തെ, ആ ദൈവത്തെമാത്രം, പൂർണ

മായി സ്നേഹിക്കണം. നിയമജ്ഞൻ പരമപ്രധാനമായ ഒരു കല്പനയേ ആവശ്യപ്പെടുന്നുള്ളൂ. പക്ഷേ, ഈശോ രണ്ടെണ്ണമാണ് നല്കുന്നത്. രണ്ടാമത്തേതു കൂടാതെ ഒന്നാമത്തെ കല്പന പാലിക്കാൻ പറ്റില്ലെന്നാണ് ഇതു സൂചിപ്പിക്കുന്നത്. ദൈവസ്നേഹവും പരസ്നേഹവും അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തെ പിതാവായി അംഗീകരിക്കുന്ന വ്യക്തി പുത്രസഹജമായ സ്നേഹത്തോടെ അവിടുത്തെ സ്നേഹിക്കും. എല്ലാ മനുഷ്യരെയും പരസ്പര സഹോദരങ്ങളായി അംഗീകരിച്ച് അവരെയും സ്നേഹിക്കും. യഥാർത്ഥ ദൈവസ്നേഹമുള്ളിടത്ത് പരസ്നേഹവും യഥാർത്ഥ പരസ്നേഹമുള്ളിടത്ത് ദൈവസ്നേഹവുമുണ്ടായിരിക്കും.

ദൈവസ്നേഹവും പരസ്നേഹവുമാണ് സഭാസമൂഹത്തിന്റെ അടിസ്ഥാനപരമായ സവിശേഷത. സഭ ആത്യന്തികമായി ഒരു കുടുംബമാണ് എന്ന വസ്തുത മറക്കാൻ പാടില്ല. സഭയ്ക്കു പലരും പലപ്പോഴും ഒരു മതത്തിന്റെയോ സ്ഥാപനത്തിന്റെയോ പരിവേഷമാണ് നല്കുന്നത്. വിവിധ മതങ്ങളും മതാനുയായികളുമുള്ള ഒരു പശ്ചാത്തലത്തിൽ അപ്രകാരം സഭയെ കാണുക സ്വാഭാവികമാണ്. എന്നാൽ ഈശോ വന്നത് ഒരു മതം സ്ഥാപിക്കാനോ ഒരു സ്ഥാപനത്തിനു രൂപംകൊടുക്കാനോ അല്ല. മനുഷ്യകുലത്തെ പാപത്തിൽനിന്നും രക്ഷിക്കുവാനാണ്. പാപത്തിന്റെ ഫലമായി ദൈവത്തിന്റെ ഛായയും സാദൃശ്യവും നഷ്ടപ്പെടുത്തിയ മനുഷ്യകുലത്തിന് അതു വീണ്ടെടുത്തു നല്കുവാനാണ്. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ അതു സൂചിപ്പിക്കുന്നുണ്ട്. ലോകത്തിന്റെ പാപംനീക്കാൻ വന്ന ദൈവത്തിന്റെ കുഞ്ഞാടായ (1,29) ഈശോയെ സ്വീകരിച്ചവർക്കെല്ലാം, അവിടുത്തെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ അവകാശം നല്കി (1,12). ദൈവമക്കൾക്കടുത്ത പിതൃപുത്രബന്ധവും സാഹോദര്യവും ജീവിക്കുന്ന, ദൈവസ്നേഹവും പരസ്നേഹവും ജീവിക്കുന്ന, ദൈവമക്കളുടെ കുടുംബസ്വഭാവമാണ് സഭയ്ക്കുള്ളത്. ഈ രീതിയിൽ ഒരു സ്നേഹസമൂഹമായി സഭയെ കെട്ടിപ്പടുക്കുക എന്നതാണ് പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ ലക്ഷ്യം (ജഛ 6). അതുകൊണ്ട് പിതൃസഹജമായ സ്നേഹത്തോടെ സഭാശുശ്രൂഷ നിർവഹിച്ച് കുടുംബാരൂപിയിൽ സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ പുരോഹിതനു കഴിയണം.

### 5. ദാരിദ്ര്യചൈതന്യത്തിൽ സഭാസമൂഹത്തെ പരിശീലിപ്പിക്കുന്നവൻ

*"അവൻ ശിഷ്യന്മാരെ അടുത്തുവിളിച്ചു പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ ദരിദ്രവിധവ മറ്റാരെയുംകാൾ കൂടുതൽ ഭണ്ഡാരത്തിൽ നിക്ഷേപിച്ചിരിക്കുന്നു. എന്തെന്നാൽ, അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽനിന്നു സംഭാവന ചെയ്തു. ഇവളാകട്ടെ, തന്റെ ദാരിദ്ര്യത്തിൽനിന്ന് തനിക്കുണ്ടായിരുന്നതെല്ലാം, തന്റെ ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചിരിക്കുന്നു?" (12,43-44).*

വേദപണ്ഡിതർക്കെതിരെ ശക്തമായ വിമർശനം നടത്തിയ ഈശോ ഈ വചനഭാഗത്ത്, ഒരു വിധവ ദൈവാലയത്തിന്റെ നടത്തിപ്പിൽ സഹായിക്കാനായി തന്റെ എളിയ സംഭാവന നല്കുന്നതു കണ്ട്, തന്റെ ശിഷ്യന്മാരോട് അതിനെപ്പറ്റി പ്രശംസിച്ചുകൊണ്ടു സംസാരിക്കുന്നു. അവൾ ഭണ്ഡാരത്തിൽ നിക്ഷേ

പിച്ചത് രണ്ടു ചെമ്പുനാണയങ്ങളാണ്. ഒരു ചെമ്പുനാണയമെന്നത് റോമാസാമ്രാജ്യത്തിലെ ഒരു 'ലെപ്താ'ക്ക് തുല്യമായിരുന്നു. നൂറിലധികം ലെപ്താകൾ കൂടിയാലേ ഒരു 'ദേനാറാ' ആകുകയുള്ളു. ഒരു ദേനാറാ എന്നു പറയുന്നത് ഒരാളുടെ ഒരു ദിവസത്തെ കൂലിയാണ്. തീർച്ചയായും വളരെ ചെറിയ ഒരു തുകയാണ് വിധവയായ സ്ത്രീ നേർച്ചപ്പെട്ടിയിൽ നിക്ഷേപിച്ചത്. അത് അവസരമാക്കി ഈശോ ശിഷ്യരെ പഠിപ്പിക്കുകയാണ്. ഈശോ ശിഷ്യരെ അടുത്തുവിളിച്ചു എന്നതും "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" എന്ന ആമുഖവും സൂചിപ്പിക്കുന്നത് ഈശോ ഇവിടെ നല്കുന്ന പ്രബോധനത്തിന്റെ പ്രാധാന്യമാണ്. ധനികരുടെ ധാരാളിത്തവും വിധവയുടെ ഇല്ലായ്മയുമാണ് ഇവിടെ താരതമ്യം ചെയ്യപ്പെടുന്നത്. ധനികർ തങ്ങളുടെ സമ്പത്തിൽനിന്ന് വലിയ ഒരു തുക നല്കിയെന്നു പറയുമ്പോൾതന്നെ വിധവ അവൾക്കുണ്ടായിരുന്നതെല്ലാം സംഭാവനയായി നല്കിയെന്നാണ് സുവിശേഷകൻ പറയുന്നത്. ഉള്ളതെല്ലാം കൊടുക്കുന്നതിന് അവളെ പ്രേരിപ്പിച്ചത് ദൈവത്തിലും ദൈവത്തിന്റെ പരിപാലനയിലുമുള്ള അവളുടെ വിശ്വാസമാണ്; അവളുടെ ദാരിദ്ര്യചൈതന്യമാണ്.

സഭാസമൂഹങ്ങളിൽ ഉണ്ടായിരിക്കണമെന്നു ദൈവം പ്രതീക്ഷിക്കുന്നത് ഇപ്രകാരമുള്ള ദാരിദ്ര്യചൈതന്യമാണ്. ഈശോ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കണം എന്ന പുതിയ കല്പന പ്രാവർത്തികമാക്കണമെങ്കിൽ ഇപ്രകാരമുള്ള ദാരിദ്ര്യചൈതന്യം സഭാംഗങ്ങൾക്കുണ്ടാവണം. ആദിമസഭയിൽ ഈ ദാരിദ്ര്യചൈതന്യം വളരെ പ്രകടമായിരുന്നു: "വിശ്വസിച്ചവരെല്ലാവരും ഒറ്റ സമൂഹമാകുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു" (നട 2,44-45). ഈ ദാരിദ്ര്യചൈതന്യമുണ്ടെങ്കിലേ സ്നേഹത്തിന്റെ സാക്ഷ്യം കൊടുക്കുവാൻ സഭാസമൂഹങ്ങൾക്കു സാധിക്കുകയുള്ളു. ഈ ദാരിദ്ര്യചൈതന്യം പുരോഹിതൻതന്നെ ജീവിക്കുകയും അപ്രകാരം ജീവിക്കുവാൻ സഭാംഗങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യണം.

**ജീവിതസൂചിക**

1. മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനുതകുന്ന ജീവിതശൈലിയിൽ സഭാസമൂഹത്തെ പടുത്തുയർത്തുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
2. ദൈവികീകരണത്തിന് അഥവാ വിശുദ്ധീകരണത്തിന് പ്രഥമസ്ഥാനം നല്കുന്ന ഒരു ശുശ്രൂഷയാണോ ഞാൻ നിർവഹിക്കുന്നത്?
3. അന്ത്യോന്മുഖമായ ജീവിതം നയിക്കുവാൻ ഞാൻ പരിശ്രമിക്കുകയും അതിനായി ജനങ്ങളെ ഞാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ടോ?
4. പിതൃസഹജമായ സ്നേഹത്തോടെ ശുശ്രൂഷ ചെയ്ത് കുടുംബാരൂപിയിൽ ഇടവകാംഗങ്ങളെ വളർത്താൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. ദാരിദ്യചൈതന്യത്തിൽ ജീവിക്കുവാനും അപ്രകാരം ജീവിക്കുവാൻ ജനങ്ങളെ പഠിപ്പിക്കുവാനും ഞാൻ പരിശ്രമിക്കുന്നുണ്ടോ?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

ആഗസ്റ്റ്

25–31 കാക്കനാട് സിനഡിൽ സംബന്ധിച്ചു

27 രാവിലെ കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ കാനൻ നിയമ ഫാക്കൽറ്റിയുടെ ഉദ്ഘാടനത്തിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് കുന്നന്താനത്തു നടന്ന വിശുദ്ധകുർബാനയുടെ അസാധാരണ ശുശ്രൂഷകർക്കായി നടത്തപ്പെടുന്ന കോഴ്സിൽ സംബന്ധിച്ച് സന്ദേശം നൽകി. കുറുമ്പനാടം ഇടവകയിൽ ചെത്തി പ്പുഴയിൽ റ്റോമിച്ചന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ ദൈവാലയത്തിലെ കർമ്മ ങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

**സെപ്റ്റംബർ**

1 കാക്കനാട് സിനഡിൽ സംബന്ധിച്ചു

2 രാവിലെ കുന്നന്താനത്തു CLT ക്യാമ്പിൽ പങ്കെടുക്കുന്നവർക്കായി വി. കുർബാന യർപ്പിച്ചു. PPF ന്റെ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് തൃക്കൊടിത്താനം ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടന്ന DFC നേതൃത്വക്യാമ്പിൽ പങ്കെടുത്തു സന്ദേശം നൽകി. വാഴപ്പള്ളി മഠത്തിൽ സി. ജൂലിയറ്റ് SABS ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുറുമ്പനാടം ഫൊറോന ഇടവകയിൽ കിഴക്കേ ചെത്തി പ്പുഴയിൽ ബേബിച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

3 ഐക്കരച്ചിറ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

4 അരമനയിൽ നടന്ന ഓണാഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം, പുളിങ്കുന്ന് ഫൊറോനാ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് സന്ദേശം നൽകി. തുടർന്ന് ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

5 1967–68, 1968, 1969 വർഷങ്ങളിൽ പൗരോഹിത്യം സ്വീകരിച്ച ബഹു. അച്ചന്മാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

6 ഉച്ചകഴിഞ്ഞ് ബഹു. സി. മാർട്ടിൻ മേരി FCC യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

7 പുന്നമട ഇടവകയിൽ വി. കുർബാനയർപ്പണത്തിനുശേഷം അഡ്വ. ജോസഫിന്റെ വീട് വെഞ്ചരിപ്പിന് കാർമ്മികത്വം വഹിച്ചു. തത്തംപള്ളി ഇടവകാംഗമായ ചേലാ ത്തുപറമ്പിൽ ബിബുവിന്റെ (39) മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം അതിരമ്പുഴ ഇടവകയിൽ വിവാഹം ആശീർവ്വദിച്ചു.

8 രാവിലെ അരമനയിൽ മാർത്തോമ്മാ വിദ്യാനികേതനിലെ പൂർവ്വവിദ്യാർത്ഥികളോ ടൊപ്പം വി. കുർബാനയർപ്പിച്ച ശേഷം ബിരുദദാന ചടങ്ങിൽ അദ്ധ്യക്ഷതവഹി ച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

9 രാവിലെ വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുന്നവർക്കായി പാസ്റ്ററൽ സെന്ററിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ നടന്ന അഭി ഭാഷക സംഗമത്തിൽ പങ്കെടുത്തു. ചെത്തിപ്പുഴ പള്ളിയിൽ വിവാഹവാഗ്ദാന കർമ്മ ത്തിന് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരമ്പുഴ ഫൊറോനയിലെ വിവിധ ഇടവകകളിലെ പ്രതിനിധിയോഗാംഗങ്ങൾക്കായി സംഘടിപ്പിക്കപ്പെട്ട ഏകദിന സെമി

നാറിൽ സമാപന സന്ദേശം നൽകി. അതിരമ്പുഴ സ്കൂളിൽ പുതിയതായി നിർമ്മിച്ച അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും അതിരമ്പുഴ ഇടവകപള്ളിയിൽ ആരാധനാ കപ്പേളയുടെ വെഞ്ചരിപ്പും നിർവ്വഹിച്ചു.

10 ആലപ്പുഴ പുത്തനങ്ങാടി ഇടവകയിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം ചാരമംഗലം ഇടവകയുടെ ഇടവകദിനാഘോഷത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

11 ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ നടന്ന സിവിൽ സർവീസ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു,

12 തൃക്കൊടിത്താനം ഫൊറോന കൗൺസിലിന്റെ ഏകദിന സെമിനാറിൽ പങ്കെടുത്തു. അരമനയിലെ ബഹു. വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

13 അതിരൂപതാകേന്ദ്രത്തിൽ നടന്ന കൂരിയാ സമ്മേളനത്തിനു ശേഷം DFC യുടെ ആഭിമുഖ്യത്തിൽ  കോട്ടയം ചൈതന്യയിൽ നടന്ന സംസ്ഥാന നേതൃത്വ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ എസ്.ബി. ഹയർസെക്കന്ററി സ്കൂളിൽ നടന്ന അദ്ധ്യാപകദിനാഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം പുളിക്കൽകവല ഇടവകയുടെ ആഭിമുഖ്യത്തിൽ നടന്ന എക്യുമെനിക്കൽ മീറ്റിൽ പങ്കെടുത്തു സംസാരിച്ചു.

14 രാവിലെ ആലപ്പുഴ ആറാട്ടുവഴി ഇടവകാംഗമായ കോലത്ത് കെ.എസ്. തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കത്തീഡ്രൽ ഇടവകയിൽ വിവാഹം ആശീർവദിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം പ്രസ്ബിറ്ററൽ-പാസ്റ്ററൽ കൗൺസിലുകളുടെ വാർഷികദിനത്തോടനുബന്ധിച്ച് കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിക്കുകയും തുടർന്ന് സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു. നിരണം സെമിനാരി സന്ദർശിച്ച് വൈദിക വിദ്യാർത്ഥികളുമായി സംസാരിച്ചു.

15 രാവിലെ കത്തീഡ്രൽ ഇടവകാംഗമായ കടവിൽ ബേബി മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി SH സ്കൂളിൽ പുതുതായി ആരംഭിച്ച കമ്പ്യൂട്ടർ ലാബ്, മീഡിയറും എന്നിവ ആശീർവ്വദിച്ച് ഉദ്ഘാടനം ചെയ്തു. KCBC മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയത്തു നടന്ന സമ്മേളനത്തിൽ സംബന്ധിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മീൻകുളം ഇടവകാംഗമായ നമ്പിമഠം ബഹു. വർഗ്ഗീസ് അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വൈകുന്നേരം കുന്നന്താനത്തു നടന്ന Extra-ordinary ministers -ന്റെ  കോഴ്സ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു

16 രാവിലെ വി. കുർബാനയ്ക്കുശേഷം മുട്ടാർ ഇടവകയിൽ കാരുണ്യവർഷത്തിന്റെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. കോട്ടയം തെള്ളകം ഇടവകയിൽ വിവാഹം ആശീർവ്വദിച്ചു. കുറുമ്പനാടം ഇടവകാംഗമായ കപ്യാരുമലയിൽ മേരികുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുരിശുംമൂട് മീഡിയ വില്ലേജിൽ നടത്തിയ CSM ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥി -വിദ്യാർത്ഥിനികളെ സന്ദർശിച്ച് സന്ദേശം നൽകി. വൈകുന്നേരം കൂരോപ്പട ഇടവകയിൽ പുതുതായി നിർമ്മിച്ച പാരീഷ് ഹാളിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു.

17 തിരുമല തിരുഹൃദയ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വെള്ളായനിയിൽ പുതുതായി വാങ്ങിയ സ്ഥലം സന്ദർശിച്ചു. കണ്ണമൂല കുരിശുപള്ളിയിൽ പുതുതായി  നിർമ്മിച്ച അജപാലനകേന്ദ്രത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു.

18 ഉച്ചകഴിഞ്ഞ്  വിവാഹഒരുക്ക കോഴ്സിൽ സംബന്ധിക്കുന്നവരെ സന്ദർശിച്ച് സംസാരിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതി

രൂപതാകേന്ദ്രത്തിൽ എസ്.ബി. കോളേജിലെ ബഹു. വൈദികരും മാനേജരച്ചനു മൊത്ത് സംസാരിച്ചു.

19 ചമ്പക്കുളം ആരാധനാസന്ന്യാസസമൂഹാംഗങ്ങളുടെ ചാപ്പൽ പുനഃപ്രതിഷ്ഠയും മഠത്തിൽ പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പും നിർവ്വഹിച്ചു. ചെത്തി പ്പുഴ നഴ്സിംഗ് കോളേജിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. ആലപ്പുഴ സഹൃദയ ആശുപത്രിയിൽ ലഭിച്ച ആധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന ambulance സ്വീകരിച്ചു, തത്തംപള്ളി ഇടവക ദൈവാലയ തിരുനാളിനോടനുബന്ധിച്ച് വചന സന്ദേശം നൽകി.

20 രാവിലെ ചമ്പക്കുളം ഗാഗുൽത്താ പള്ളിയിൽ പ്രാരംഭകൂദാശ നൽകി. ഉച്ചയ്ക്ക് ഇത്തിത്താനത്തുള്ള വൈദിക മന്ദിരത്തിൽ (പ്രീസ്റ്റ് ഹോമിൽ) പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. കിടങ്ങറ ഇടവകയിൽ ഒറ്റകുടശ്ശേരി ചെറിയാൻ മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം ഇന്റർ ഡിപ്പാർട്ട്മെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

21 രാവിലെ അടൂരിൽ ബഹു. ജോൺ കൊച്ചുതുണ്ടത്തിലച്ചന്റെയും ബഹു. ജോർജ്ജ് കാലായിൽ അച്ചന്റെയും മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കൈനടി ഇടവക പള്ളിയിൽ തിരുനാൾ ദിനത്തോടനുബന്ധിച്ച് കൊടിയേറ്റി. വൈകുന്നേരം റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തോടനുബന്ധിച്ച് സംസാരിച്ചു.

22 ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കുന്നന്താനം സെഹിയോനിൽ നടന്ന ബഹു. സിസ്റ്റേഴ്സിനായി നടത്തപ്പെട്ട എക്ലേസിയ ഉദ്ഘാടനം ചെയ്തു.

23 തക്കല രൂപതയിലൂള്ള അഴകിയമണ്ഡപം FCC മഠത്തിലെ ബഹു. സിസ്റ്റേഴ്സിനെ സന്ദർശിച്ച് സംസാരിച്ചു. തുടർന്ന് തിരുവനന്തപുരം ബാലരാമപുരത്തു നടന്ന പാറശ്ശാല രൂപതയുടെ ഉദ്ഘാടനത്തിലും തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണത്തിലും പങ്കെടുത്തു.

24 രാവിലെ കുന്നന്താനം സെഹിയോനിൽ വി. കുർബാനയർപ്പിച്ച്, എക്ലേസിയയിൽ പങ്കെടുക്കുന്നവർക്ക് സഭാചരിത്ര ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് AKCC യുടെ ആഭിമുഖ്യത്തിൽ നടന്ന കരിദിനാചരണം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഇത്തിത്താനത്തുള്ള വൈദികമന്ദിരം (Priest Home) സന്ദർശിച്ച് ബഹു വൈദികരുമായി സംസാരിച്ചു.

25 രാവിലെ തുരുത്തി കാനായിൽ നടന്ന സിമ്പോസിയം ഉദ്ഘാടനം ചെയ്തു, വിഷയാവതരണത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

# മാർ തോമസ് തറയിൽ

**സെപ്റ്റംബർ**

1 കാക്കനാട് സിനഡിൽ പങ്കെടുത്തു.

2 കിടങ്ങറ സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പുതിയതായി നിർമ്മിച്ച ഭവനത്തിന്റെ ആശീർവ്വാദ കർമ്മം നടത്തുകയും ചെയ്തു. ഇത്തിത്താനം സെന്റ് മേരീസ് ദൈവാലയത്തിന്റെ നവീകരിച്ച മദ്ബഹ കൂദാശ ചെയ്തു.

3–30 റോമിൽ നടക്കുന്ന ബിഷപ്പ് കോൺഫറൻസിൽ പങ്കെടുത്തു.

## മാർ ജോസഫ് പവ്വത്തിൽ

**സെപ്റ്റംബർ**

02 നെടുങ്കുന്നം ഫൊറോനാ പള്ളിയിൽ യൂത്ത് കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

06 നിരണത്ത് വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.

08 മാർതോമ്മാവിദ്യാനികേതനിൽ കോൺവൊക്കേഷൻ ചടങ്ങിൽ പങ്കെടുത്തു.

09 കുറുമ്പനാടം അസംപ്ഷൻ പള്ളിയിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

എസ്. ബി. ഹൈസ്കൂളിൽ നടന്ന അതിരൂപതാ അഭിഭാഷക സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

12 കുമരകം നവനസ്രത്ത് പള്ളി ജൂബിലിയുടെ വി. കുർബാനമധ്യേ വചനസന്ദേശം നൽകി.

13 എസ്. ബി. ഹൈസ്കൂളിൽ കോർപറേറ്റ് മാനേജ്മെന്റിന്റ നേതൃത്വത്തിൽ നടന്ന അധ്യാപക ദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

14 കത്തീഡ്രൽ പള്ളിയിൽ പാസ്റ്ററൽ കൗൺസിൽ സ്ഥാപക ദിനത്തോടനുബന്ധിച്ച് വി. കുർബാനമധ്യേ വചനസന്ദേശം നൽകി.

15 കാഞ്ഞിരപ്പള്ളിയിൽ നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

17 നാൽപാത്തിമല സെന്റ് തോമസ് പള്ളിയിൽ അമ്മദിനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

19 കുറിച്ചി മൈനർ സെമിനാരിയിൽ ഒന്നാം വർഷ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു.

21 അസംപ്ഷൻ കോളേജ് ഓഡിറ്റോറിയത്തിൽ Mission League Archeparchial Council ഉദ്ഘാടനം ചെയ്തു. എസ്.ബി. ഹൈസ്കൂളിൽ അതിരൂപതാ ജാഗ്രതാ സമിതി സംഗമം ഉദ്ഘാടനം ചെയ്തു.

പൊടിപ്പാറ പള്ളിയിൽ തുരുത്തി ഫൊറോന സാക്ഷ്യപേടകപ്രയാണത്തിന്റ സമാപനത്തോടനുബന്ധിച്ചുള്ള പരിപാടികൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

ചെത്തിപ്പുഴ ഹോസ്പിറ്റലിൽ പുതിയ നേഴ്സിങ്ങ് ബാച്ചിന്റെ academic year ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

23 കുന്നന്താനത്ത് നടന്ന Ecclesia ൽ സന്ദേശം നൽകി.

# ENGAGEMENTS 2017 OCTOBER

**Mar Joseph Perumthottam**

**Metropolitan Archbishop of Changanacherry**

1 **6.00 a.m.** Pastoral Visit @ Vettithuruth
**6.00 p.m.** SH Parish Golden Jubilee Inauguration @ Chethipuzha, Chry.
**7.00 p.m.** Priests' Retreat Inauguration @ Kunnamthanam

2-6 Priests' Retreat @ Kunnamthanam

5 **12.15 p.m.** Food Fest c/o Vincent D Paul @ S B College

6 **6.30 a.m.** *Holy Qurbana* & Diaconate ordination of Br Thomas Vengasserry @ Abp's House
**7 p.m.** Major Seminarian's Gathering @ Abp's House

7 **9.30 a.m.** Priestly Ordination of Dn Joseph Poovelil @ Arattuvazhy
**2 p.m.** Palliative Care Archeparchial Inauguration @ Abp's House

8 Pastoral Visit @ Mannarkunnu
**7 p.m.** Priests' Retreat Inauguration @ Kunnamthanam

9-13 Priests' Retreat @ Kunnamthanam

9 **11a.m.** *Holy Qurbana* @ Cathedral

12 **12.15 p.m.** Reception to His Grace Dr. Philipose Mar Chrisostome Mar Thoma Valiya Metropolitan @ Abp's House
**7 p.m.** Reception to Richard Hay MP @ Abp's House

13 **6 p.m.** Monthly Visit @ Niranam Seminary

14 **6.30 a.m.** *Holy Qurbana* @ Punnathura
**9.45 a.m.***Prathinidhiyogam* of the Forane @ Thuruthy
**10.00 a.m.** Parents Day @ Minor Seminary, Kurichy
**2.15 p.m.** *Palliqudasa* @ Chunkappara

15 **8.30 a.m.** Foundation Stone Laying of the Parish Hall @ Poonthoppu, Alappuzha
**2.30 p.m.** AKCC Electoral College Orientation @ Abp's House

16- 21 Asian Bishops' Conference, Ecumenism & Inter religious Dialogue @ Bangkok

21 **6 p.m.** Pastoral Visit @ Kulathupuzha, Kollam- Ayoor

22 **6 a.m.** Pastoral Visit @ Edappalayam
**6 p.m.** LMCST Governing body Meet @ Lourdes, TVM

23 **2.30 p.m.- 4 p.m.** Visitors day

24 **10 a.m.** Presbyteral Council @ Abp's House

**2 p.m.** Media Festival @ Media Village

25 **6 p.m.** Inter Department Meeting @ Abp's House

26 Picnic

27 **6 p.m.** Presbytery Blessing @ Ettumanoor

28 **9.30 a.m.** *Palliquadasa* @ Chennamkary Lourdes Matha

**2 p.m.** Presbyteral-Pastoral Council Jubilee Celebration @ Abp's House

29 Pastoral Visit @ Karimpanakulam

30 Engaged

31 **10 a.m.** Batch Gathering (2016-'17, 2015-'16 Ordination Batches)

# ENGAGEMENTS

# 2017 OCTOBER

**Mar Thomas Tharayil**
**Auxiliary Bishop**

**1 to 5** Italy-Germany

6. **4.30 p.m.** *Qurbana* @ Chunkappara
**7.00 p.m.** Major Seminarians' Gathering

7 **9.15 a.m.** Priestly Ordination of Dn Joseph Poovelil @ Arattuvazhy
**10.00 a.m**. Vestition @ SD Changanacherry
**1.30 p.m.** Palliative Care Inauguration @ Sandesanilayam
**5.00 p.m.** Renovated Church Blessing and *Qurbana* @ Pullangady

8 **9.30 a.m.** *Raza* @ Kaliyikkavila, Annikkara St. Mathews Church
**2.30 p.m.** Visitors time

8-13 Priests'Retreat @ Kunnamthanam

9 **5.30 a.m.** *Qurbana* @ Cathedral
**6.30 a.m.** *Qurbana* @ FCC Kurumpanadam

11 **4.30 p.m.** *Qurbana* @ Kavalam St. Theresa's

12 **6.30 p.m.** *Qurbana* @ Ashabhavan, Ithithanam
**12.15 p.m.** Reception to His Grace Dr. Philipose Mar Chrisostome Mar Thoma Valiya Metropolitan @ Abp's House

13 **4.00 p.m.** *Qurbana* @ Ramapuram
**07.00 p.m.** Vadavathoor Youth Friends

14 **10.00 a.m.** Civil Service Academy TVM
**4.00 p.m.** Lourdes Women's Association

15 **8.00 a.m.** *Qurbana* @ Killi Daiva Paripalanabhavan
2.30 p.m. Grandparents meeting @ Philgiri

16 **6.30 a.m.** *Qurbana* @ Medical Mission Sisters Ayushya
**3.00 p.m.** Sacraments of Initiation @ Kainady
**6.00 p.m.** Regional Bishops Conference @ Kothamangalam

17 **6.00 p.m.** Regional Bishops Conference @ Kothamangalam

18 **11.30 a.m.** Franciscan Almaya Sabha @ Kurumpanadam St. Antony's
**2.00 p.m.** Trada
**2.30 p.m.** Visitors' time
**6.00 p.m.** Minor Seminary

19 **10.00 a.m.** Diaconate @ Thellakam
**4.00 p.m.** Marriage @ Kuravilangadu
20 **4.30 p.m.** *Qurbana* @ Vincentian Seminary, Mailady
21 **10.00 a.m.** Inter College Fest Inauguration @ St. Joseph College of Communication.
**11.00 am** Marriage @ Kidangara
**12.30 p.m.** *Qurbana* @ Parel
**5.00 p.m.** Reception & Holy *Qurbana* @ Fathimapuram
22 **9.00 a.m.** *Qurbana* @ Kesavadasapuram
**2.30 p.m.** Visitors time @ TVM
23 **3.00 p.m.** Seminarians' Gathering @ Karukutty
24 Engaged
25 **2.30 p.m.** Visitors time
**6.00 p.m.** Minor Seminary
26 Engaged
27 **7.00 a.m.** *Qurbana* @ Cathedral
**5.00 p.m.** *Qurbana* and @ Thakazhy-Viruppala
28 **10.00 a.m.** Pastoral Council Jubilee Meeting
**5.00 p.m.** *Qurbana* @ Kumaranalloor
29 **9.30 a.m.** *Kalkurisu* blessing @ Koolipura
**4.00 p.m.** Blessing of Auditorium @ Changamkary
30 **2.30 p.m.** Visitors time
31 Engaged

# ENGAGEMENTS

# 2017 OCTOBER

**Mar Joseph Powathil**
**Archbishop Emeritus**

01 **9.15 a.m.** Youth Convention @ Athirampuzha

02 **9.30 a.m.** Youth Convention @ Nedumkunnam

03 **9.30 a.m.** Minor Seminary

06 **7.00 p.m.** Major Seminarians' Gathering

07 **9.30 a.m.** Ordination Homily-Dn Joseph Poovelil @ Arattuvazhy

**3.00 p.m.** Palliative Care Inauguration @ Sandesanilayam

09 **3.00 p.m.** Homily-Mar Mathew Kavukattu @ Cathedral

10 **9.30 a.m.** Minor Seminary

12 **12.15 p.m.** Reception to His Grace Dr Philipose Mar Chrisostome Mar Thoma Valiya Metropolitan @ Abp's House

15 **9.00 a.m.** Class for Parents @ Muttar

17 **9.30 a.m.** Minor Seminary

18 **11.00 a.m.** *Kodiyettu* @ St.Jude Kottackapuram

20 **3.00 p.m.** Book release of Dr. Parackal @ Lourde Kottayam

22 **9.30 a.m.** Presbytery blessing @ Koolipura

24 **9.30 a.m.** Minor Seminary

29 **8.45 a.m.** Book release @ St. Antony's Kurumbanadom